


അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത്
വികസന രേഖ





9-ാം പദ്ധതിയുടെ
ഗ്രാമസഭാ ശുപാർശകൾ



"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു"

മഹാത്മാഗാന്ധി

ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി



വികസന റിപ്പോർട്ട്-96



അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത്



എഡിറ്റോറിയൽ ബോർഡ്

കുട്ടിയച്ചൻ കിഴക്കേൽ.
രാജൂ ചെമ്പിൻകുളം.
K. രാധാകൃഷ്ണൻ.
അപ്പച്ചൻ കിഴക്കേമുറി
K.F. ഫ്രാൻസീസ്.
P.D. മാത്യു.
ജോസഫ് കുര്യൻ തയ്യിൽ

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

R. സുരേന്ദ്രൻ
M.V.K പളനി സ്വാമി
വിജയമ്മ ജോസഫ്
അനിഴ കുമാരി വർഗ്ഗീസ്.
മേരിക്കുട്ടി അഗസ്റ്റിൻ
ദീപ ജോസ്.
പ്രതാപൻ കണിയാംപറമ്പിൽ
ജിജി വളച്ചുകെട്ടിയിൻ
രാജൻ ജോസഫ് കപ്പഴുമാക്കൽ
ബിജു മങ്ങാട്ട്.
മാമച്ചൻ തോണിക്കാവിൽ
തോമസ് കൊച്ചുകരോട്ട്
വിത്സൻ മണ്ണംഞ്ചേരിൽ
ആൻറണി കുഴിക്കാട്ട്.
A.L. ബാബു ആഞ്ഞിലിമൂട്ടിൽ
മാത്തുകുട്ടി അടിച്ചിലാംമാക്കൽ
ജോസ് തോമസ് പീടികമല


കവർ ഡിസൈനിംഗ്

ജോണി ഒമേഗാ
&
ജോസഫ് മോണോലിസാ


Type setting
&
Printing

Yamuna Press, Kottayam
Phone : 0481-578410, 572632


അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത്



പഞ്ചായത്ത് ഭരണ സമതി ഫോട്ടോ



K.J. കുട്ടിയച്ചൻ കിഴക്കേൽ
പ്രസിഡന്റ്




രാജു ചെമ്പൻകുളം
വൈസ് പ്രസിഡന്റ്



വിജയമ്മ ജോസഫ്
കിഴക്കേമുപ്പാത്തിയിൽ
ചെയർപേർസൻ സ്റ്റാൻഡിംഗ് കമ്മറ്റി




R. സുരേന്ദ്രൻ
IV വാർഡ് മെംബർ



M.V.K. പളനി സ്വാമി
III വാർഡ് മെംബർ



അനിഴ കുമാരി വർഗ്ഗീസ്
V വാർഡ് മെംബർ



K. രാധാകൃഷ്ണൻ
VI വാർഡ് മെംബർ




മേരിക്കുട്ടി അഗസ്റ്റിൻ
II വാർഡ് മെംബർ



E.M. അഗസ്തി **MLA**
ഉടുമ്പൻചോല



അഡ്വ: മേരി സിറിയക്ക്
ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ്
കട്ടപ്പന



ജോർജ്ജ് ജോസഫ് പടവിൽ
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്
പ്രസിഡന്റ്



J. വറുഗീസ് കോഴിമണ്ണിൽ
ബ്ലോക്ക് പഞ്ചായത്ത് മെംബർ
കട്ടപ്പന

ഉള്ളടക്കം

1. അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് പൊതുവിവരണം
2. ആമുഖം
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി
5. വിവിധ മേഖലകൾ
    - 5.1- കൃഷിയും - ജലസേചനവും
    - 5.2- മൃഗസംരക്ഷണം - മത്സ്യബന്ധനം
    - 5.3- വ്യവസായം
    - 5.4- ഗതാഗതം - ഊർജ്ജം
    - 5.5- പൊതുജനാരോഗ്യം - കുടിവെള്ളം
    - 5.6- വിദ്യാഭ്യാസം
    - 5.7- പാർപ്പിടം - സാമൂഹ്യക്ഷേമം
    - 5.8- വനിതാക്ഷേമം
    - 5.9- സഹകരണം
    - 5.10- പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
    - 5.11- വിഭവസമാഹരണം
    - 5.12- സംസ്ക്കാരം
    - 5.13- ടൂറിസം
6. ഉപസംഹാരം

1

പഞ്ചായത്ത് - പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	അയ്യപ്പൻകോവിൽ
ഉൾപ്പെടുന്ന വില്ലേജുകൾ	-	അയ്യപ്പൻകോവിൽ, ആനവിലാസം
ബ്ലോക്ക് പഞ്ചായത്ത്	-	കട്ടപ്പന
താലൂക്ക്	-	ഉടുമ്പൻഞ്ചോല
അസംബ്ലി മണ്ഡലം	-	ഉടുമ്പൻഞ്ചോല
വിസ്തീർണ്ണം	-	28 ചതുരശ്ര കിലോമീറ്റർ

അതിരുകൾ

വടക്ക്	-	കാഞ്ചിയാർ പഞ്ചായത്ത്
കിഴക്ക്	-	കുമളി പഞ്ചായത്ത്
തെക്ക്	-	ഏലപ്പാറ പഞ്ചായത്ത്
പടിഞ്ഞാറ്	-	ഉപ്പുതറ പഞ്ചായത്ത്
ജനസംഖ്യ	-	19667
പുരുഷൻ	-	9934
സ്ത്രീകൾ	-	9733
ജനസാന്ദ്രത	-	488/ sq. km
അക്ഷരാഭ്യാസമുള്ളവർ	-	16,531
വാർഡുകൾ	-	8
പ്രസിഡണ്ടിന്റെ പേര്	-	കെ. ജെ. കുട്ടിയച്ചൻ കിഴക്കേൽ
വൈസ് പ്രസിഡണ്ടിന്റെ പേര്	-	രാജു ഗോപാലൻ ചെമ്പൻകുളത്ത്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ	-	വിജയമ്മ ജോസഫ് കിഴക്കേമുപ്പാത്തിൽ

കമ്മറ്റി അംഗങ്ങൾ:-

മേരിക്കുട്ടി അഗസ്റ്റിൻ ഇടക്കര
എം.വി.കെ. പളനി സ്വാമി
കെ. രാധാകൃഷ്ണൻ
അനിഴ കുമാരി വർഗീസ്,
ആർ. സുരേന്ദ്രൻ

2

ആമുഖം

പഞ്ചായത്ത് രാജിന്റെ ശില്പിയായ രാജീവ് ഗാന്ധിയുടെ സ്വപ്നങ്ങൾ പൂവണിഞ്ഞു. ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന നൂതന സംരഭമാണ് സംസ്ഥാന സർക്കാരും, സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കി വരുന്ന "ജനകീയ ആസൂത്രണ പ്രസ്ഥാനം." ആസൂത്രണത്തിലും വികസനത്തിലും എല്ലാവിഭാഗം ജനങ്ങളേയും ഒരേ വേദിയിയിൽ കൊണ്ടുവരാനും, കക്ഷി രാഷ്ട്രീയത്തിനും വിഭാഗീയ പ്രവണതകൾക്കും അതീതമായി വികസന കാര്യങ്ങൾ ചർച്ച ചെയ്യാനും ഈ ജനകീയ കൂട്ടായ്മയ്ക്ക് സാധിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം. ബഹുജന പങ്കാളിത്തം ഫലപ്രദമാക്കുമ്പോൾ നിലവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും തൃപ്തികരവും ആക്കുവാൻ കഴിയും.

രണ്ടാം ലോകമഹായുദ്ധത്തിന്റെ സന്തതിയായ കൊടുംപട്ടിണി നമ്മുടെ സംസ്ഥാനത്തെ കാർന്ന് തിന്നപ്പോൾ, ഭക്ഷ്യോദ്പാദനം വർദ്ധിപ്പിച്ച് പട്ടിണി മാറ്റുന്നതിനായി സർക്കാരിന്റെ പദ്ധതി പ്രകാരമാണ് അയ്യപ്പൻ കോവിൽ പ്രദേശത്ത് കുടിയേറ്റം ആരംഭിച്ചത്. ത്യാഗപൂർണ്ണമായ സമരങ്ങളുടേയും, കുടിയിറക്കുകളുടെയും കഥകളാണ് അയ്യപ്പൻ കോവിലിനുള്ളത്. കുടിയേറ്റത്തിന്റെ അൻപതാം വർഷത്തോടടുക്കുമ്പോഴും വികസനമില്ലാത്ത സൗകര്യങ്ങൾക്ക് പരിമിതിയുള്ള ഒരു പഞ്ചായത്തായി നാം നിലനിൽക്കുകയാണ്.

ഈ പഞ്ചായത്തിന്റെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. "അധികാരം ജനങ്ങളിലേയ്ക്ക്" എന്ന് രാജീവ്ഗാന്ധി ഉയർത്തിയ മുദ്രാവാക്യവുമായി പഞ്ചായത്ത് രാജ് യാഥാർത്ഥ്യമാകുമ്പോൾ സമ്പൽസമർത്ഥവും സ്വാശ്രയവുമായ ഒരു ഗ്രാമപഞ്ചായത്താകുവാൻ നമ്മുക്ക് കഴിയത്തക്കരീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. കർഷകരും, കർഷകതൊഴിലാളികളും തോട്ടം തൊഴിലാളികളും ഭൂരിപക്ഷമുള്ള ഈ പഞ്ചായത്തിന്റെ സമ്പദ്ഘടന ആശാവഹമാണ്. എല്ലാവിഭാഗം ജനങ്ങളുടേയും ക്ഷേമൈശ്വര്യങ്ങൾ ഉറപ്പുവരുത്തി വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തി പുരോഗതി ഉണ്ടാകുന്നതിനുള്ള ശ്രമകരമായ പദ്ധതികൾ ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്.

1962-ലെ കുടിയൊഴിപ്പിക്കൽ എന്ന ദുരന്തം ഏറ്റുവാങ്ങിയ ഈ പഞ്ചായത്തിലെ ജനങ്ങൾ 1965 മുതൽ 67 വരെ ഇടുക്കി പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കൽ ഭീക്ഷണിയെ നേരിടുകയായിരുന്നു. ആയിരത്തിൽ പരം കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടു. ഇതോടുകൂടി തകർന്ന സമ്പദ്ഘടന ദീർഘകാലത്തെ പരിശ്രമഫലമായി ഇപ്പോഴും പുന:രുദ്ധരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.

അയ്യപ്പൻ കോവിൽ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പരിപാടികൾക്ക് ആരംഭം കുറിച്ചത് 1996 സെപ്തംബർ 7-ന്, മേരിക്കുളം U.P സ്ക്കൂളിൽ ചേർന്ന ഗ്രാമ സഭാ കമ്മറ്റി അംഗങ്ങൾ രാഷ്ട്രീയ സാമൂഹിക സാമുദായിക സാംസ്ക്കാരിക സന്നദ്ധപ്രവർത്തകർ, വ്യവസായ സംരംഭകർ. അദ്ധ്യാപകർ, ഉദ്ദ്യോഗസ്ഥൻമാർ പ്രമുഖ കൃഷിക്കാർ. തൊഴിലാളി നേതാക്കൾ എന്നിവരുടെ കൺവൻഷനിൽ ആണ്. 400-ൽ പരം ആളുകൾ പങ്കെടുത്ത ഈ കൺവൻഷൻ ആസൂത്രണത്തിന്റെ പ്രസക്തി വിളിച്ചറിയിക്കുന്ന ഒന്നായി മാറി. തുടർന്നു കട്ടപ്പനയിൽ സെപ്ടം: 11,12,13, തീയതികളിൽ നടത്തിയ ജില്ലാതല പരിശീലനത്തിൽ 10 പേർ പങ്കെടുത്തു. തുടർന്നു സെപ്ടം: 20-ന് പഞ്ചായത്ത് തല ഏകദിന സെമിനാറിൽ 90 പേർക്ക് പരിശീലനം നൽകി. സെപ്ടം: 28,29, ഒക്ടോ: 2- തീയതികളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി കട്ടപ്പനയിൽ, ഒക്ടോ, 28,29,30 തീയതികളിൽ നടത്തപ്പെട്ടു. രണ്ടാംഘട്ട പരിശീലനത്തിൽ 16 പേർ പങ്കെടുത്തു. കേരളപ്പിറവി ദിനമായ നവംബർ1 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പുന: രർപ്പണദിനമായി ആചരിക്കുകയും വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

നവംബർ 3-ന് 60 പേർ പങ്കെടുത്ത പഞ്ചായത്ത് തല രണ്ടാംഘട്ട പരിശീലന പരിപാടികൾ നടത്തപ്പെട്ടു. നവംബർ 8-ന് പഞ്ചായത്തിന്റെ എല്ലാ വാർഡിലും "വികസന ജ്യോതി" പ്രയാണം നടത്തി. വികസന പ്രതിജ്ഞയെടുത്തു. ഭരണരംഗത്ത് ജനപങ്കാളിത്തം നൽകുന്നതിന്റെ ഭാഗമായി ഗ്രാമത്തിന്റെ എല്ലാവാർഡുകളിലും ഗ്രാമവികസന സമിതികൾ

രൂപീകരിച്ചു. ഈ സമിതികളുടെ സന്നദ്ധ പ്രവർത്തനഫലമായി പഞ്ചായത്തിൽ 16 km റോഡ് നിർമ്മിച്ചു. ഇതിൽ പച്ചക്കാട്, ഹെവൻവാലി, മേരികുളം, ആനവിലാസം, മരുതംപേട്ട, പാത്തിമുക്ക് എന്നീ റോഡുകൾ 8 മീറ്റർ വീതിയിൽ ജന സഹകരണത്തോടെ പണം സമാഹരിച്ച് ബുൾഡോസർ ഉപയോഗിച്ച് നിർമ്മിച്ച കാര്യം പ്രത്യേകം എടുത്ത് പറയത്തക്കതാണ്. കൂടാതെ ജന പങ്കാളിത്തത്തോടുകൂടി നിർമ്മിച്ചതാണ്. അലടി അരയത്തിനാൽകുന്ന് മേരികുളം സ്റ്റേഡിയം ചെമ്പൻകുളംപടി എന്നീ റോഡുകൾ.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ പഞ്ചായത്തിൽ മൂന്ന് കാർഷിക സെമിനാറുകൾ നടത്തി. മൂന്ന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടു. മണ്ണ്, ജലസംരക്ഷണത്തിനും മറ്റും വാർഡുകളിൽ ആസൂത്രണ പരിപാടികളുടെ വ്യാപകമായ പ്രചാരണം നടത്തി. കൂടാതെ 7000 തേക്കിൻ തൈകൾ വിതരണം ചെയ്തു. പഞ്ചായത്തുതല വിദ്യാഭ്യാസ കൺവൻഷൻ നടത്തി. പഞ്ചായത്തിന്റെ പേവിഷബാധക്കെതിരേയും, കോഴിവസന്തക്കെതിരേയും നിവാരണ നടപടികൾ സ്വീകരിച്ചു.

ഏതു പ്രവർത്തനവും കൃത്യമായി നിർവഹിക്കാൻ കഴിവുള്ളവർ രാപകൽ സദാസന്നദ്ധരായി പഞ്ചായത്തിലുണ്ടായിരുന്നു. ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കുവാൻ ചരിത്രത്തിന്റെ ദശാസന്ധി നമ്മേ നോക്കി നിൽക്കുന്നു.

അയ്യപ്പൻ കോവിൽ പഞ്ചായത്തിന്റെ സമഗ്രവികസന റിപ്പോർട്ട് നാളെയുടെ ചരിത്രം യാഥാർത്ഥ്യമാക്കുവാനുള്ള മഹായജ്ഞത്തിൽ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമ്മുക്ക് സ്വീകരിക്കാം.



3

"സാമൂഹിക സാംസ്ക്കാരിക ചരിത്രം"

"അയ്യപ്പൻ കോവിൽ" ഐതിഹ്യ പ്രസിദ്ധമായ ഗ്രാമമാണെന്നാണ് ഇന്ന് ജീവിച്ചിരിക്കുന്ന കാരണവന്മാർ പറയുന്നത്. പരശുരാമന്റെ കാലത്ത് അഞ്ച് ശാസ്താക്കളെ അഞ്ച് സ്ഥലങ്ങളിലായി പ്രതിഷ്ഠിച്ചിരുന്നു എന്നും അവ, ആര്യങ്കാവ് അച്ചൻകോവിൽ ശബരിമല, കുളത്തുപ്പുഴ, അയ്യപ്പൻകോവിൽ എന്നീ പ്രദേശങ്ങളിലായിരുന്നുവെന്നുമാണ് ഐതിഹ്യം.

ചരിത്രാതീത കാലഘട്ടം മുതൽ നിലവിലിരുന്നതും അതിപുരാണവും യുഗയുഗാന്തരങ്ങളുടെ പഴക്കവും ആര്യദ്രാവിഡ സംസ്ക്കാരത്തോടും മറ്റും ബന്ധപ്പെട്ടിരുന്നതുമായ പൈതൃകം ഇന്നത്തെ കോവിൽ മലയുടെ (കോഴിമല) സമീപത്തായി നിലവിലിരുന്ന ആ പുരാതന ക്ഷേത്രത്തിനുണ്ടായിരുന്നുവെന്ന് കരുതിപ്പോരുന്നു.

രാജവാഴ്ചയുടെ കാലഘട്ടത്തിൽ തമിഴ് വംശ പരമ്പരയിൽപ്പെട്ട തിരുമലനായ്ക്കൻ എന്ന രാജാവ് ഈ വനപ്രദേശത്ത് വേട്ടയ്ക്ക് വരുകയും അമ്പലം കാണാൻ ഇടവരുകയും തുടർന്ന് ക്ഷേത്രത്തിനാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തുവെന്ന് പറയപ്പെടുന്നു. ക്ഷേത്രത്തിന്റെ പരിസരങ്ങളിലും മറ്റും കാണുന്ന ശിലകളും അവയിലെ കൊത്തുപണികളും അതിൽ കാണുന്ന ലിപികളും മറ്റും ഇതിനുള്ള തെളിവുകളാണ്.

രാജഭരണകാലത്ത് തിരുവിതാംകൂർ ക്ഷേത്രവകയായി അയ്യപ്പക്ഷേത്രവും ഏറ്റെടുത്തു. വന മദ്ധ്യത്തിലായതിനാൽ ക്ഷേത്രം പരിപാലിക്കുന്നതിനും മറ്റും പ്രയാസമായിത്തീർന്നു. പിന്നീട് കാടു പിടിച്ചും കാട്ടുതീയും മറ്റും കയറി നശിച്ചും കിടന്നിരുന്ന ക്ഷേത്രം- നിരണത്തു എത്തിയ ശിവരാമപിള്ള എന്ന സന്യാസിയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹായത്താൽ ക്ഷേത്രം വൃത്തിയാക്കി. തുടർന്ന് തൊടുപുഴയ്ക്ക് സമീപത്ത് നിന്നും ചാലങ്കോട്ട് നമ്പൂതിരിയെയും എത്തിച്ചു. നമ്പൂതിരിക്ക് താമസിക്കുവാൻ ഇന്നും അമ്പലത്തിന് കിഴക്ക് വശത്തായി സ്ഥിതി ചെയ്യുന്ന ആ വലിയ പാറയിൽ ഏറുമാടവും കെട്ടിക്കൊടുത്തു.

ഈ പൗരാണിക ക്ഷേത്രത്തിന്റെ എല്ലാ വശങ്ങളും കൽകെട്ടുകളാണ്. പാറ കീറിയെടുത്തു നിർമ്മിച്ചവയാണിവ. ഈ ക്ഷേത്രത്തിന്റെ മുറ്റത്തു നിന്നും ആരംഭിക്കുന്ന നടകളും മറ്റും ഇത്തരം കല്ലുകൊണ്ട് നിർമ്മിച്ചവയാണ്. യുഗങ്ങളോളം പഴക്കം ചെന്ന ചെമ്പകവും വനവള്ളികളും കഴിഞ്ഞ കാലങ്ങളിൽ കാണാമായിരുന്നു. അമ്പലത്തിൽ ശാസ്താവിന്റെ വിഗ്രഹം കൂടാതെ, ഗണപതി, ദേവി, ശിവൻ എന്നീ ദൈവങ്ങളുടെ വിഗ്രഹങ്ങളും ഉണ്ടായിരുന്നു.

ക്ഷേത്രത്തിന്റെ മുറ്റത്ത് നിന്നും ഒരു തുരങ്കം ആരംഭിക്കുന്നതായി കാണാം. ഈ തുരങ്കം രണ്ട് വശങ്ങളിലേയ്ക്കും നിർമ്മിക്കപ്പെട്ടിരുന്നു. ഒരു കാലത്ത് ഈ മലയിൽ ഒരു രാജവംശം വസിച്ചിരുന്നുവെന്നും രാജസ്ത്രീകൾ ഈ തുരങ്കത്തിലൂടെ ക്ഷേത്രത്തിലെത്തി ദർശനം നടത്തി മടങ്ങിയിരുന്നുവെന്നും പറയപ്പെടുന്നു. ഈ ക്ഷേത്രവകയായി ധാരാളം സ്വത്തുക്കൾ ഉണ്ടായിരുന്നു. അതിൽ പ്രധാന ഭാഗവും തമിഴ്നാട്ടിലെ ഡിണ്ടിക്കൽ എന്ന സ്ഥലത്തായിരുന്നു. കൂടാതെ ഈ ഗ്രാമത്തിലെ ശാസ്താംകണ്ടം എന്നറിയപ്പെടുന്ന പ്രദേശവും ക്ഷേത്രവകയായിരുന്നു.

പിൽകാലത്ത് ശിവരാമപിള്ള സന്യാസിയും നമ്പൂതിരിയുമായി നിലനിന്നിരുന്ന തർക്കം മൂർച്ഛിച്ചു. ക്ഷേത്രാവകാശം സംബന്ധിച്ചുള്ള തർക്കം അങ്ങനെ കേസിൽ പരിണമിച്ചു. ശിവരാമൻ നമ്പൂതിരി നാട്ടുകാരെ പ്രതിനിധീകരിച്ചു കേസ് നടത്തി കേസ് ദേവികുളം സബ് ഡിവിഷനിൽ ഫയൽ ചെയ്തു. വിധി നാട്ടുകാർക്കനുകൂലമായിരുന്നു. തുടർന്ന് നമ്പൂതിരി എറണാകുളം ഹൈക്കോടതിയിൽ അപ്പീൽ നൽകിയെങ്കിലും കീഴ്ക്കോടതി വിധിയെ ശരിവയ്ക്കുകയാണുണ്ടായത്. ഈ കാലത്ത് ഇടുക്കി ജല വൈദ്യുത പദ്ധതി നിലവിൽ വന്നപ്പോൾ ക്ഷേത്രം മാറ്റി സ്ഥാപിക്കുവാൻ ജഡ്ജി ബാലകൃഷ്ണ ഏറാടി വിധിച്ചു. ഇത് K.S.E.Bയുടെ റിട്ട്: പെറ്റീഷനെ ആസ്പദമാക്കിയായിരുന്നു. കോടതി റിസീവർമാരെ നിയമിച്ചു. നാരായണൻ പോറ്റിയുടെ നേതൃത്വത്തിൽ ക്ഷേത്രം തൊപ്പിപ്പാളയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. 1985-നോട് കൂടി ക്ഷേത്രവും ക്ഷേത്രസ്വത്തുക്കളും ട്രസ്റ്റായി രൂപം കൊണ്ടു. ക്ഷേത്ര പുനർനിർമ്മാണത്തിന് സർക്കാർ സഹായവും ലഭിച്ചു.

പെരിയാറിന്റെ തീരത്ത് പ്രകൃതി ഭംഗിയിലും ഭക്തി നിർഭരമായ അന്തരീക്ഷത്താലും സ്ഥിതി ചെയ്തിരുന്ന പൗരാണിക അയ്യപ്പക്ഷേത്രം ചരിത്രത്തിന്റെ വിലപ്പെട്ട സംഭാവനയും പഴയകാല സാംസ്ക്കാരിക പശ്ചാത്തലത്തിലേക്ക് വെളിച്ചം നൽകുന്നതുമാണ്.

ഈ പുരാതന അയ്യപ്പക്ഷേത്രത്തിന് തമിഴർ നൽകിയ പേരാണ് " അയ്യപ്പൻകോവിൽ". തുടർന്ന് പിൽകാലത്ത് ഈ പ്രദേശം " അയ്യപ്പൻകോവിൽ " എന്നും അറിയപ്പെട്ടു തുടങ്ങി.

ആദ്യകാല കുടിയേറ്റ ചരിത്രം

ദ്രാവിഡ ഗോത്രത്തിൽ നിന്നും തള്ളപ്പെട്ടവരുടെ പിൻഗാമികളാണ് കാട്ടിലേയ്ക്ക് കയറിയവർ. ഇവർ മലവർഗ്ഗക്കാരായി മലവർഗ്ഗത്തിലെ ബ്രാഹ്മണരായിരുന്നു. ഊരാളിമാർ, മലയരർ, മന്നാന്മാർ തുടങ്ങിയവരാണ് മലവർഗ്ഗത്തിലെ പ്രധാനികൾ ഇവർ മധുരയിൽ നിന്നും എത്തിയവരാണെന്ന് കരുതപ്പെടുന്നു. ഇവരുടെ പിൻതലമുറക്കാർ പഴയ ആചാരങ്ങളിൽ അടിയുറച്ചു. ഇന്നും കോഴിമല എന്ന പ്രദേശത്ത് ജീവിക്കുന്നു.

അനവധി മലകൾ അങ്ങോട്ടും ഇങ്ങോട്ടും വ്യാപിച്ച് കിടക്കുന്നതും മലകളാൽ ചുറ്റപ്പെട്ട താഴ്വര പ്രദേശവുമായി അയ്യപ്പൻ കോവിൽ കേരളത്തിലെ തന്നെ പ്രധാന വനങ്ങളിൽ ഒന്നായിരുന്നു. ഇവിടം ആദ്യകാലത്ത് ഒരു വന്യജീവിസങ്കേതം കൂടിയായിരുന്നു. ആദ്യകാലത്ത് ഈ പ്രദേശങ്ങൾക്ക് മറ്റ് സ്ഥലങ്ങളുമായി ബന്ധമില്ലായിരുന്നു. കാട്ടാനകളെ പിടിക്കുവാൻ കുഴിച്ച കുഴികൾ കുറെ വർഷങ്ങൾക്ക് മുമ്പ് വരെ ഇവിടെ കാണാമായിരുന്നു. ഇന്നത്തെ "ആനക്കുഴി" എന്നറിയപ്പെടുന്ന സ്ഥലം ഇതിനുദാഹരണമാണ്.

ഇന്ത്യ സ്വതന്ത്രയായപ്പോഴും അതിന് തൊട്ടുമുൻപും മേൽപ്പറഞ്ഞ സ്ഥിതി ഗതികളായിരുന്നു ഈ പ്രദേശത്തെ ജനങ്ങൾ അനുഭവിച്ചിരുന്നത്. തുടർന്ന് കാലഘട്ടങ്ങൾ മാറിവന്നപ്പോൾ ഏതാണ്ട്1947-നോടുകൂടി ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി സാമുദായികാടിസ്ഥാനത്തിൽ "Grow More Food" (G.M.F) പദ്ധതിയിൽപ്പെടുത്തി 4 വർഷത്തെ കൃഷിക്ക് റവന്യു അലോട്ടും രണ്ട് വകുപ്പുകളായി 5 ഏക്കർ സ്ഥലം വീതം, ഫോറസ്റ്റ് അലോട്ട് സ്ഥലം 20 വർഷത്തെ കൃഷിക്കായും നൽകി. വനത്തിന്റെ പലഭാഗങ്ങളും വെട്ടിത്തെളിച്ച് ആദ്യകാലത്ത് നെൽകൃഷി നടത്തിയിരുന്നു. കൃഷിക്കായി ഇവിടെ എത്തിയവരിൽ ഭൂരിഭാഗവും മീനിച്ചിൽ താലൂക്കിൽപ്പെട്ടവരായിരുന്നു. N.S.കൃഷ്ണപിള്ളയുടെ ഭരണകാലത്താണ് ഈ അലോട്ട്മെൻറ് നടന്നത്.

1952-ൽ ഗവൺമെന്റ് കുടിയൊഴിപ്പിക്കലിന് തീരുമാനിച്ചു. കുടിയൊഴിപ്പിക്കുകയും ചെയ്തു. എന്നാൽ ജനങ്ങൾ പോകാൻ വിസമ്മതിക്കുകയും അക്കാലത്ത് വെട്ടിയ കൂപ്പ് റോഡുകളിൽ ഷെഡ് കെട്ടി താമസിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ വീണ്ടും പുന:രധിവസിപ്പിച്ചു. പരിശ്രമശീലരായ ഈ കർഷക ജനത കഠിനാധ്വാനം കൊണ്ട് മലപ്രദേശങ്ങളോടും, വന്യജീവികളോടും നേരിട്ട് ജീവിച്ചു. 1958-59-ൽ ഉടുമ്പൻചോല കുടിയേറ്റം നടന്നു. 1960-ൽ ജോർജ് തോമസ് കൊടുകാപള്ളി ഇടുക്കി പദ്ധതിയെക്കുറിച്ച് പാർലമെൻറിൽ സബ്മിഷൻ അവതരിപ്പിച്ചു. 1961-62-ൽ ഇടുക്കി ജലവൈദ്യുതപദ്ധതി രൂപം കൊണ്ടു അത് അക്കാലത്തെ കൃഷിക്കാരെ പ്രതികൂലമായി ബാധിച്ചെങ്കിലും പിൽകാലത്ത് വൈദ്യുതിയുടെ കാര്യത്തിൽ നമ്മുടെ രാജ്യത്തിന് തന്നെ നേട്ടമായി തീർന്നു.

(1961 കാലഘട്ടത്തിൽ പെരിയാറ്റിൽ വെള്ളപ്പൊക്കം ഉണ്ടാവുകയും ഈ ഗ്രാമത്തിന്റെ പല പ്രധാന ഭാഗങ്ങളും വെള്ളത്തിൽ ഒലിച്ചുപോവുകയും ചെയ്തു.) തുടർന്ന് കുടിയിറക്ക് ഭീഷണി നേരിട്ട കർഷകർ 1962-നോടുകൂടി കുടിയൊഴിപ്പിക്കലിനെതിരെ സമരങ്ങൾ സംഘടിപ്പിച്ചു അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് നാരായണൻനായർ നേതൃത്വം നൽകി. കൂടുതൽ നഷ്ടപരിഹാരം നൽകേണ്ടി വരുന്നതിനാൽ ഒഴിപ്പിക്കൽ ഏരിയ സർക്കാർ ചുരുക്കി, 10,000 ഏക്കർ ആക്കി ഏകദേശം 1968-നോട് കൂടി കുടിയൊഴിപ്പിക്കലിന് ഐഡൻറിറ്റി കാർഡ് നൽകി ഇക്കാലത്ത് 80 കുടുംബങ്ങളോളം സ്വമനസ്സാലെ എഴുതിക്കൊടുത്ത് പലയിടത്തേയ്ക്കും പോയി. എന്നാൽ സമരത്തിൽ ഉറച്ചു നിന്നവരും ഉണ്ട്. മലനാട് കർഷക യൂണിയന്റെ സേവനം എടുത്തുപറയത്തക്കതായിരുന്നു. (1976)-ൽ A.K. ഗോപാലൻ ഈ പ്രദേശത്ത് വരുകയും കോഴിമല ഭൂമി കൈയ്യേറാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാലത്ത് A.G. സുകുമാരൻ തുടങ്ങിയ വ്യക്തികളെ പോലീസ് അറസ്റ്റു ചെയ്തു വണ്ടൻമേട് സ്റ്റേഷനിൽ അടച്ചു. ഈ സമയത്ത് 1000 കൃഷിക്കാരുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ മാർച്ച് നടത്തുകയും തുടർന്ന് പോലീസിന്റെ സാന്നിദ്ധ്യത്തിൽ ഗവ: ഹൈലെവൽ കോൺഫറൻസ് വിളിച്ചു കൂട്ടി. കുടിയൊഴിപ്പിക്കലിനെതിരെയുള്ള സമരത്തിന് നേതൃത്വം നൽകിയവരിൽ പ്രധാനികളായിരുന്നു ജയിംസച്ചൻ, മൈക്കിൾ വള്ളനാമറ്റം, ഫാദർ വടക്കൻ, മുൻപ്രസി: നാരായണൻ നായർ, A.G. സുകുമാരൻ, തോമസ് ജോർജ് പടവിൽ, കെ. ആർ രാജപ്പൻ, അമ്പാട്ട് വർക്കി, N.P.ജോസഫ് കിഴക്കേൽ തുടങ്ങിയവർ. ഇക്കാലത്ത് കുടിയിറക്കിയവരിൽ പലരേയും കിരീത്തോട്, ഏറ്റുമാനൂരിലെ വേദഗിരി പടയനിപ്പാറ, പാമ്പിനി, മടുക്ക, കോരുത്തോട്, ചേത്തയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറ്റി പാർപ്പിച്ചു. 1977-നു ശേഷം തുടർന്നും വാട്ടർലെവൽ വെള്ളത്തിൽ മുങ്ങിയപ്പോൾ നിലവിലുണ്ടായിരുന്ന കച്ചവടക്കാരും കുടുംബങ്ങളും നഷ്ടപരിഹാരം ലഭിക്കാതെയും വിട്ടുപോയി.

യൂണിയനുകളുടെ രൂപം കൊള്ളൽ

(പീരുമേട് താലൂക്ക് ആയിരുന്നു.) 1969-ൽ സുൽത്താനിയാത്തോട്ടത്തിൽ ആദ്യമായി പീരുമേട് തോട്ടം തൊഴിലാളി (P.T.T) യൂണിയൻ (C.I.T.U) രൂപം കൊണ്ടു തുടർന്ന് 1972-73 കാലഘട്ടത്തിൽ I.N.T.U.C. യും P.T.T യൂണിയൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് (P.F. ഫ്രാൻസീസ്) വെഴുത്തും മൂട്ടിൽ മൂന്ന് മാസക്കാലം ജയിൽ വാസമനുഭവിച്ച വ്യക്തിയാണ്. ഇക്കാലത്ത് സ്ഥിരം തൊഴിലാളികൾ ആകുന്നതിൽ വലിയ എതിർപ്പ് നില നിന്നിരുന്നു. കാരണം കങ്കാണി സമ്പ്രദായം നിലവിലിരുന്നു തുടർന്ന് പല എതിർപ്പുകളെയും യൂണിയനുകൾ നേരിട്ട് പ്രശ്നം പരിഹരിച്ചു. 1976-നോട് കൂടി തൊഴിലാളികൾക്ക് ഐഡൻറിറ്റി കാർഡ് നൽകി. ശ്രീ. K.K. തോമസ്, C.P. അന്തപ്പൻ, തങ്കവേലു, A.C. സെബാസ്റ്റ്യൻ തുടങ്ങിയ നേതാക്കളുടെ ശ്രമഫലമാണിത്.

ഗ്രാമത്തിലെ പ്രധാന തോട്ടങ്ങൾ

കരിങ്കുളം, പൂക്കുളം, ഇടപൂക്കുളം ഹെവൻവാലി, ആലടി, സുൽത്താനിയ, തുടങ്ങിയവയാണ്. 1951-കാലത്ത് ഈ പ്രദേശങ്ങൾ മലബാർ അഗ്രിക്കൾച്ചർ കമ്പനിയുടെയായിരുന്നു. അക്കാലത്ത് വള്ളക്കാരൻ മാത്തൻ വെട്ടിത്തെളിച്ചതാണ് പൂക്കുളം തോട്ടം. 1955-കാലഘട്ടത്തിൽ മാത്തൻ മകൻ ആലി മാത്യുവിൻെറ വകയായി ഹെലിബറിയതോട്ടം, തുടർന്ന് ആലടി, സുൽത്താനിയ ഇടപ്പൂക്കുളം തുടങ്ങിയവയും. ആദ്യകാലത്ത് ഇവിടെ തൊഴിലിനായി എത്തിയവരിൽ ഭൂരിഭാഗവും തമിഴ്നാട്ടുകാർ ആയിരുന്നു. ആദ്യകാല ഫാക്ടറികൾ പ്രവർത്തിച്ചത് ഡീസൽ എഞ്ചിൻെറ സഹായത്താൽ ആയിരുന്നു.

റോഡുകളും അവയുടെ പ്രത്യേകതകളും

വനത്തിനുള്ളിലൂടെ ആനകൾ സഞ്ചരിച്ചിരുന്ന ആനച്ചാലുകൾ പിൽകാലത്ത് തടികൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള റോഡുകൾ ആക്കി. അക്കാലത്തും പീരുമേട് ദേവികുളം റോഡ് തോണിത്തടി വഴി അയ്യപ്പൻ കോവിലിലേയ്ക്ക് നിർമ്മിച്ചിരുന്നു. ഈ P.D. റോഡ് രാജാക്കന്മാരുടെ കാലത്ത് നിർമ്മിച്ചവയാണെന്ന് കരുതപ്പെടുന്നു. തടികൾ കടത്തുന്നതിനായി ആങ്കുർ റാവുത്തർ നിർമ്മിച്ച വഴികളാണ് ഇന്നത്തെ പ്രധാന വഴികളിൽ പലതും അയ്യപ്പൻ കോവിൽ തോണിത്തടി റോഡിൻെറ ഇരുവശവും 1000 കണക്കിന് വീടുകൾ ഉണ്ടായിരുന്നു. ആദ്യകാലത്ത് ചപ്പാത്ത് പാലം ഇല്ലായിരുന്നു. സാധനങ്ങളും മറ്റും കടത്തിയിരുന്നത് വലിയ ചങ്ങാടത്തിൽ ആയിരുന്നു. ലോറികൾ പോലും ഇത്തരം ചങ്ങാടത്തിൽ കയറ്റി മറുകര എത്തിച്ചിരുന്നുവെന്നു പറയപ്പെടുന്നു. അന്നു കടത്ത് നടത്തിയ കൊച്ചുകാളി ഇന്നും ജീവിച്ചിരിപ്പുണ്ട്.

കാലാവസ്ഥ, കൃഷി. കച്ചവടം

അക്കാലത്തെ മഴയെ ഉപ്പുതറ മഴയെന്ന് അറിയപ്പെട്ടിരുന്നു. കൃഷിക്കനുയോജ്യമായ മഴയായിരുന്നു അത്. നെല്ല്, കപ്പയും മറ്റും ആദ്യകാല കൃഷിയും തുടർന്ന് ഏലം, കാപ്പി, കുരുമുളക് മുതലായ തോട്ടവിളകളും കൃഷി ചെയ്തിരുന്നു. തുടർന്ന് 1950-നു ശേഷം അയ്യപ്പൻ കോവിൽ മാർക്കറ്റ് വളരെ സജീവമായി. കട്ടപ്പന, കാഞ്ചിയാർ തുടങ്ങിയ സ്ഥലങ്ങളിലെ കൃഷിക്കാരുടെ ഉല്പന്നങ്ങൾ ഈ മാർക്കറ്റിൽ വിപണനം നടത്തിയിരുന്നു. മാർക്കറ്റ് ഒന്നര കിലോമീറ്റർ ദൂരം ആയിരുന്നു. ആദ്യകാലത്ത് വാർത്താ വിനിമയ സൗകര്യങ്ങളോ, ഗതാഗത സൗകര്യമോ കാര്യമായി ഇല്ലായിരുന്നു. വൈദ്യുതിപോലും നാമമാത്രമായിരുന്നു. വ്യാപാരത്തിനായി ഇവിടെ എത്തിച്ചേർന്നവർ പാലാക്കാരായിരുന്നു. 1961-ൽ ഈ മാർക്കറ്റ് വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയിരുന്നു. തുടർന്ന് കുടിയിറക്കത്തോടുകൂടി ഈ മാർക്കറ്റും ജനങ്ങളും ഈ മേഖലയിൽ നിന്നും മാറിത്തുടങ്ങി.

പഞ്ചായത്തും രൂപീകരണഘട്ടങ്ങളും

1947-ന് ശേഷം കേരളത്തിൽ വില്ലേജ് യൂണിയൻ ഉണ്ടായപ്പോൾ ഉപ്പുതറ കേന്ദ്രമായി പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. 1953-ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ കുടിയേറ്റ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് വിവിധ വാർഡുകൾ തിരിച്ചു. ഉപ്പുതറ. അയ്യപ്പൻകോവിൽ, കട്ടപ്പന, കാഞ്ചിയാർ എന്നീ പ്രദേശങ്ങൾ കൂടുന്നതായിരുന്നു അന്നത്തെ ഉപ്പുതറ പഞ്ചായത്ത്. ഇ.വി. തോമസ് ഇരുപ്പക്കാട്ട് പ്രസിഡണ്ടും, അയ്യപ്പൻകോവിലിലെ ഡോക്ടർ വില്യം വൈസ് പ്രസിഡണ്ടും, ആലടി വാർഡിനെ പ്രതിനിധീകരിച്ചത് ആദ്യകാല ഗിരി വർഗ്ഗക്കാരനായ പി.കെ രാമൻ ആയിരുന്നു. [B.A. ക്കാരൻ ആയിരുന്നു.] 1962-ൽ ഉപ്പുതറ പഞ്ചായത്ത് വിഭജിച്ചു കൊണ്ട് അയ്യപ്പൻകോവിൽ പഞ്ചായത്ത് രൂപം കൊണ്ടു. വി. കെ നാരായണൻ നായർ പ്രസിഡണ്ടായും, ഡേവിഡ് പോത്തൻ വൈസ് പ്രസിഡണ്ടായും കെ. സി. ജോസഫ്, മണപ്പാട്ട് കുഞ്ഞേട്ടൻ, പാമ്പക്കൽ കരുണാകരൻ, പുളിയാനികുഞ്ഞേട്ടൻ ചപ്പാത്ത് തങ്കവേലു, മൈക്കിൾ കൽത്തൊട്ടി, ടീ മേക്കർ ജോൺസാർ തുടങ്ങിയവർ മെംബർമാർ ആയിരുന്നു. 1972-73-നോട് കൂടി പ്രസിഡണ്ടിൻെറ സ്വാധീനം ഉപയോഗിച്ച് പഞ്ചായത്ത് കാഞ്ചിയാറ്റിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് കോടതി

ഉത്തരവിലൂടെ പഞ്ചായത്ത് രണ്ടായി വിഭജിച്ച് ഹെവൻവാലി പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചു. അന്നത്തെ ഭരണസമിതിയെ ഗവൺമെൻറ് നോമി- ചെയ്യുകയായിരുന്നു. പടവിൽ ജോർജ് തോമസ് ആയിരുന്നു. ആദ്യത്തെ പ്രസിഡണ്ട്. 1980-82 കാലഘട്ടത്തിൽ-A.G. സുകുമാരൻ പ്രസിഡണ്ടായും. പി.ജെ അപ്രേംസാർ വൈസ് പ്രസിഡണ്ടായും ഭരണസമിതി നിലവിൽ വന്നു. 1987- ൽ നടന്ന തെരഞ്ഞെടുപ്പിൽ A.C. സെബാസ്റ്റ്യൻ അഞ്ചനാട്ട് പ്രസിഡൻറായി. ഈ ഭരണ സമിതിയുടെ കാലത്ത് പഞ്ചായത്ത് കെട്ടിടം പണി പൂർത്തികരിച്ചു. 1995 ഒക്ടോബർ 2- തീയതി ശ്രീ K.J. കുട്ടിയച്ചൻറെ നേതൃത്വത്തിലുള്ള ഭരണ സമിതി നിലവിൽ വന്നു.

സാമുദായികസാംസ്ക്കാരിക സന്നദ്ധ മേഖലകൾ

1953- കാലഘട്ടത്തിൽ മേരികുളം പള്ളി നിർമ്മിക്കുന്നതിനായി കുന്നേൽ കെ.സി. ജോസഫ് അര ഏക്കർ സ്ഥലവും മണ്ണഞ്ചേരിൽ ആഗസ്തി ആഗസ്തി 25 സെൻറ് സ്ഥലവും സംഭാവന ചെയ്തു. മുൻകൈ എടുത്ത് പ്രവർത്തിച്ചവർ ജോസഫ് ഉലഹന്നാൻ കിഴക്കേമുറി, കുറ്റിയാനിക്കൽ കൊച്ചേട്ടൻ മുതലായവർ ആയിരുന്നു. 1953 ഡിസംബർ 25-ന് ആദ്യദിവ്യബലി നടന്നു. പാറേലച്ചൻ ആയിരുന്നു ദിവ്യബലി അർപ്പിച്ചത്. ഫാദർ സെബാസ്റ്റ്യൻ ഒഴുകയിലിൻറെ നേതൃത്വത്തിൽ പ്രസ്തുത പള്ളിയുടെ കൂദാശകർമ്മം നടന്നു. 1952-53 കാലഘട്ടത്തിൽ യാക്കോബാ പള്ളിയും, C.S.I പള്ളിയും നിലവിൽ വന്നു. 1952-53 നോട് കൂടി ആനക്കുഴി ഭാഗത്ത് 1192-നമ്പർ ആയി S.N.D.P ശാഖ പ്രവർത്തനം ആരംഭിച്ചു. 1957-ൽ ശാഖ വിഭജിച്ച് 1301-നമ്പർ ശാഖ പ്രവർത്തനം ആരംഭിച്ചു.

വിവിധ മതസ്ഥർക്കുള്ള ആരാധാനാലായങ്ങൾ ഇവിടങ്ങളിൽ ഉയർന്നുവന്നുവെങ്കിലും പ്രധാന ഉത്സവങ്ങളും,തിരുനാളുകളും എല്ലാ മതവിഭാഗങ്ങളും ഒന്നായി നടത്തിയിരുന്നുവെന്നത് എടുത്തു പറയേണ്ടതാണ്. 1952-53-ൽ പഴയ പള്ളിയുടെ ഷെഡിൽ കുടിപ്പള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. പരമേശ്വരൻ നായരുടെ നേതൃത്വത്തിൽ ഈ കാലഘട്ടത്തിൽ കരിങ്കുളം എസ്റ്റേറ്റിലും ഒരു പള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. 1956-ൽ മേരികുളം L.P.S. സ്ക്കൂൾ സ്ഥാപിച്ചു. ഈ സ്ക്കൂളിനായി ഭൂമി സംഭാവന ചെയ്തത് കണ്ണയ്ക്കൽ ദേവസ്യയും, കണ്ണയ്ക്കൽ ജോസഫും ആണ്. അക്കാലത്ത് കൂതംപാറയെന്ന സ്ഥലത്താണ് സ്ക്കൂൾ സ്ഥാപിച്ചത് എങ്കിലും മേരികുളത്തുള്ള സ്ഥലത്തിൻറെ പട്ടയത്തിൻമേലാണ് സ്കൂൾ സ്ഥാപിച്ചത്. മേരികുളം L.P.സ്ക്കൂൾ എന്ന അറിയപ്പെടുവാൻ കാരണമിതാണ്. 1960-61ൽ മാട്ടുക്കട്ട L.P. സ്ക്കൂൾ നാട്ടുകാരുടെ സഹായത്തോടുകൂടി നിർമ്മിച്ചു. അതിനുശേഷം മേരികുളത്ത് നാട്ടുകാരുടെ പങ്കാളിത്തത്തോടെ U.P. സ്ക്കൂൾ സ്ഥാപിച്ചു. 1979-ൽ ബഹുമാനപ്പെട്ട മാത്യു വയലുങ്കൽ അച്ചൻറെ ശ്രമഫലമായി മേരികുളം ഇടവകയുടെ ഉടമസ്ഥതയിൽ സെൻറ് മേരീസ് ഹൈസ്ക്കൂൾ സ്ഥാപിച്ചു. കെ.സി.ജോസഫ് കുന്നേലിൻറെ നേതൃത്തിൽ കെട്ടിട നിർമ്മാണം നടന്നു. ഫിലിപ്പ് മണലേൽ, അഗസ്റ്റിൻ അഴകും പറമ്പിൽ, ഉലഹന്നാൻ ജോസഫ് കിഴക്കേമുറിയിൽ, ഏബ്രഹാം പടലുങ്കൽ പുതുമനയിൽ ഏബ്രഹാം തുടങ്ങിയവർ ഇതിൻറെ കമ്മറ്റി അംഗങ്ങളിൽ ചിലരായിരുന്നു. ഈ സ്ക്കൂളിൻറെ സ്റ്റേഡിയം ജില്ലയിലെ തന്നെ നല്ല സ്റ്റേഡിയത്തിൽ ഒന്നായി പണി നടത്തിക്കൊണ്ടിരിക്കുന്നു.

1960-കാലഘട്ടത്തിൽ ഈ ഗ്രാമത്തിൽ ഒരു പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് ആഫീസ്, പോസ്റ്റ് ആഫീസ് എന്നിവ പ്രവർത്തനം ആരംഭിച്ചിരുന്നു. വില്ലേജ് ആഫീസ് പള്ളിക്കവല കാഞ്ചിയാറ്റിൽ ആയിരുന്നു. കുടിയൊഴിപ്പിക്കലിനെ തുടർന്ന് പോലീസ് സ്റ്റേഷൻ കട്ടപ്പനയിലേയ്ക്കും ഫോറസ്റ്റ് ആഫീസ് കാഞ്ചിയാറ്റിലേയ്ക്കും മാറ്റി സ്ഥാപിച്ചു.

ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി. 4

വിസ്തീർണ്ണം : 28 sq : K. M.

സമുദ്ര നിരപ്പിൽ നിന്നും 2300 അടി ഉയരത്തിലാണ് ഈ പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശം. 4800 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ചെകുത്താൻ മല അഥവാ, ഏലമലയാണ് ഏറ്റവും ഉയർന്ന പ്രദേശം. നാണ്യവിളകൾ മാത്രം കൃഷി ചെയ്യുന്ന ഈ പ്രദേശത്ത് സുഗന്ധ വ്യഞ്ജനങ്ങളായ ഏലം, കുരുമുളക്, ഇഞ്ചി, എന്നിവ ധാരാളമായി കൃഷി ചെയ്യുന്നു. എല്ലാം ഇനം കൃഷിക്കും, അനുയോജ്യമായ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിന്റേത്.

ഇവിടുത്തെ കാർഷികമേഖലയെ തോട്ടംമേഖലയെന്നും, അല്ലാത്തവയെന്നും, രണ്ടായിതിരിക്കാം. ഏലം, കാപ്പി, തേയില, എന്നീ തോട്ടവിളകൾക്ക് അനുകൂലമായ കാലാവസ്ഥയാണ് ഇത്. വിസ്തൃതിയുടെ പകുതിയോളം തോട്ടവിളകളാൽ സമൃദ്ധിയാണ്. ഈ പഞ്ചായത്തിന്റെ 3,4,5,6 വാർഡുകളിലാണ് തോട്ടങ്ങൾ സ്ഥിതിചെയ്യുന്നത്. ഏലം കൃഷിക്ക് ഏറ്റവും പറ്റിയ കാലാവസ്ഥയുള്ള ഏലമലയുടെ ഏതാനും ഭാഗങ്ങൾ അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിലാണ്.

ഈ പഞ്ചായത്തിലെ മറ്റു കൃഷികളായ കുരുമുളക്, തെങ്ങ്, റബ്ബർ, കമുക് എന്നിവയ്ക്ക് അനുകൂലമായ കാലാവസ്ഥയാണ് ഉള്ളത്.

ഭൂപ്രകൃതിയനുസരിച്ച് അയ്യപ്പൻ കോവിലിനെ സമതലം, ചെറുചരിവ്, ഇടത്തരംചരിവ്, ഉയർന്ന കുന്നുകൾ, എന്നിങ്ങനെ നാലായി തിരിക്കാം.

ജലപ്രകൃതി

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്. 1825 മി. മി. മഴയാണ് ശരാശരി ഒരു വർഷത്തിൽ ലഭിക്കുന്നത്. വേനൽക്കാലത്ത് കടുത്ത വരൾച്ച അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണിത്. അധിക മഴയുണ്ടാകുന്ന വർഷത്തിൽ കാർഷികവിളകൾ നശിച്ചുപോകുന്നു. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറ്, തെക്ക്, വടക്ക്, എന്നീ ഭാഗങ്ങളെ സ്പർശിച്ചുകൊണ്ട് പെരിയാർ ഒഴുകുന്നു. 8,7,6,5,4 എന്നീ വാർഡുകളെ സ്പർശിച്ചുകൊണ്ടാണ് പെരിയാർ കടന്നു പോകുന്നത്. ഇടുക്കി ജലസംഭരണി 1,8,7 വാർഡുകളിലെ താഴ്ന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നു. 2-ാം വാർഡിലൂടെ കൂരാൻ പാറത്തോട് കടന്നു വന്ന് പെരിയാറ്റിൽ ചേരുന്നു. ആനവിലാസംതോട് 3-ാം വാർഡിലൂടെ കടന്നു പോകുന്നു. ഏലമലകളുടെ മുകൾ ഭാഗം പ്രകൃതിദത്തമായ നീരുറവകളാൽ സമ്പന്നമാണ്.

കുളങ്ങൾ

വാർഡ്	പേര്	വലുപ്പം
1	ഇലവുങ്കൽപടി	20 x 20
2	ഇടപ്പൂകുളം	10 x 10
3	ചെന്നി നായ്ക്കൻകുടി	20 x 20
4	പുല്ലുമേട്	20 x 20
5	പച്ചകാട്	90 x 50
6	പൂവന്നികുടി	20 x 20
7	"	"
8	"	"

കുടിവെള്ളം ആവശ്യത്തിനുപയോഗിക്കുന്ന 15 കുളങ്ങളും, 1800 കിണറുകളും സ്വകാര്യയുടമസ്ഥതയിലുണ്ട്. ജലസേചനാവശ്യത്തിനുള്ള സ്വകാര്യ കുളങ്ങൾ 8 എണ്ണം പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി കാണപ്പെടുന്നു.

ജനപ്രകൃതി

ജനസംഖ്യയുടെ ഭൂരിഭാഗവും കർഷകതൊഴിലാളികളും, തോട്ടംതൊഴിലാളികളുമാണ്. നിർമ്മാണതൊഴിലാളികളും, കരകൗശലതൊഴിലാളികളും, വിദഗ്ദ്ധതൊഴിലാളികളും ജനസംഖ്യയുടെ 10% വരും. അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, വ്യാപാരികൾ എന്നിവർ ജനസംഖ്യയുടെ 4% വരും. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 13667 ആണ്. സ്ത്രീകൾ, പുരുഷൻമാരേക്കാൾ കൂടുതൽ ഈ പഞ്ചായത്തിലുണ്ട്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ എണ്ണം 4200 ആണ്. 4600 കുടുംബങ്ങളാണ് പഞ്ചായത്തിലധിവസിക്കുന്നത്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാനപ്രശ്നമാണ്. തോട്ടം തൊഴിലാളികൾ ഭൂരിപക്ഷവും സ്ഥിരം തൊഴിലാളികളല്ല. കാർഷികമേഖലയിലെ ഉല്പന്നങ്ങളുടെ വിലനിലവാരമില്ലായ്മ ഈ മേഖലയിൽ ജോലിചെയ്യുന്നവരെ സാരമായി ബാധിച്ചിട്ടുണ്ട്.

ആവശ്യമുള്ള സമയത്ത് കർഷകതൊഴിലാളികളെ ലഭിക്കുന്നില്ല. തമിഴ്തൊഴിലാളികളാണ് തോട്ടം മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിപക്ഷവും.

ഇവരുടെ എല്ലാം സേവനവേതന വ്യവസ്ഥകൾ പൂർണ്ണമായും നിയമവിധേയമല്ല. ഇവരുടെ താമസ സൗകര്യങ്ങൾ അനാരോഗ്യകരമായ ചുറ്റുപാടുകൾ നിറഞ്ഞതാണ്.

5.1

കൃഷിയും ജലസേചനവും

അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്ത് കുന്നു പ്രദേശങ്ങൾ നിറഞ്ഞ ഒരു കാർഷിക ഗ്രാമമാണ്. കുരുമുളക്, കാപ്പി, ഏലം, എന്നിവയാണ് പ്രധാന കൃഷികൾ. ഭക്ഷ്യ ധാന്യങ്ങളുടെ ഉത്പാദനം തീർത്തും കുറവായ ഈ കാർഷിക ഗ്രാമത്തിൽ റബ്ബർ, തെങ്ങ്, കമുക്, കൊക്കോ, തേയില മുതലാവ തോട്ടവിളകളും മരച്ചീനി, വാഴ, ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, മുതലായ വാർഷിക വിളകളും, വെണ്ട, ബീൻസ്, പയർ, പാവൽ, പടവലം, മത്ത, വഴുതന തുടങ്ങിയ പച്ചക്കറികളും കൃഷി ചെയ്തു വരുന്നു. ഫലവൃക്ഷങ്ങൾ വളർത്തുന്നതിനും, ഔഷധ സസ്യകൃഷിക്കും അലങ്കാര പുഷ്പകൃഷിക്കും അനുയോജ്യമായ കാലാവസ്ഥയാണ് ഇവിടെയുള്ളത്.

ഭൂവിനിയോഗം

20 ഹെക്ടർ മാത്രം വനഭൂമിയുള്ള ഈ ഗ്രാമത്തിന്റെ ആകെ വിസ്തീർണ്ണം 4300 ഹെക്ടറാണ്. ഇതിൽ 4260 ഹെക്ടർ സ്ഥലവും കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. കാർഷികവൃത്തിയും അനുബന്ധ മൃഗസംരക്ഷണവും ജീവിതമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ഈ ഗ്രാമത്തിൽ 92 വൻകിട കർഷക കുടുംബങ്ങളാണ് ഉള്ളത് 3760 നാമമാത്ര കർഷക കുടുംബങ്ങളും 2850 ചെറുകിട കർഷക കുടുംബങ്ങളും ഇടകലർന്ന് താമസിക്കുന്നു. ഈ ഗ്രാമത്തിൽ 3 പട്ടിക വർഗ്ഗകോളനിയും 2 പട്ടികജാതി കോളനിയുമുണ്ട്.

പട്ടിക 1
കർഷക കുടുംബങ്ങളുടെ എണ്ണം

ക്രമ നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	ആകെ വിസ്തീർണ്ണം
1	ഒരു ഹെക്ടറിൽ താഴെ	3760	
2	ഒരു ഹെക്ടർ മുതൽ രണ്ടു ഹെക്ടർ വരെ	2850	
3	രണ്ട് ഹെക്ടറിനു മുകളിൽ	92	

കാർഷിക വിളകൾ

വിവിധ ഇനം കാർഷിക വിളകളുടെ ഉൽപ്പാദനത്തിനും അനുയോജ്യമായ കാലാവസ്ഥയുള്ള ഈ കാർഷിക ഗ്രാമത്തിൽ കൃഷിചെയ്യുന്ന വിളകളുടെ വിസ്തീർണ്ണം പട്ടിക രണ്ടിൽ സൂചിപ്പിക്കുന്നു.

പട്ടിക 2
1. തോട്ട വിളകൾ

ക്രമ നമ്പർ	വിളയുടെ പേര്	വിസ്തീർണ്ണം
1	കുരുമുളക്	2020 ഹെക്ടർ
2	കാപ്പി	960 "
3	തേയില	600 "
4	ഏലം	290 "
5	തെങ്ങ്	110 "
6	കമുക്	42 "
7	റബ്ബർ	40 "
8	കൊക്കോ	4 "

അവലംബം - കൃഷിഭവൻ - അയ്യപ്പൻ കോവിൽ

2. വാർഷിക വിളകൾ

ക്രമ നമ്പർ	വിളയുടെ പേര്	വിസ്തീർണ്ണം
1	മരച്ചീനി (കപ്പ)	40 ഹെക്ടർ
2	ഇഞ്ചി	20 "
3	മഞ്ഞൾ	15 "
4	ഏത്തവാഴ	12 "
5	മറ്റിനം വാഴകൾ	50 "

അവലംബം - കൃഷിഭവൻ - അയ്യപ്പൻ കോവിൽ

3. പച്ചക്കറികൾ

ക്രമ നമ്പർ	വിളയുടെ പേര്	വിസ്തീർണ്ണം
1.	വെണ്ട	5 ഹെക്ടർ
2.	ബീൻസ്	7 "
3.	പയർ	8 "
4.	പാവൽ, പടവലം, മത്തൻ	8 "

അവലംബം - കൃഷിഭവൻ - അയ്യപ്പൻ കോവിൽ

ജലസേചനം

ജലസേചന സൗകര്യങ്ങൾ വളരെ കുറവായ ഈ കാർഷികഗ്രാമത്തിൽ വിളകളുടെ ഉൽപ്പാദനം പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

കാലവർഷവും (ജൂൺ- ആഗസ്റ്റ്) തുലാവർഷവും (ഒക്ടോബർ- നവംബർ) ലഭിക്കുന്ന ഈ സ്ഥലത്തെ ശരാശരി മഴ 182.24 M.M. ആണ്. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ വൃഷ്ടി പ്രദേശമായ ഈ ഗ്രാമത്തിൽ മഴവെള്ളത്തെ ആസൂത്രിതമായ നീർമറി പദ്ധതി വഴി പ്രയോജനപ്രദമായി വിനിയോഗിക്കുന്നതിനും അതുവഴി കാർഷിക അഭിവൃദ്ധി കൈവരിക്കുന്നതിനും സാധിക്കും. മലമുകളിൽ ലഭ്യമായ വെള്ളം പൈപ്പുകൾ വഴി കൃഷി ഭൂമിയിൽ എത്തിച്ചും പെരിയാറിലെ സുലഭമായ ജലം പമ്പുപയോഗിച്ച് കുന്നിൽ മുകളിലെത്തിച്ചും അവിടെ നിന്നും വിതരണം ചെയ്യുന്നതുവഴിയും ജലസേചന സൗകര്യം ഒരു പരിധി വരെ നേടുന്നതിന് കഴിയും. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ വൃഷ്ടിപ്രദേശത്ത് കിടക്കുന്ന ഈ ഗ്രാമത്തിൽന്റെ താഴ്ന്ന പ്രദേശങ്ങളിൽ കിണറുകൾ കുഴിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് സമൃദ്ധമായ ജലം കാർഷികാവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

കൃഷിരീതികൾ

പരമ്പരാഗത കാർഷിക രീതികൾ ഉപയോഗിച്ച് കൃഷി ചെയ്തുവരുന്ന ഈ കാർഷിക ഗ്രാമത്തിൽ അത്യുത്പാദന കാർഷിക വിത്തിനങ്ങളുടെയും ആധുനിക കാർഷിക ഉപകരണങ്ങളുടേയും ഉപയോഗം വളരെ പരിമിതമാണ്. ആധുനിക കാർഷികോപകരണങ്ങളും അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ഇവ ഉപയോഗിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ കർഷകരെ മനസ്സിലാക്കുന്നതിന് പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടത് കാർഷികമേഖലയുടെ അഭിവൃദ്ധിക്ക് ആവശ്യമാണ്.

വളവിനിയോഗം

ജൈവവളങ്ങൾ ഉപയോഗിച്ചാണ് കാർഷിക വിളയിൽ ഏറിയ പങ്കും കൃഷിചെയ്യുന്നതെങ്കിലും ഇവ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ കമ്പോസ്റ്റു കുഴികൾ മതിയായ അളവിൽ ഈ കാർഷികഗ്രാമത്തിൽ ലഭ്യമല്ല. ജൈവവളങ്ങളുടെ ഉൽപാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് വൈജ്ഞാനിക സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടത് കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു അനുപേക്ഷണീയമാണ്.

പഞ്ചായത്തിലെ ഏകസഹകരണ സംഘത്തിലൂടെയാണ് രാസവള കീടനാശിനികൾ പ്രധാനമായും കർഷകർക്ക് ലഭ്യമാകുന്നത്. രാസവളങ്ങളുടെയും കീടനാശിനികളുടെയും വർദ്ധിപിച്ച വില സാധാരണ കർഷകരെ ഇവ ഉപയോഗപ്പെടുത്തുവാൻ കഴിയാത്ത വരാക്കി മാറ്റുന്നു. രാസവളങ്ങളും, കീടനാശിനികളും ശരിയായ അളവിലും രീതികളിലുമല്ല ഭൂരിഭാഗം കർഷകരും ഉപയോഗിക്കുന്നത്. രാസവളങ്ങളും, കീടനാശിനികളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുകയും അവ ഉപയോഗിക്കേണ്ട ശാസ്ത്രീയ രീതികളെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ആവശ്യമാണ്.

മണ്ണൊലിപ്പ്

ഉയർന്ന പ്രദേശങ്ങളും തൂക്കായ കുന്നിൽ ചെരിവുകളും നിറഞ്ഞ ഈ കാർഷിക ഗ്രാമത്തിൽ മണ്ണൊലിപ്പ് കാർഷിക ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു. കൃഷി ഭൂമിയുടെ മേൽമണ്ണ് സംരക്ഷിക്കുന്നതിനു ഭൂമിയെ തട്ടുകളായി തിരിക്കുന്നതിനും കയ്യാലകൾ നിർമ്മിക്കുന്നതിനും, സമഗ്ര ജല വിനിയോഗ പദ്ധതി നടപ്പാക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടത് കർഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഒരേക്കർ ഭൂമിയിൽ മണ്ണൊലിപ്പ് തടയുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ കല്ലു കൈയ്യാല നിർമ്മിക്കുന്നതിന് 20,000/- രൂപാ മുതൽ 50,000/- രൂപാ വരെ ആവശ്യമാണ്. ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും ഈ ഭീമമായ തുക കയ്യാല നിർമ്മിക്കുന്നതിനു വേണ്ടി കണ്ടെത്തേണ്ടിയിരിക്കുന്നു.

മണ്ണ് പരിശോധന

മണ്ണു പരിശോധനയ്ക്കു ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് അത്യാവശ്യംവേണ്ട മറ്റൊരു നടപടി. ഇപ്പോൾ 100 കി. മീറ്റർ അകലെ തൊടുപുഴയിൽ മുതലക്കോടത്താണ് മണ്ണു പരിശോധിക്കുന്ന സംവിധാനം ഏറ്റവും അടുത്തുള്ളത്. ഹൈറേഞ്ചിലൂടെ ഇത്രയും ദൂരം എത്തിച്ചേരുന്നതിനു ഒരു ദിവസത്തോളം എടുക്കും. കൃഷിഭവനുകൾ വഴി മണ്ണു പരിശോധനയ്ക്കു കൊണ്ടുപോകുന്ന മണ്ണ് സാമ്പിളുകളെക്കുറിച്ചുള്ള വിവരങ്ങൾ സാധാരണയായി കർഷകർക്കു ലഭിക്കാറില്ല. അശാസ്ത്രീയമായ വളം ചേർക്കലും, കീടനാശിനികളുടെ ഉപയോഗവും മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടമാവുന്നതിനു കാരണമാകുന്നു. മണ്ണു പരിശോധന ആവശ്യമായ സഇജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും കർഷകർക്ക് മണ്ണു പരിശോധിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുന്നതിനു പഠനക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

കൂലിനിരക്ക്

വർദ്ധിച്ചുവരുന്ന കൂലിനിരക്ക്, പണിക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് നാമമാത്ര കർഷകരെയും ചെറുകിട കർഷകരെയും വിഷമിപ്പിക്കുന്നു. ഇത് താരതമ്യേന ജോലി കൂടുതൽവേണ്ട ഭക്ഷ്യ ധാന്യങ്ങളുടെയും, പച്ചക്കറിയുടെയും കൃഷിയിൽ നിന്നും സാധാരണ കർഷകരെ അകറ്റി നിർത്തുന്നു. പുരുഷൻമാർക്ക് 70 /- രൂപായും (ചെലവില്ലാതെ) സ്ത്രീകൾക്ക് 60 /- രൂപായുമാണ് കൂലി നിരക്ക്.

കാർഷിക വായ്പാ സൗകര്യങ്ങൾ

കൃഷി ഇറക്കുന്നതിനു ആവശ്യമായ മുതൽ മുടക്കാണ് സാധാരണ കർഷകരെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. അയ്യപ്പൻ കോവിൽ സർവ്വീസു സഹകരണ ബാങ്കും, യൂണിയൻ ബാങ്കിന്റെ മേരികുളം ശാഖയുമാണ് ഈ ഗ്രാമത്തിന്റെ ധനകാര്യ സ്ഥാപനങ്ങൾ. സ്ഥിരപട്ടയം ലഭിക്കാത്തവരാണ് 90 % കർഷകരും. പട്ടയത്തിന്റെ ലഭിക്കാത്തത് കർഷകരെ ഈ ധനകാര്യ സ്ഥാപനങ്ങളുടെ സഹായം ഉപയോഗപ്പെടുത്തുന്നതിൽ നിന്നും തടയുന്നു. കാർഷിക വായ്പകളുടെ ഉയർന്ന പലിശ നിരക്ക് കർഷകരെ കാർഷിക വായ്പകൾ എടുക്കുന്നടിൽ നിന്നും തടയുന്നു. കൃഷി ഇറക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം കുറഞ്ഞ പളിശ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്.

കൃഷിഭവൻ

ഗതാഗത സൗകര്യങ്ങൾ വളരെ കുറവുള്ള ഈ ഗ്രാമത്തിന്റെ ഒരറ്റത്തുനിന്നും കൃഷിഭവനിൽ എത്തുന്നതിന് എട്ടു കിലോമീറ്ററിലധികം കാൽനടയായി സഞ്ചരിക്കണം. ഇക്കാരണം കൊണ്ടുതന്നെ പഞ്ചായത്തിലെ കർഷകർക്ക് കൃഷിഭവനുമായി ബന്ധപ്പെടുന്നതിനു വളരെയേറെ ബുദ്ധിമുട്ടേണ്ടിയിരിക്കുന്നു. കൃഷിഭവൻ വഴി നടപ്പാക്കുന്ന പദ്ധതികൾ സമയാസമയങ്ങളിൽ കർഷകർക്കറിയുന്നതിനു സാധിക്കുന്നില്ല. കൃഷിഭവൻ വഴി നടപ്പാക്കുന്ന വളത്തിന്റേയും മറ്റ് കീടനാശിനികളുടേയും വിതരണം അനുയോജ്യമായ കാലങ്ങളിൽ അല്ലാത്തതിനാൽ കർഷകർക്ക് പരാതിയുണ്ട്. കൃഷിഭവൻ വഴി നടപ്പാക്കുന്ന പദ്ധതികൾ അനുയോജ്യമായ കാലങ്ങളിൽ നടപ്പാക്കേണ്ടതും, കർഷകരെ അറിയിക്കേണ്ടതിനു അനുയോജ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. കൃഷിഭവന്റെ കീഴിൽ പതിനാലു കുരുമുളകുസംരക്ഷണ സമിതികളും ഒരു കേര സംരക്ഷണ സമിതിയും പ്രവർത്തിച്ചുവരുന്നു.

കാർഷികേതരവരുമാന മാർഗ്ഗങ്ങൾ

ഇടത്തരം കർഷകരുടേയും, നാമമാത്ര കർഷകരുടേയും മറ്റൊരു പ്രധാന വരുമാന മാർഗ്ഗമാണ് മൃഗസംരക്ഷണം. മുയൽ, കോഴി, ആട്, പശു മുതലായവയാണ് ഇവയിൽ പ്രധാനം. ഇവ കർഷകർക്ക് ആവശ്യമായ മുട്ടയും മാംസവും, പാലും നൽകുന്നു. നാമമാത്ര കർഷകരുടെ കുട്ടികളുടെ പോഷണത്തിൽ ഇവ പ്രധാന പങ്കു വഹിക്കുന്നു. ഇവയുടെ വിസർജ്ജ്യ വസ്തുക്കൾ കൃഷിക്കാവശ്യമായ ജൈവവളം പ്രദാനം ചെയ്യുന്നു. ഈ മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ട എല്ലാവിധ സഹായങ്ങളും ലഭ്യമാക്കേണ്ടത് നാമമാത്ര ചെറുകിട കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു ആവശ്യമാണ്. കൂടുകൾ നിർമ്മിക്കുന്നതിന് സഹായം നൽകുകയും ഉരുക്കളെ വാങ്ങുന്നതിന് ലോണുകൾ അനുവദിക്കുകയും ചെയ്യണം.

കന്നുകാലി വളർത്തലിനെ വരുമാന മാർഗ്ഗമായി അംഗീകരിച്ചിരിക്കുന്ന കർഷകർ ധാരാളമുള്ള ഈ ഗ്രാമത്തിൽ ബയോഗ്യാസ് പദ്ധതികൾ നടപ്പാക്കുന്നത് ഗ്രാമത്തിലെ ഇന്ധനക്ഷാമം പരിഹരിക്കുന്നതിനു സഹായകരായ പട്ടയം ഇല്ലാത്ത നിർദ്ധനരായ കർഷകർക്ക് കൃഷിഭവൻ വഴിയോ, പഞ്ചായത്തുവഴിയോ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്. വീട്ടിലേയ്ക്കാവശ്യമായ പാചക ഇന്ധനം ഇതുവഴി കണ്ടെത്താവുന്നതാണ്. ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനും, ചെറുകിട കർഷകരുടെ

പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലി ല്ലായ്മ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട ഇനം കന്നുകാ ലികളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം ചെയ്യു ന്നത് സഹായകരമാകും.

മിശ്രകൃഷിയും കാർഷിക നേഴ്സറിയും

കൃഷിഭൂമിയുടെ ലഭ്യത നാൾക്കുനാൾ കുറഞ്ഞുവ രുന്ന ഈ കാലഘട്ടത്തിൽ മിശ്രകൃഷി പ്രോത്സാഹിപ്പി ക്കുന്നതിന് ലഭ്യമായ കൃഷിഭൂമിയുടെ ആദായകരമായ ഉപ യോഗത്തിനു സഹായിക്കും. മെച്ചപ്പെട്ട ഇനം വിത്തും തൈകളും കൃത്യസമയത്ത് കൃഷിഭവൻ വഴി ലഭ്യമാക്കേ ണ്ടതാണ്. മിക്കവാറും എല്ലാവിധ കാർഷികവിളകളും കൃഷി ചെയ്യുന്നതിനനുയോജ്യമായ കാലാവസ്ഥയുള്ള ഈ ഗ്രാമ ത്തിൽ റബ്ബറിന്റേയും, കൊക്കോയുടേയും, കുരുമുളകിന്റേ യും, കാപ്പിയുടേയും കൃഷി വളരെവേഗം അഭിവൃദ്ധി പ്രാപി ച്ചുകൊണ്ടിരിക്കുന്നു. മറ്റു ഫലവൃക്ഷങ്ങളും, പുഷ്പലതാ ദികളും സമൃദ്ധമായി വളരുന്നതിനനുയോജ്യമായ കാലാ വസ്ഥയുള്ള ഈ ഗ്രാമത്തിൽ ഒറ്റ നേഴ്സറി പോലും ഇല്ല. വളരെയേറേ വരുമാന സാധ്യതയുള്ള നഴ്സറി തുട ങ്ങുന്നതിനു സാമ്പത്തികസഹായം ലഭ്യമാക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വർദ്ധിച്ചു വരുന്ന ജീവിതാവശ്യങ്ങൾ കർഷകരെ കൂടുതൽ വരുമാനമുള്ള മറ്റ് മാർഗ്ഗങ്ങളിലേയ്ക്കു തിരിയാൻ കാരണമായി തീർത്തു..

2. അത്യുത്പാദനശേഷിയും, രോഗപ്രതിരോധശേഷി യുമുള്ള വിത്തിനങ്ങളുടെ ലഭ്യതയിലുള്ള അപര്യാപ്തത മുതൽമുടക്കിന് അനുസൃതമായ വരുമാനം കർഷകർക്ക് നൽകുവാൻ അപര്യാപ്തമായി തീർന്നു.

3. വർദ്ധിച്ചുവരുന്ന ഉത്പാദന ചെലവ്, കർഷക തോഴിലാളികളുടെ എണ്ണക്കുറവ്, കാലവർഷത്തിൽ വന്ന വ്യതിയാനങ്ങൾ, കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച വരുടെ എണ്ണത്തിൽ വന്ന വ്യതിയാനം, മുതലായവ കാർഷിക ഉത്പാദനം കുറയുന്നതിനു കാരണമായി. പാർപ്പിടം നിർമ്മിക്കുന്നതിനും ഗതാഗത സൗകര്യങ്ങൾക്കു വേണ്ടിയും കൃഷിഭൂമിപയോഗപ്പെടുത്തിയത് കാർഷിക ഉൽപ്പാദനം കുറയുന്നതിനു കാരണമായി.

4. അശാസ്ത്രീയമായ രാസവളപ്രയോഗവും ജൈവ വള ലഭ്യതയിൽ ഉണ്ടായ കുറവും ഭൂമിയുടെ ഫലഭൂയി ഷ്ടി നഷ്ടപ്പെടുന്നതിന് കാരണമായി. ഇത് കാർഷിക ഉത്പ്പാദനത്തെ സാരമായി ബാധിച്ചു.

5. യഥാകാലം കൃഷിയിറക്കുന്നതിനു ആവശ്യമായ കൂലിപ്പണിക്കാരെ കിട്ടാതെ വന്നത് കൃഷിയിറക്കുന്നതിൽ താമസം നേരിടുന്നതിനും വിളയി കുറയുന്നതിനും കാര ണമായി.

6. തീക്ഷണമായ വേനൽക്കാലവും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും കൃഷി പൊതുവെ ലാഭകരമല്ലാതാക്കി തീർത്തു.

7. ഭൂമിയെ തട്ടുകളാക്കി തിരിക്കുന്നതിന് ആവശ്യ മായി വന്ന വമ്പിച്ച സാമ്പത്തിക ചെലവ് താങ്ങാൻ കർഷകർക്ക് കഴിയാതിരുന്നത് മണ്ണൊലിപ്പ് വർദ്ധിപ്പിക്കു ന്നതിനും ഭൂമിയുടെ വളക്കൂറ് നഷ്ടപ്പെടുന്നതിനും കാര ണമായി തീർന്നു.

8. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ നട ത്തേണ്ട വളപ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. മണ്ണു പരിശോധനയ്ക്ക് ആവശ്യമായ സൗ കര്യങ്ങൾ ഇല്ലാത്തത് കൃഷിയെ സാരമായി ബാധിക്കു ന്നു.

9. ആധുനിക കാർഷിക രീതികളെക്കുറിച്ചും അവ യുടെ ഉപയോഗത്തെക്കുറിച്ചും ഉള്ള അറിവില്ലായ്മ കർഷ കർക്ക് ഇവ ഉപയോഗപ്പെടുത്തുന്നതിന് തടസ്സമായി തീരു ന്നു.

നിർദ്ദേശങ്ങൾ

1. ഭൂമിയെ തട്ടുകളായി തിരിക്കുന്നതിനും, മണ്ണൊ ലിപ്പ് തടയുന്നതിനും, കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ കല്ലുകയ്യാലകൾ നിർമ്മി ക്കുന്നതിന് ആവശ്യമായ ധനം ദീർഘകാല വായ്പക ളായി ലഭ്യമാക്കുക.

2. മഴയിൽ നിന്നും ലഭ്യമായ ജലം പരമാവധി ഉപ യോഗപ്പെടുത്തുന്നതിനും സമഗ്ര ജലനിയന്ത്രണ പദ്ധതി (നീർമറി) ഈ ഗ്രാമത്തിൽ നടപ്പാക്കണം.

3. കർഷകർക്ക് അവരുടെ മണ്ണു പരിശോധി ക്കുന്നതിനും ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി അറിവു ലഭിക്കുന്നതിനും വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടു ത്തണം.

4. വർദ്ധിച്ചു വരുന്ന രോഗകീടങ്ങളെ തടയുന്നതിനു ശരിയായ സമയത്ത് വളകീട നാശിനികൾ ഉപയോഗിക്കു ന്നതിനും സന്നദ്ധസംഘടനകളെ രൂപീകരിക്കുക.

5. മെച്ചപ്പെട്ട ഇനം നടീൽ വസ്തുക്കൾ ലഭ്യമാക്കു ന്നതിനു തെരഞ്ഞെടുത്ത ക2ഷകർക്ക് നഴ്സറികൾ ആരംഭിക്കുന്നതിനു സാമ്പത്തിക സഹായം നൽകുക.

6. ഔഷധ സസ്യങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുകയും ഔഷധ സസ്യതോട്ടങ്ങൾ ആരംഭിക്കുന്നതിനു സാമ്പത്തിക സഹായവും വിത്തും ലഭ്യമാക്കുക.

7. പച്ചക്കറികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു ഗുണമേൻമയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുകയും ജൈവ വളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനു പ്രോത്സാഹനം നൽകുക. സ്കൂളുകളിൽ മത്സരാടിസ്ഥാനത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുക.

8. കീടനാശിനികൾ ശരിയായ അളവിലും, അനുപാതത്തിലും മതിയായ സുരക്ഷാസംവിധാനങ്ങളോടുകൂടി ഉപയോഗിക്കുന്നതിനു കർഷകർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുക. ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചറിവു നൽകുന്നതിനു പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

9. രാസവള കീടനാശിനികൾ മതിയായ അളവിൽ ലഭ്യമാക്കുന്നതിന്, സഹകരണ വളംഡിപ്പോകൾ ആരംഭിക്കുക വഴി സൗകര്യങ്ങൾ ഏർപ്പെടുത്തുക. ജൈവ വളത്തിന്റെ ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുക. കമ്പോസ്റ്റുകൾ നിർമ്മിക്കുന്നതിന് വൈജ്ഞാനിക സാമ്പത്തിക സഹായങ്ങൾ നൽകുക.

10. ജലസേചനത്തിനു വേണ്ട പദ്ധതികൾ നടപ്പിലാക്കുക.

11. കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനു ഗ്രൂപ്പ് ഇൻഷ്യുറൻസ് നടപ്പാക്കുക.

12. കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും ജലസേചനത്തിനുള്ള പമ്പുകൾക്ക് മണ്ണെണ്ണ ലഭ്യമാക്കുകയും ചെയ്യുക.

13. ഓരോ ഇനം കാർഷിക വിളകളുടേയും മെച്ചപ്പെട്ട കർഷകരെ തിരഞ്ഞെടുത്ത് പ്രോത്സാഹിപ്പിക്കുക.പഞ്ചായത്തു തലത്തിൽ അവാർഡുകൾ നൽകുക.

14. കർഷകരുടെ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ഉൽപ്പന്നങ്ങളും, നാണ്യ ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനും, വിപണനം നടത്തുന്നതിനും പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക. നാണ്യ വിളകൾ ശേഖരിക്കുന്നതിനും കർഷകർക്ക് മാന്യമായ വില ലഭ്യമാക്കുന്നതിനും, മാർക്കറ്റിംഗ് ഫെഡറേഷനുകൾ രൂപീകരിക്കുക.

15. കപ്പ, ചേന, ചേമ്പ്, വാഴ, പച്ചക്കറികൾ, കൂൺ, തുടങ്ങിയവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.

16. കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ സാധാരണ കർഷകർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ കൈകൊള്ളുക. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന വിത്തും, വളവും യഥാസമയം ലഭ്യമാക്കുക.

17. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പഠനക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക. വിവിധ കാർഷിക വികസന സമിതികളുടേയും കൃഷിഭവന്റേയും പ്രവർത്തനം കുറ്റമറ്റതാക്കുക.

18. കർഷകർക്ക് ആവശ്യമായ പാചക ഊർജ്ജം ലഭിക്കുന്നതിനു ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനു കർഷകർക്ക് പ്രോത്സാഹനം നല്കുക.

19. കാർഷിക വികസന സമിതികൾ വഴി വിതരണം ചെയ്തിരിക്കുന്ന കാർഷിക ഉപകരണങ്ങൾ കേടുകൂടാതെ സംരക്ഷിക്കുന്നതിനും ആധുനിക കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ട നടപടികൾ കൈകൊള്ളുക.

20. തരിശുഭൂമികൾ കൃഷി ചെയ്യുന്നതിനു വേണ്ടി പദ്ധതികൾ ഏർപ്പെടുത്തുക.

21. ലിഫ്റ്റ് ഇറിഗേഷൻ വഴി കുരിശുമല - പരപ്പ് ഭാഗത്ത് പെരിയാറ്റിൽ നിന്നും ജലം പമ്പ് ചെയ്തു പഞ്ചായത്തിന്റെ പലഭാഗത്തുനിന്നുമുള്ള കർഷകർക്ക് ജലം എത്തിക്കുക.

22. പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

23. റബ്ബർകൃഷിക്ക് പ്രോത്സാഹനവും സാമ്പത്തികസഹായവും നൽകുക.

24. സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പാ പരിധി ഉയർത്തുകയും നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യുക.

25. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വെയർഹൗസുകൾ ആരംഭിക്കുക.

5.2

മൃഗസംരക്ഷണവും മത്സ്യബന്ധനവും.

കേരളത്തിലെ ഉല്പാദനരംഗത്ത് ഉടൻ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നത് കൃഷി അനുബന്ധമേഖലകളിൽ ആണല്ലോ. ഇതിൽതന്നെ പെട്ടെന്നൊരു കുതിച്ചു ചാട്ടത്തിന് കൂടുതൽ സാധ്യത നൽകുന്നത് മൃഗസംരക്ഷണമേഖലയാണ്. മൃഗസംരക്ഷണപ്രവർത്തനങ്ങൾ ജനങ്ങളുടെ അടുത്തേയ്ക്ക് നീങ്ങിയതോടെ കാലി, കോഴി വളർത്തലിൽ ജനങ്ങൾക്ക് താൽപര്യം കൂടിയിരിക്കുന്നു. അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ പശു, ആട്, എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. ഈ കുടിയേറ്റ മേഖലകളിൽ കർഷകർ താമസമാക്കിയ കാലം മുതൽ ഭക്ഷ്യ-ധാന്യ ഉൽപാദനവും കന്നുകാലി വളർത്തലും മുഖ്യ തൊഴിലായിരുന്നു.

പ്രകൃതി ക്ഷോഭം, രോഗബാധ എന്നിവ മൂലം മൃഗസംരക്ഷണമേഖല നശിച്ചുക്കൊണ്ടിരുന്ന നാളുകളിലും ഇവിടുത്തെ ചെറുകിട കർഷകർക്ക് കന്നുകാലിസംരക്ഷണം ഒരു ജീവനമാർഗ്ഗമായിരുന്നു.

പശു ആട്, എരുമ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണ്. ഇപ്പോൾ പഞ്ചായത്തിൽ 4811പശുക്കളും 256 എരുമകളും 1975 ആടുകളും 640 പന്നികളും ആണുള്ളത്. ഈ പഞ്ചായത്തിലെ 26% വീടുകളിൽ പശുക്കളെയും 27% വീടുകളിൽ ആടുകളെയും വളർത്തുന്നു. റോഡുകളുടെയും വാഹനങ്ങളുടെയും ആവിർഭാവവും, പാടശേഖരങ്ങളുടെ ഇല്ലായ്മയും ജോലിക്ക് ഉപയോഗിക്കുന്ന വളർത്തുമൃഗങ്ങളുടെ എണ്ണവും വളരെയേറെ കുറച്ചെങ്കിലും കാർഷിക-മൃഗസംരക്ഷണമേഖലയിൽ ഉണ്ടായ അഭിവൃദ്ധി മറ്റു വളർത്തുമൃഗങ്ങളുടെ എണ്ണവും ഗുണവും വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്.

കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ നടത്തിയ മൃഗസംരക്ഷണ പരിപാടികൾ ചുവടെ ചേർക്കുന്നു:-

1) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

1992-93 സാമ്പത്തികവർഷം 45 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 1994-95 സാമ്പത്തികവർഷം ഇതിന്റെ കാലാവധി കഴിയുകയും ഉണ്ടായി. 1995-96, സാമ്പത്തിക വർഷം 75 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

2) ആടുവളർത്തൽ

1991-92 സാമ്പത്തികവർഷം 5 ആടുവളർത്തൽ യൂണിറ്റുകൾ നടപ്പിലാക്കി

3) കോഴിവിതരണം

വിവിധ പദ്ധതികളിലായി കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലത്ത് 3560 കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്തു.

4) പന്നിവളർത്തൽ

വിവിധ പദ്ധതികളിലായി 66 പന്നികുഞ്ഞുങ്ങളെ കഴിഞ്ഞ വർഷങ്ങളിൽ വിതരണം ചെയ്തു.

5) ബോധവത്ക്കരണ പരിപാടികൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കുകയുണ്ടായി.

6) പേവിഷബാധനിയന്ത്രണം:

കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ പേവിഷബാധ നിയന്ത്രണക്യാമ്പുകൾ സംഘടിപ്പിച്ചു.

7) കുളമ്പുരോഗ നിയന്ത്രണം

പഞ്ചായത്തിലെ 1,2,8 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് കുളമ്പുരോഗ പ്രതിരോഗ കുത്തിവയ്പുകൾ നടത്തിവരുന്നു.

ഈ പഞ്ചായത്തിൽ 3 പാൽ സോസൈറ്റികളുടെതായി 5 പാൽ സംഭരണകേന്ദ്രങ്ങൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ഭൂപ്രകൃതിയും വിസ്തീർണ്ണവും കണക്കാക്കുമ്പോൾ അവയുടെ സേവനം പരിമിതമാണ്. പാലിന്റെ വിലകുറവ്, കാലിത്തീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റെയും, പുല്ലിന്റെയും ലഭ്യതകുറവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു.

അയ്യപ്പൻകോവിൽ പഞ്ചായത്തിലുള്ള മൃഗാശുപത്രി മാട്ടുക്കട്ടയിലാണ് സ്ഥിതി ചെയ്യുന്നത്. ചപ്പാത്തിൽ ഒരു സബ്സെന്ററും പ്രവർത്തിക്കുന്നു. വിസ്തൃതിയേറിയ

ഈ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലുള്ളവർക്കും ഈ ആശുപത്രിയുടെ പ്രയോജനം ലഭിക്കുന്നതിന് നന്നേ ക്ലേശിക്കുന്നു. മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളിലുള്ള കുറവ് അവശ്യ മരുന്നുകളുടെ കുറവ് ജീവനക്കാരുടെ ദൗർലഭ്യം എന്നിവ മൃഗാശുപത്രിയുടെ പോരായ്മകളാണ്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ - അകിടുവീക്കം, കുളമ്പുരോഗം ഉദരരോഗം എന്നിവയാണ്. രോഗപ്രതിരോധനടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും ശാസ്ത്രീയമായ തീറ്റക്രമത്തെ കുറിച്ചും കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങളെ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്തിൽ ഏകദേശം 40 ഓളം ഗോബർഗ്യാസ് (ബയോഗ്യാസ്) പ്ലാൻറുകൾ നിലവിലുണ്ട്. ഇതിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിനും ഈ കാർഷികമേഖലകളിൽ സാധ്യതകൾ ഏറെയുണ്ടെങ്കിലും കർഷകരുടെ അജ്ഞതയും ധനസഹായലഭ്യതയിലുള്ള അഭാവവുമാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിന്റെ വെളിച്ചത്തിനും വേണ്ടി വരുന്ന വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാൻറിൽനിന്നും ലഭ്യമാക്കാം. കൃഷിയ്ക്കാവശ്യമായ ജൈവവളത്തിന്റെ ഒരു നല്ലഭാഗവും കാലിവളർത്തലിലൂടെയാണ് ലഭിക്കുന്നത്.

ഈ പഞ്ചായത്തിൽ പന്നിവളർത്തൽ വളരെ കുറവാണ് എന്നാൽ വളരെയേറെ സാധ്യതയുള്ള ആദായകരമായ മേഖലയാണിത്. ഈ പഞ്ചായത്തിൽ പന്നിമാംസത്തിന് വിപണനസാധ്യതകൾ ഏറെയുണ്ട്. 73% വീടുകളിലും കോഴിവളർത്തുന്ന ഈ പഞ്ചായത്തിൽ പകർച്ചവ്യാധികൾ ഒരു വലിയ പ്രശ്നമാണ്. ഉൽപാദനക്ഷമത കുറഞ്ഞ നാടൻ കോഴികളുടെ ബാഹുല്യം മുട്ട ഉൽപാദനത്തെ സാരമായി ബാധിക്കുന്നു. ഇറച്ചികോഴികളുടെ ഉപയോഗം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും ഇവയുടെ ഉൽപാദനകേന്ദ്രം ഒന്നും ഈ ഗ്രാമ പഞ്ചായത്തിലില്ല.

മാംസലഭ്യതയ്ക്കായി അന്യ സംസ്ഥാനത്തെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. (സംഭരണ വിപണനങ്ങളിലുള്ള അപര്യാപ്തതയാണ്. എരുമകിടാങ്ങളെയും പോത്തിൻകിടാങ്ങളെയും ശരിയായി വളർത്തുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നത്)

ഈ പഞ്ചായത്തിൽ 27% വീടുകളിൽ ആടുകളെ വളർത്തുന്നുണ്ട്. ആടുവളർത്തൽ സ്ത്രീകൾക്ക് അനായസമായി ചെയ്യാവുന്ന ഒരു സംരംഭമാണ്. 2,3,4,5 എന്നീ വാർഡുകളിൽ കൃഷിയ്ക്കനുയോജ്യമല്ലാത്ത പുല്ലുമേടുകൾ ഉള്ളതിനാൽ ആടുവളർത്തൽ വിപുലപ്പെടുത്താവുന്നതാണ്. ഇവിടെയുള്ള ആടുകൾ കൂടുതലും നാടൻ വർഗ്ഗത്തിൽപ്പെട്ടവയായതിനാൽ അവരിൽ നിന്നുമുള്ള പാൽ-മാംസ ഉൽപാദനം കുറവാണ്. നാടൻ ആടുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ മേൽത്തരം മുട്ടനാടുകളെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വളർത്താവുന്നതാണ്. ചുരുക്കം ചിലവീടുകളിലുള്ള മുയൽ വളർത്തൽ ഒരു വിനോദത്തിന് വേണ്ടിയാണ്. എന്നാൽ വളരെയധികം ലാഭമുണ്ടാക്കാവുന്ന ഒരു സംരംഭമാണിത്.

ഈ പഞ്ചായത്തിൽ 1385 പട്ടികളുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 126 എണ്ണം അലഞ്ഞു നടക്കുന്നവയാണ്. 400 എണ്ണം പ്രതിരോധകുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട്.

പട്ടിക 1
വളർത്തു മൃഗങ്ങളും പക്ഷികളും

മൃഗങ്ങളുടെ ഇനം	എണ്ണം
പശു	1682
എരുമ	87
ആട്	1875
പന്നി	237
പട്ടി	1385
കോഴി	13475

അവലംബം -മൃഗാശുപത്രി -അയ്യപ്പൻകോവിൽ

പട്ടിക 2
വളർത്തുമൃഗങ്ങളെ വളർത്തുന്നവീടുകൾ

മൃഗങ്ങളുടെ ഇനം	ശതമാനം
പശു	26%
ആട്	27%
പന്നി	4%
കോഴി	73%

അവലംബം -മൃഗാശുപത്രി -അയ്യപ്പൻകോവിൽ

പ്രധാനപ്രശ്നങ്ങൾ

1) കാലിത്തീറ്റയുടെ വിലകൂടുതൽ
2) പാലിന്റെ വിലകുറവ്.
3) മൃഗചികിത്സ സൗകര്യങ്ങളുടെ അപര്യാപ്തത
4) ക്ഷീരവിപണനത്തിനുള്ള സാധ്യത കുറവ്
5) കന്നുകാലികളെ ഇൻഷ്വർചെയ്യുന്നതിനുള്ള കൂടിയ പ്രിമീയം തുക.
6) കന്നുകാലി വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം
7) പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്
8) മാംസത്തിനുപയോഗിക്കുന്ന മൃഗങ്ങളുടെ സംഭരണ വിപണനത്തിനുള്ള അപര്യാപ്തത.
9) അറവുശാലകളുടെ പോരായ്മകൾ
10) ഉൽപാദനക്ഷമതകൂടിയ കോഴികളുടെ കുറവ്.
11) ഇറച്ചികോഴികുഞ്ഞുങ്ങളുടെ ലഭ്യത കുറവ്.

നിർദ്ദേശങ്ങൾ

1) കാലിത്തീറ്റ പ്രാദേശികമായി കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കുവാൻ ഒരു കാലിത്തീറ്റ ഉൽപാദന കേന്ദ്രം നിർമ്മിക്കുക
2) തീറ്റ പുൽകൃഷിയ്ക്കു വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
3) മൃഗചികിത്സാ സൗകര്യങ്ങൾ എല്ലാ വാർഡിലും ലഭ്യമാക്കുവാൻ ക്യാമ്പ് ഡിസ്പെൻസറികൾ സ്ഥാപിക്കുക.
4) മൃഗാശുപത്രി.യുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
5) ആടു വളർത്തൽ, മുയൽ വളർത്തൽ, ഇറച്ചി കോഴി വളർത്തൽ എന്നിവയ്ക്കു സാമ്പത്തിക സഹായം ലഭ്യമാക്കുക.
6) ഉൽപാദനക്ഷമത കൂടിയ മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
7) മുട്ട, മാംസം സംഭരണവിപണന സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.
8) പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത അറവുശാല സ്ഥാപിച്ച് ശുദ്ധമായ മാംസോൽപാദനം ഉറപ്പുവരുത്തുക.
9) കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുക.
10) പന്നിപ്രജനന യൂണിറ്റിലേയ്ക്കും, കൊഴിപ്പിക്കൽ യൂണിറ്റിലേയ്ക്കും പന്നിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
11) രോഗപ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റി ബോധവത്ക്കരണക്യാമ്പുകളും സെമിനാറുകളും നടത്തുക.
12) പാലിന്റെ വില വർദ്ധിപ്പിക്കുക.
13) പഞ്ചായത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ഏക ക്ഷീര വ്യവസായ സംഘം രൂപീകരിക്കുക. ഓരോ വാർഡിലും ഒരു സംഭരണ സംഘം എങ്കിലും സ്ഥാപിക്കുക.
14) പാൽ ഉൽപന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക
15) കുറഞ്ഞ ചിലവിൽ കന്നുകാലികളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുക.
16) കന്നുകാലി വളർത്തലിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
17) അറവുശാലയിലെ മാംസേതര ഉൽപന്നങ്ങളായ കൊഴുപ്പ്, തൊലി, അസ്ഥികൾ മുതലായവ സംസ്ക്കരിച്ചെടുക്കുന്നതിന് സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുന്നത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കും
18) മാതൃകക്ഷീരോൽപാദക കർഷകരെ വർഷംതോറും തെരെഞ്ഞെടുത്ത് ആദരിക്കുക.
19) മുയൽ വളർത്തലിന് പ്രോത്സാഹനം നൽകുക.

മത്സ്യബന്ധനം

അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്തിന്റെ തെക്ക്-പടിഞ്ഞാറ് ഭാഗത്തു കൂടി ഒഴുകുന്ന പെരിയാറ്റിലും ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ വെള്ളം കയറി കിടക്കുന്ന പ്രദേശവും മത്സ്യബന്ധനത്തിന് ഉപയോഗിക്കാം. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറു ഭാഗങ്ങളിൽ ഏകദേശം 10km ദൂരത്തുള്ള പെരിയാർ നദിയാണ് പ്രധാന ജലാശയം. മത്സ്യബന്ധനം 250 ഓളം ആളുകളുടെ ഉപജീവനമാർഗ്ഗമാണ്. ഇവിടെ നിന്നും സിലോപ്യ, ഗോൾഡ് ഫിഷ്. കട്ട്ല, ചേറുമീൻ, മുഷി തുടങ്ങിയ ശുദ്ധജലമത്സ്യങ്ങൾ ലഭ്യമാണ്. മത്സ്യബന്ധന ഉപകരണങ്ങൾ മതിയായ അളവിൽ ലഭ്യമല്ലാത്തത് മത്സ്യതൊഴിലാളികളെ വളരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ രണ്ട് മത്സ്യവിപണന കേന്ദ്രങ്ങളാണ് ഉള്ളത്. ഇവ റോഡിന്റെ പാർശ്വങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഒരു പൊതു മത്സ്യമാർക്കറ്റ് ഇവിടെയില്ല. വളരെയേറെ സാദ്ധ്യതയുള്ള ശുദ്ധജല മത്സ്യകൃഷിയിൽ കാര്യമായി ഒരു ചലനവും ഉണ്ടായിട്ടില്ല.

പ്രധാന പ്രശ്നങ്ങൾ

1) മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ ലഭ്യതകുറവ്.
2) അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുന്നില്ല.യ
3) മത്സ്യകൃഷിയ്ക്കു സാധ്യതകൾ ഉണ്ടെങ്കിലും യാതൊരു പ്രോത്സാഹനവും ഇല്ല.
4) മത്സ്യവിപണനത്തിന് ആധുനിക സംവിധാനങ്ങളോ പൊതുസംവിധാനങ്ങളോ ഇല്ല.
5) മത്സ്യം വളർത്തുന്നതിന് കുളങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ തുകയുടെ അപര്യാപ്തത.
6) വേനൽക്കാലത്ത് പുഴയിൽ കണ്ടുവരുന്ന മത്സ്യരോഗങ്ങൾ തടയാൻ ആവശ്യമായ നടപടികളുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ

1) മത്സ്യവിപണനത്തിന് കോൾഡ്സ്റ്റോറേജ് സൗകര്യങ്ങളും പൊതുമാർക്കറ്റുകളും സ്ഥാപിക്കുക.
2) കുളങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക ലോണുകളായി ലഭ്യമാക്കുക.
3) മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക.
4) മത്സ്യരോഗങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
5) മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങളും പാസും ലഭ്യമാക്കുക.



5.3

വ്യവസായം

വ്യവസായമേഖലയിൽ അയ്യപ്പൻകോവിൽ പഞ്ചായത്തിൽ കഴിഞ്ഞ ദശകങ്ങളിൽ കാര്യമായ തുടക്കം ഇടാൻ കഴിഞ്ഞില്ല എന്നത് ഒഴിവാക്കാൻ ആവില്ലയെങ്കിലും 1920 മുതൽ ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ തേയിലത്തോട്ടവും അനുബന്ധ വ്യവസായ ഫാക്ടറികളും സ്ഥാപിക്കുകയുണ്ടായി. തേയില ഫാക്ടറിയിൽ അതോടനുബന്ധിച്ചുള്ള വിഭവങ്ങളും നമ്മുടെ പഞ്ചായത്തിന് വാണിജ്യപരമായ പ്രസക്തി ഉണ്ടാക്കി തന്നു എന്നത് എടുത്ത് പറയേണ്ടതാണ്. വിദേശികൾ ഉണ്ടാക്കിതന്ന ഈ വ്യവസായ പാരമ്പര്യം കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ കാർഷികകോത്പന്നങ്ങളുടെ മേഖലയിലേക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ആ പോരായ്മ ഇന്നും നമ്മുടെ പഞ്ചായത്തിന് ഒരു കുറവായി തന്നെ അവശേഷിക്കുന്നു.

അയ്യപ്പൻകോവിൽ പഞ്ചായത്തിൽ പൊതുമേഖലയിൽ വൻകിടവ്യവസായങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ സ്വകാര്യ മേഖലയിൽ മേൽ പ്രസ്താവിച്ച രോഹിത് എസ്റ്റേറ്റ് കമ്പനിയുടെ ചപ്പാത്തിലുള്ള തേയില ഫാക്ടറിയും ഹെവൻവാലിയിലുണ്ടായിരുന്ന ഡേവിഡ് പോത്തൻ വക തേയില ഫാക്ടറിയും മാട്ടുക്കട്ടയിൽ പ്രവർത്തിച്ചിരുന്ന സ്വകാര്യ ഉടമയിലുള്ള തീപ്പെട്ടി നിർമ്മാണ ഫാക്ടറിയും, നാമമാത്രമായി തോണിത്തടി ഭാഗത്ത് തുകൽ വ്യവസായവും, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി അടയ്ക്കാ സംസ്ക്കരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട് എന്നത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായമാണ്.

ചെറുകിടവ്യവസായം

ചെറുകിടവ്യവസായം യൂണിറ്റുകൾ ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

കെ. ചപ്പാത്ത് കേന്ദ്രമാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ലെയ്ത്തുശാല, മേരികുളത്ത് പ്രവർത്തിക്കുന്ന എണ്ണയാട്ടുമില്ല്, പരപ്പ് പാലം ജംഗ്ഷനിൽ പ്രവർത്തിക്കുന്ന സിമിൻറ് ഇഷ്ടിക നിർമാണ യൂണിറ്റും മാട്ടുക്കട്ടയിലും, മേരികുളത്തും പ്രവർത്തിക്കുന്ന കാപ്പിക്കുരു സംസ്ക്കരണ കേന്ദ്രങ്ങളും, മേരികുളം ഇടപൂക്കുളത്തിൽ പ്രവർത്തിക്കുന്ന മുളക്, മല്ലി സംസ്ക്കരണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

പ്രശ്നങ്ങൾ

1) മൂലധനത്തിന്റെ അപര്യാപ്തത.
2) വ്യവസായത്തിനാവശ്യമായ വൈദ്യുതി, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.
3) കാർഷികോത്പന്നങ്ങൾ (കുരുമുളക്, ഏലം, കാപ്പി, അടയ്ക്ക, ചക്കക്കുരു. കൊക്കൊ) വ്യവസായരംഗത്ത് പ്രയോജനപ്പെടുന്നില്ല.
4) സാങ്കേതിക പരിജ്ഞാനക്കുറവ്
5) ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
6) വിപണന സാധ്യതകുറവ്.
7) വ്യവസായമേഖലയുമായുള്ള സമ്പർക്കക്കുറവ്.
8) വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് ഇത്തരം പ്രശ്നങ്ങൾ നില നിൽക്കുന്നുവെങ്കിലും വ്യവസായവളർച്ചക്ക് ആവശ്യമായിട്ടുള്ള അനുകൂലഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താ വിനിമയ സൗകര്യങ്ങൾ, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കുവാനുള്ള തത്പരത ഇവ പ്രകടമാണ്. ഈ അനുകൂലഘടകങ്ങൾ പ്രയോജനപ്പെടുത്തി വരും കാലങ്ങളിൽ വ്യാവസായിക പുരോഗതി കൈവരിക്കാവുന്നതാണ്.

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ താഴെപ്പറയുന്ന വ്യവസായങ്ങൾ തുടങ്ങാൻ സാധ്യതയുണ്ട് എന്ന് ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്ന് തന്നെ വ്യക്തമാണ്.

1) കാലിത്തീറ്റ വ്യവസായം

2) ചുടുകട്ട, സിമൻറുകട്ട, കട്ടിള, ജന്നൽ തുടങ്ങിയ ഗൃഹനിർമ്മാണ സാമഗ്രികൾ.
3) അച്ചാർ നിർമ്മാണയൂണിറ്റ്.
4) സോപ്പ് നിർമ്മാണ യൂണിറ്റ്.
5) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്
6) കയറുൽപന്ന നിർമ്മാണ യൂണിറ്റ്.
7) റബ്ബർ ഉത്പന്ന യൂണിറ്റ്.
8) ജൈവ വള നിർമ്മാണ യൂണിറ്റ്.
9) ബിസ്ക്കറ്റ് നിർമ്മാണ യൂണിറ്റ്.
10) ഫർണിച്ചർ നിർമ്മാണ യൂണിറ്റ്.
11) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.
12) പെയ്ൻറ് നിർമ്മാണശാല.
13) പാൽ സംസ്ക്കരണ ശാല.
14) പ്രിൻറിംഗ് ബൈൻഡിംഗ് യൂണിറ്റ്

മേൽ വിവരിച്ച നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ നടത്താൻ കഴിയും.

5.4

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ജീവസന്ധാരണത്തിനായി മലമടക്കുകളിൽ അഭയം പ്രാപിച്ച പൂർവികർക്ക് താമസസൗകര്യം ഏറുമാടങ്ങളിലും യാത്രാ സൗകര്യം ആനച്ചാലുകളും ആയിരുന്നു. അദ്ധ്വാനഫലമായി കൂപ്പ് റോഡുകൾ രൂപം കൊണ്ടു. അതും നാമ മാത്രമായി. പിന്നീടുള്ള കാലയളവിൽ പഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്നു പോകുന്ന പെരിയാറിനു സമാന്തരമായി P.D.റോഡ് രൂപം കൊണ്ടു. വികസനത്തിന്റെ പാതയിലൂടെയുള്ള മുന്നേറ്റത്തിന് പൂർണ്ണ തൃപ്തിയോടെയല്ലെങ്കിലും കൃഷിക്കാർ വഴി മാറേണ്ടിവന്നു. ഇടുക്കി പദ്ധതിയുടെ പൂർത്തീകരണത്തിനായി ഒഴിയിക്കപ്പെട്ട ഭൂമിയുടെ കൂട്ടത്തിൽ അന്നത്തെ P.D. റോഡിന്റെ കുറേ ഭാഗങ്ങളും ഉൾപ്പെട്ടു. അങ്ങനെ P.D. റോഡ് തോണിത്തടി മുതൽ കുഴൽ പാലം വരെ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടി പുനർ-നിർമ്മിക്കപ്പെട്ടു. പഞ്ചായത്തിന്റെ വികസനത്തിന് ഇത് ഒരു വഴിത്തിരിവായിത്തീർന്നു. ഇന്ന് ആനച്ചാലുകളുടേയും ഏറുമാടങ്ങളുടേയും സ്ഥാനത്ത് ടാറിംഗ് റോഡുകളും കോൺക്രീറ്റു കെട്ടിടങ്ങളും രൂപീകരിക്കപ്പെട്ടു വരുന്നു. 11 കി.മി ദൂരം റോഡ് ബസ്സ് റൂട്ടായി നിലകൊള്ളുന്നു. ഇതു കൂടാതെ ഗതാഗതത്തിനായി താൽക്കാലികമായി ഉപയോഗിക്കാവുന്ന 115 കി.മി റോഡ് ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ 3 കി.മി. മാത്രമാണ് ടാറിംഗ് പൂർത്തിയായിട്ടുള്ളത്. നാടിന്റെ നാനാവിധമായ വികസനത്തിന്റെ നാട്ടെല്ലായി നിലക്കൊള്ളുന്ന നമ്മുടെ ഗ്രാമീണ റോഡുകൾ ഇന്നും ശൈശവാവസ്ഥയിൽത്തന്നെ നില കൊള്ളുന്നു.

റോഡ് ഗതാഗതം

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളും അവയ്ക്കുള്ള സാദ്ധ്യതകളും ചുവടെ ചേർക്കുന്നു.

1) പീരുമേട് - ദേവികുളം റോഡ്

അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ 1,V, VI, VII എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന സ്റ്റേറ്റുഹൈവേയാണ് ഈ റോഡ്. ഈ റോഡുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ പരിമിതമാണ്.

i) വളവുകൾ:

ഈ റോഡിലെ ഷൺമുഖപ്പടി, വട്ടമലപ്പടി, ആലടി, പാറമട വളവ്, പരപ്പുമുതൽ തോണിത്തടി വരെയുള്ള വളവുകൾ, യൂണിയൻ ബാങ്കിന്റെ സമീപത്തുള്ള വളവ്, മാട്ടുക്കട്ട - കിഴക്കേമാട്ടുക്കട്ട ജംഗ്ഷനിലുള്ള വളവ് ഇവ വളരെയേറെ അപകടം വരുത്തി വയ്ക്കുന്നവയാണ്. ഇത് പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ അത്യാവശ്യമായി സ്വീകരിക്കണം.

ii) വീതിയുടെ അപര്യാപ്തത:

മേരികുളം ജംഗ്ഷൻ മുതൽ മാട്ടുക്കട്ട ജംഗ്ഷൻ വരെ വീതി കൂട്ടേണ്ടിയിരിക്കുന്നു. ഇത് കാൽനടക്കാർക്കും വളരെയേറെ സൗകര്യ പ്രദമായിരിക്കും. കൂടാതെ നിരവധി അപകടങ്ങൾ ഒഴിവാക്കാനും ഇത് ഉപകരിക്കും.

iii) ഓടകൾ:

ഓടകളുടെ അപര്യാപ്തതയാണ് ഗതാഗതരംഗത്ത് പഞ്ചായത്തു നേരിടുന്ന പ്രധാന പ്രശ്നം. ഇതു നിമിത്തം കാലവർഷത്തിൽ റോഡുകൾ താറുമാറാവുകയും ബസ് യാത്രയും കാൽനടയാത്രയും ഒരു പോലെ ദുഷ്ക്കരമാവുകയും ചെയ്യുന്നു.

iv) ഇലക്ട്രിക്-ടെലഫോൺ- സഹകാര്യ പോസ്റ്റുകൾ

ഈ റോഡിന്റെ ഇരുവശത്തും നിലനിൽക്കുന്ന പോസ്റ്റുകൾ ഒഴിവാക്കുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യുന്നതു വഴി പലതരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുവാൻ സാധിക്കും.

v) പാലങ്ങൾ

അയ്യപ്പൻകോവിൽ പഞ്ചായത്തിനെ ഉപ്പുതറ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതും ഹൈറേഞ്ചിന്റെ കവാടവുമായ പെരിയാറിന്റെ കുറുകേയുള്ള പാലത്തിന്റെ നിർമ്മാണം അനിശ്ചിതത്വത്തിലാണ്. വർഷകാലങ്ങളിൽ പലപ്പോഴും ഗതാഗത സ്തംഭനവും അപകടവും വരുത്തിവയ്ക്കുന്ന ചപ്പാത്തു പാലത്തിന്റെ നിർമ്മാണം നാടിന്റെ പുരോഗതിക്കും യാത്രക്കാരുടെ സുരക്ഷിതത്വത്തിനും അത്യാവശ്യമായി ഒന്നാണ്.

vi) ബസ്സ്റ്റോപ്പ്:

ഈ പഞ്ചായത്തിൽ 14-നമ്പർ കിലോമീറ്റർ കുറ്റിക്കു സമീപം വില്ലേജ് ആഫീസ് പടിക്കൽ ഒരു ബസ്സ്റ്റോപ്പ് ഉണ്ടാകേണ്ടതുണ്ട്.

vii) വെയിറ്റിംഗ് ഷെഡ്

ജനസാന്ദ്രത കൂടിയ പ്രദേശങ്ങളായ ചപ്പാത്ത്, ആല ടി, വില്ലേജ് ആഫീസ് പടി എന്നിവിടങ്ങളിൽ ഓരോ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതുണ്ട്.

viii) നടപ്പാതകൾ

എൽ. പി. യു. പി. സ്ക്കൂളുകളും ഉപരിപഠനത്തിന് സ്വകാര്യ സ്ഥാപനങ്ങളും ഉള്ള മേരികുളത്ത് റോഡിന്റെ വീതി കുറവു നിമിത്തം കുട്ടികൾക്ക് യാത്ര ദുഷ്ക്കരമാ കുന്നു. ആയതിനാൽ മാട്ടുക്കട്ട ജംഗ്ഷൻ മുതൽ മേരി കുളം ജംഗ്ഷൻ വരെ നടപ്പാത നിർമ്മിക്കേണ്ടത് അത്യാ വശ്യമാണ്.

ix) റോഡ് ക്രോസിംഗ്:

ഗവ: എൽ. പി. സ്ക്കൂളുകൾ, എയ്ഡഡ് എൽ. പി ഹൈസ്ക്കൂൾ എന്നിവ സ്ഥിതി ചെയ്യുന്ന മാട്ടുക്കട്ട, മേരി കുളം എന്നീ സ്ഥലങ്ങളിൽ റോഡ് ക്രോസിംഗിനുള്ള സ്ഥലം ഏർപ്പെടുത്തണം.

x) സിഗ്നലുകൾ :

സ്ക്കൂളുകൾ സ്ഥിതി ചെയ്യുന്ന മാട്ടുക്കട്ട, മേരികുളം എന്നീ പ്രദേശങ്ങളിൽ സിഗ്നലുകൾ അത്യാവശ്യമായും വേണ്ടതാണ്. കൂടാതെ സ്റ്റേറ്റുഹൈവേ കടന്നുപോകുന്ന ഈ പഞ്ചായത്തിലുടനീളം ഒറ്റ സിഗ്നലുകൾ പോലും നിലവിൽ ഇല്ലാ എന്നുള്ള ഖേദകരമായ വസ്തുതയാണ്. ഇതിന് അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്.

xi) P. W. D റോഡുകൾ :

ഈ പഞ്ചായത്തിനെ ഉപ്പുതറ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതും 7-ാം വാർഡിലെ പരപ്പിൽ P.D റോഡുമായി ബന്ധപ്പെടുന്നതുമായ P.W.D . റോഡ് നിര വധി വാഹനങ്ങൾ ഉപയോഗപ്പെടുത്തുന്നുവെങ്കിലും ടാറിംഗ് ജോലികൾ നടക്കാത്തതാണ്. ഇത് എത്രയും വേഗം ടാർ ചെയ്യേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തു റോഡുകൾ

പ്രധാനമായും മൂന്നു തരത്തിലുള്ള റോഡുകളാണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നത്. എട്ടു മീറ്ററും അതി ലധികവും വീതിയുള്ളതും മറ്റു പഞ്ചായത്തുമായി ബന്ധി പ്പിക്കുന്നതുമായ റോഡുകൾ, വാർഡുകളിലെ ജനസാ ന്ദ്രത കൂടുതലുള്ള പ്രധാന പ്രദേശങ്ങളും പ്രധാന ജംഗ്ഷനുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, പഞ്ചായത്തിലെ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ എന്നിവയാണ് പ്രധാനപ്പെട്ടവ.

മേരികുളം - ആനവിലാസം റോഡ്

ഈ റോഡിന്റെ നീളം ഏതാണ്ട് 13 കി.മീ. ആണ്. അതിൽ 1.800 കി.മീ ടാറിംഗ് പൂർത്തീകരിച്ചതാണ്. ശേഷി ക്കുന്നതിൽ 1.600 കി.മീ. സോളിംഗ് പൂർത്തിയാക്കിയതാണ് ബാക്കി ദൂരത്തിൽ 8 മീറ്റർ വീതിയിൽ മൺ പണികൾ തീർത്തതാണ്. ഇത് ഈ പ്രദേശത്തെ സേവനതല്പര രായ ആളുകൾ സ്വന്ത പരിശ്രമത്തിലൂടെ ബുൾഡോസർ ഉപയോഗിച്ച് പണി തീർത്തതാണ്. ഇതിന്റെ ശേഷിച്ച പണികൾ ബന്ധപ്പെട്ട ഘടകങ്ങൾ ഏറ്റെടുത്ത് എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളിൽ ഒന്നാണ് ഇത്. ഇതിന്റെ പൂർത്തീകരണത്തിലൂടെ വിനോദ സഞ്ചാര കേന്ദ്രമായ തേക്കടിയുമായി ബന്ധപ്പെടുന്നതിന് വളരെയേറെ സമയ ലാഭവും ദൂരലാഭവും ലഭ്യമാകുന്നു. അങ്ങനെ പഞ്ചായ ത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനു തന്നെ അടി സ്ഥാനമായി പരിണമിക്കുന്നതാണ് ഈ റോഡ്.

ചപ്പാത്ത് - പാത്തിമുക്ക് റോഡ്

നമ്മുടെ പഞ്ചായത്തിനെ വണ്ടിപ്പെരിയാർ പഞ്ചായ ത്തുമായി ബന്ധിപ്പിക്കുന്നതാണ് ഈ റോഡ്. ജന പങ്കാ ളിത്തത്തോടുകൂടി മൺ ജോലികൾ പൂർത്തിയാക്കിയ ഈ റോഡും പഞ്ചായത്തിലെ എട്ടുമീറ്ററിലധികം വീതിയുള്ള റോഡുകളിൽ ഒന്നാണ്. എന്നാൽ ഇതിന്റെ ബാക്കി പണി കൾ ഇന്നും പൂർത്തിയാകാതെ അവശേഷിക്കുന്നു. പഞ്ചാ യത്തിലെ വളരെ പ്രധാനപ്പെട്ട ഈ റോഡിന്റെ സോ ളിംഗ് തുടങ്ങിയ ജോലികൾ ഉടൻ തന്നെ തീർക്കേണ്ടത് നാടിന്റെ വികസനത്തിന് അനിവാര്യമായ ഒന്നാണ്.

പട്ടിക I
പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	വീതി	ബസ് യാത്രാസൗകര്യം
1.	ചപ്പാത്ത് - വെള്ളിലാംകണ്ടം(P.D. റോഡ്)	P. W. D.	9km	8മീറ്റർ	ഉണ്ട്
2.	പരപ്പ് - ഉപ്പുതറ(അപ്രോച്ച് റോഡ്)	P.W.D.	1km	6 മീറ്റർ	ഉണ്ട്
3.	മേരികുളം - നിരപ്പ്	പഞ്ചായത്ത്	1.800km	6 മീറ്റർ	ഇല്ല
4.	മേരികുളം - ആലടി	പഞ്ചായത്ത്	0.400km	6 മീറ്റർ	ഇല്ല
5.	ആലടി - മേരികുളം	പഞ്ചായത്ത്	0.400km	6 മീറ്റർ	ഇല്ല
6.	മാട്ടുക്കട്ട - ആനക്കുഴി	പഞ്ചായത്ത്	0.100km	1/4 മീറ്റർ	ഇല്ല

പട്ടിക II
മൺവേല തീർത്തിട്ടുള്ള ഇതര റോഡുകൾ

നമ്പർ	കോഡ്	റോഡ്	ദൂരം	വീതി
1.	0101	ഗവ. L.P.S - അച്ചുതൻ പടി	1km	3മീറ്റർ
2.	0102	അച്ചുതൻപടി - വെള്ളിലാംകണ്ടം	1km	3 മീറ്റർ
3.	0103	കിഴക്കേമാട്ടുക്കട്ട - പടുക റോഡ്	3.5km	3 മീറ്റർ
4.	0104	സ്റ്റേഡിയം - ചെമ്പൻകുളം പടി മാട്ടുക്കട്ട - തോണിത്തടി	1km 1.5km	3 മീറ്റർ 3 മീറ്റർ
5.	0201	പൂവന്തിക്കുടി - ആറേക്കർ	1km	3 മീറ്റർ
6.	0202	ചെന്നിനായ്ക്കൻകുടി - ആറേക്കർ	1.5km	3 മീറ്റർ
7.	0203	ഡോർലാൻറ് - ചേമ്പളം	1km	3 മീറ്റർ
8.	0204	മേരികുളം - അയ്യപ്പൻകോവിൽ റോഡ്	2.5km	3 മീറ്റർ
9.	0205	തോണിത്തടി - അയ്യപ്പൻ കോവിൽ റോഡ്	2.5km	5 മീറ്റർ
10.	0206	ആലടി - ചെന്നിനായ്ക്കൻകുടി	2.5km	6 മീറ്റർ

പട്ടിക - III

പഞ്ചായത്തിൽ നിർമ്മിക്കേണ്ടവ

നമ്പർ	റോഡ്	ദൂരം
1.	നാടാർമേട് - നിരപ്പേൽകട	1km
2.	ആറേക്കർ - ഇടപ്പൂക്കുളം	1km
3.	പൂവന്തിക്കുടി- ഇടപ്പൂക്കുളം	1km
4.	കൊടിത്തോട്ടം - കാരിമറ്റംപടി	1.5km
5.	ആലടി - താളിയാനിക്കുന്ന്	1km
6.	സ്റ്റേഡിയം - മാട്ടുക്കട്ട റോഡ്	1km

മെറ്റൽ - ടാർ ചെയ്യേണ്ടവ

നമ്പർ	കോഡ്	റോഡ്	ദൂരം	വീതി
1	0101	മാട്ടുക്കട്ട - കിഴക്കേമാട്ടുക്കട്ട	4km	4 മീറ്റർ
2.	0102	പോസ്റ്റോഫീസ് - മുസ്ലീംപള്ളി	0.5km	4 മീറ്റർ
3.	0201	നിരപ്പേൽകട - ചെന്നിനായ്ക്കൻകുടി-ആറേക്കർ	3km	4 മീറ്റർ
4.	0202	നിരപ്പേൽകട - ഡോർലാൻറ്	1.5km	4 മീറ്റർ
5.	0301	മാട്ടുക്കട്ട - അയ്യപ്പൻകോവിൽ	3km	3 മീറ്റർ
6.	0302			
7.	0401			
8.	0402			
9.	0501			
10.	0502	മേരികുളം - അയ്യപ്പൻകോവിൽ	2.5km	3 മീറ്റർ
11.	0601	മേരികുളം - ആലടി	1.5km	4 മീറ്റർ
12.	0602	കൂരാംപാറ - ചെന്നിനായ്ക്കൻകുടി	1.5km	4 മീറ്റർ
13.	0701	തോണിത്തടി - അയ്യപ്പൻകോവിൽ	2.5km	5 മീറ്റർ
14.	0702	പൂവന്തികുടി - ചെന്നിനായ്ക്കൻകുടി	2.5km	6 മീറ്റർ
15.	0801			
16.	0802			

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിലെ സ്റ്റേറ്റുഹൈവേയുടെ ഭാഗമുൾപ്പെടെ എല്ലാ റോഡുകൾക്കും ആവശ്യമായ ഓടകൾ ഇല്ലാത്തതുമൂലം വർഷകാലത്ത് റോഡുകൾ ഓടകളായി മാറുന്ന അവസ്ഥയാണുള്ളത്. ഇതിന് ശാശ്വതമായ പരിഹാരമെന്ന നിലയിൽ സ്ഥിരമായ ഓടകൾ നിർമ്മിക്കുകയും അവ യഥാസമയങ്ങളിൽ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

റോഡുകളുടെ ദുരവസ്ഥയ്ക്കുള്ള മറ്റൊരു കാരണം അനധികൃത കൈയ്യേറ്റങ്ങളാണ്. P.D. റോഡിന്റെ പുറമ്പോക്കിൽ മേരികുളം, വില്ലേജ് ഓഫീസ് പടി തുടങ്ങിയ സ്ഥലങ്ങളിലെ ഭൂമിയില്ലാത്ത കുടിയേറ്റക്കാരെ പുനരധിവസിപ്പിച്ച് റോഡു കൈയ്യേറ്റം തടയണം. അതുപോലെ തന്നെ ടൗൺപ്രദേശങ്ങളിൽ വൻകിട കച്ചവടക്കാരും ചെറുകിട കച്ചവടക്കാരും വിൽപനവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിന് റോഡു കൈയ്യേറുന്നതു നിമിത്തം അപകട സാദ്ധ്യത ഏറുകയും ചെയ്യുന്നു. കൂടാതെ ഉൾപ്രദേശങ്ങളിലേക്കുള്ള റോഡുകളിലും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തു നിയമം അനുസരിച്ചുള്ള അകലം സൂക്ഷിക്കുന്ന കാര്യത്തിൽ കർശനമായ നിലപാടു സ്വീകരിച്ച് റോഡിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്. അതുപോലെ തന്നെ റോഡുവക്കിലുള്ള ഇലക്ട്രിക്ക് ടെലഫോൺ, സ്വകാര്യ പോസ്റ്റുകൾ ആവശ്യമായ അകലം പാലിച്ച് സ്ഥാപിക്കുന്നതിലൂടെ പല അപകടങ്ങളും ഒഴിവാക്കാൻ സാധിക്കും. കേബിളുകളും പൈപ്പുകളും സ്ഥാപിക്കുന്നതിനായി റോഡിലുണ്ടാക്കുന്ന കുഴികളും ക്രോസിംഗുകളും യഥാസമയത്ത് പണി പൂർത്തീകരിക്കാത്തതു മൂലം റോഡുകൾ താറുമാറാകുന്നു. ഇത്തരത്തിലുള്ള പണി കഴിഞ്ഞാലുടൻ തന്നെ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പ്രത്യേകതകൾ കണക്കിലെടുത്ത് പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എല്ലാ പ്രധാന റോഡുകളും മെറ്റൽ ചെയ്ത് ടാർ ചെയ്താൽ വർഷം തോറുമുള്ള അനാവശ്യമായ അറ്റകുറ്റപ്പണികൾ ഒഴിവാക്കുന്നതിനും ആ തുക റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്. പഞ്ചായത്തിന്റെ ജീവനാഡികളായ റോഡുകളുടെ വികസനം പഞ്ചായത്തിന്റെ പുരോഗതിയുടെ പ്രധാന നാഴികകല്ലാണ്.

മാർക്കറ്റ്

കുടിയേറ്റമേഖലയായ ഹൈറേഞ്ചിന്റെ കവാടമായിരുന്നു അയ്യപ്പൻ കോവിൽ. മുൻകാലത്ത് ഈ ജില്ലയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യ വിപണനകേന്ദ്രമായിരുന്നു ഈ സ്ഥലം. എന്നാൽ സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനുവേണ്ടി കുടിയേറ്റ കർഷകരുടെ പരിശ്രമം തീറെഴുതികൊടുത്തു. ഇടുക്കി പദ്ധതിക്കുവേണ്ടി കുടി ഒഴിപ്പിക്കപ്പെട്ട പ്രദേശങ്ങളുടെ കൂട്ടത്തിൽ ജില്ലയുടെ സിരാ കേന്ദ്രമായിരുന്ന അയ്യപ്പൻകോവിൽ പ്രദേശവും ഉൾപ്പെട്ടു. ഞായറാഴ്ച തോറും ആയിരക്കണക്കിന് ആളുകൾ ക്രയവിക്രയങ്ങൾ നടത്തുന്ന 'ആഴ്ചചന്ത' അയ്യപ്പൻ കോവിലിൽ നിലനിന്നിരുന്നു. ആ സ്ഥലം ഇപ്പോൾ K.S.E.B. അധീനതയിലാണ്. പകരമായി മാട്ടുക്കട്ടയിൽ പൊതുവിപണനത്തിനായി സ്ഥലം അകയർ ചെയ്തിട്ടുണ്ട്. കുടിഒഴിപ്പിക്കലിനു വിധേയമായെങ്കിലും മുൻകാലങ്ങളിലേക്കാൾ ജനസാന്ദ്രത ഈ പഞ്ചായത്തിൽ കൂടുതലാണ്. പബ്ലിക് മാർക്കറ്റിനായുള്ള പഞ്ചായത്തു വക സ്ഥലം ഇന്നും തരിശായി കിടക്കുന്നു. നാമമാത്രമായുള്ള കെട്ടിടങ്ങൾ മാത്രമേ ഈ സ്ഥലത്ത് ഇപ്പോൾ നിർമ്മിച്ചിട്ടുള്ളു. പൊതുവിപണനകേന്ദ്രത്തിന് ആവശ്യവും സാദ്ധ്യതയും ഉള്ള ഈ പഞ്ചായത്തിൽ പ്രസ്തുത കാര്യത്തിന് മുൻതൂക്കം കൊടുക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറയേണ്ടതാണ്.

നഷ്ടപ്പെട്ടവ തിരിച്ചുകൊണ്ടുവരുവാൻ കഴിയാത്തതിനാലും നിലവിൽ ഉള്ളവ നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പൊതു വിപണന ക്രയവിക്രയ സംസ്ക്കാരം നമുക്കു വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

1. വെയർഹൗസ്

പ്രധാനമായും കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ വിളവെടുപ്പ് സമയത്ത് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുക എന്ന അവസ്ഥ ഒരു തീരാശാപം പോലെ കർഷകരെ വേട്ടയാടുന്നു. ഉചിതമായ വില ലഭിക്കുന്നതുവരെ വിളകൾ ശേഖരിച്ചുവയ്ക്കുകയും അതോടൊപ്പം അടുത്തകൃഷി ഇറക്കുകയും ചെയ്യേണ്ടിവരുമ്പോൾ ഇടത്തരക്കാരായ കർഷകർ മദ്ധ്യവർത്തികളായ അമിത പലിശക്കാരെ ആശ്രയിക്കേണ്ടി വരുന്നു. ഇത് കർഷകന്റെ നില നില്പിനെ തന്നെ അപകടത്തിലാക്കുന്നു. വെയർഹൗസുകളുടെ അഭാവം ഇതിനു പ്രധാനകാരണമാണ്.

2. ആഴ്ചചന്തകളും പൊതുകമ്പോളങ്ങളും

പഞ്ചായത്തിലെ ജനസാന്ദ്ര പ്രധാനമായ പ്രദേശങ്ങളിൽ ഒന്നാണ് മാട്ടുക്കട്ട. ഇവിടെ പഞ്ചായത്തിന് തനതായ സ്ഥലവും ഉണ്ട്. എങ്കിലും പച്ചക്കറി, പഴവർഗ്ഗങ്ങൾ, മത്സ്യമാംസം എന്നിവയ്ക്ക് ഒരു പൊതു കമ്പോളം ഇല്ല. തോട്ടം മേഖലയിലെ തൊഴിലാളികളും കർഷകരും തിങ്ങിപ്പാർക്കുന്ന പഞ്ചായത്തിലെ എടുത്തു പറയേണ്ട ഒരു പ്രദേശമാണ് കെ. ചപ്പാത്ത്. ഏറിയ പങ്കും തൊഴിലാളികളായ ഇവിടുത്തെ ജനങ്ങൾ ആഴ്ചയിൽ ഒരിക്കൽ ഞായറാഴ്ചയാണ് പ്രധാനമായും ക്രയവിക്രയങ്ങൾ നടത്തുന്നത്. ഇടുങ്ങിയ റോഡിന്റെ ഇരുവശങ്ങളിലുണ്ടാകുന്ന തിരക്ക് ഗതാഗതത്തിനുപോലും തടസ്സമാകുന്നു. പഞ്ചായത്തു സ്ഥലം ഉള്ള ഈ പ്രദേശത്ത് ആളുകൾക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിക്കുന്നതിനുള്ള ആഴ്ച ചന്തപോലും ഇല്ല.

3. പാൽ ശീതീകരണകേന്ദ്രം

അയ്യപ്പൻകോവിൽ പഞ്ചായത്തിൽ ഇപ്പോൾ മൂന്നു പാൽ സംഭരണ കേന്ദ്രങ്ങൾ ഉണ്ട്. ഇവിടെ ശേഖരിക്കുന്ന പാൽ ശീതീകരിക്കുന്നതിനും പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള സാഹചര്യം ഇപ്പോൾ പഞ്ചായത്തിൽ നിലവിലില്ല. ഇതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

4. ഏലക്കായ് ലേല കേന്ദ്രം

തമിഴ് ഉടമസ്ഥതയിലുള്ള ഏലത്തോട്ടങ്ങളും ചെറുകിട ഏലകർഷകരും കൂടുതലായുള്ള അയ്യപ്പൻകോവിൽ പഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും ഏലക്കായ് ലേല കേന്ദ്രം ഇപ്പോൾ നിലവിൽ ഇല്ല. തന്മൂലം കൂടുതൽ വിലയ്ക്കായി ഇവിടെ ഉൽപാദിക്കപ്പെടുന്ന ഉൽപന്നങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടന്നുപോകുന്നു. തന്മൂലം സർക്കാരിനു കിട്ടേണ്ട നികുതികൾ പലപ്പോഴും കിട്ടാതെ വരുന്നു.

നിർദ്ദേശങ്ങൾ

1. ചെറുകിട കർഷകർക്ക് നാണ്യവിളകൾ സംഭരിക്കുന്നതിനും അതിന്റെ ഈടിന്മേൽ വായ്പ ലഭ്യമാക്കുന്നതിനും പര്യാപ്തമായ നിലയിൽ മാട്ടുക്കട്ടയിൽ ഗവൺമെൻറ് ഉടമയിൽ വെയർഹൗസ് സ്ഥാപിക്കുക.

2. മാട്ടുക്കട്ടയിലും കെ. ചപ്പാത്തിലും ആഴ്ചചന്തകൾ സ്ഥാപിക്കുക.

3. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന ക്ഷീരം ശീതീകരിച്ച് ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

4. പഞ്ചായത്തിലെ പ്രധാന നാണ്യവിളയായ ഏലക്കായ് ലേലകേന്ദ്രം മാട്ടുക്കട്ടയിൽ സ്ഥാപിക്കുക.

5. ഗുണനിലവാരമുള്ള പച്ചക്കറി, പഴവർഗ്ഗങ്ങൾ മത്സ്യമാംസാദികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഊർജ്ജം

കേരള സംസ്ഥാനത്തെ വൈദ്യുതോർജ്ജത്തിന്റെ ഈറ്റില്ലവും ഏഷ്യയിലെ ഏറ്റവും വലിയ ആർച്ച്ഡാമുമായ ഇടുക്കിജല വൈദ്യുതപദ്ധതിക്കുവേണ്ടി ഒരു കാലഘട്ടത്തിലെ അദ്ധ്വാനം തീറെഴുതിക്കൊടുക്കേണ്ടി വന്ന അയ്യപ്പൻക്കോവിൽ നിവാസികളിൽ ഭൂരിഭാഗം ആളുകൾക്കും വൈദ്യുതി ഇന്നും മരീചികയാണ്. വൈദ്യുതി എത്തിയിട്ടുള്ള മേഖലകളിൽ പോലും വോൾട്ടേജ് ക്ഷാമം മൂലം പല സമയങ്ങളിലും പാട്ടവിളക്കിനെ ആശ്രയിക്കേണ്ടി വരുന്നു. ദുർഗതിയാണിന്നും. കാരണം നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ നിന്നും പരിധിയിലധികം കണക്ഷനുകൾ നൽകിയിരിക്കുന്നതാണ്. പാചകത്തിനായി നൂറുശതമാനവും വിറകിനെ ആശ്രയിക്കുന്ന ഭൂരിഭാഗം ജനങ്ങളും പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുന്നതായാൽ ഈ പ്രദേശത്ത് അവശേഷിക്കുന്ന വനസമ്പത്തിനെ സംരക്ഷിക്കാൻ സഹായിക്കും.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഗിരിവർഗ്ഗകോളനികളായ പൂവന്നക്കുടി, കിഴക്കേമാട്ടുക്കട്ട തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതി നാളിതുവരെ എത്തിയിട്ടില്ല.

2. പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ്-മരച്ചില്ലുകൾ മുറിക്കാതിരിക്കുക തുടങ്ങിയവ.

3. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പലയിടങ്ങളിലും സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ചിട്ടുള്ളവ പോലും കത്തുന്നില്ല.

4. സ്റ്റെപ്അപ്പിന്റെ അനിയന്ത്രിത ഉപയോഗം.

5. ബോർഡിലെ ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്യുക.

2. സ്ട്രീറ്റ് ലൈറ്റുകൾ ഉപയോഗപ്രദമായി സ്ഥാപിക്കുകയും മെയിൻറെയിൻ ചെയ്യുകയും ചെയ്യുക.

3. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പഴയ തടി പോസ്റ്റുകൾ മാറ്റി സിമൻറ് പോസ്റ്റുകൾ സ്ഥാപിക്കുക.

4. പുകയില്ലാത്തതും ഇന്ധനലാഭമുള്ളതുമായ അടുപ്പുകൾ, പഞ്ചായത്തിലുടനീളം സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.

5. സൂര്യപ്രകാശം ലഭ്യമായ സ്ഥലങ്ങളിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കുക.

6. പുല്ലുമേട്ടിൽ വിൻഡ്മിൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുക.

7. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകുക.

5.5

കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം, ശുദ്ധ മായ വായു എന്നിവ ഒരു ജനതയുടെ ആരോഗ്യകാര്യ ത്തിൽ ഏറ്റവും അത്യാവശ്യഘടകങ്ങളാണ്. കുടിവെള്ള ത്തിനായി പഞ്ചായത്തിലെ 75% ജനങ്ങളും കിണറുക ളെയാണ് ആശ്രയിക്കുന്നത്. 1804 കിണറുകൾ ഉള്ളതി ൽ മിക്കവാറും വേനൽക്കാലങ്ങളിൽ ജലം വറ്റിപോകുന്ന വയാണ്. പഞ്ചായത്തിന്റെ 60% ഭാഗങ്ങളിലും ശരിയായ രീതിയിൽ ജലവിനിയോഗം നടത്താൻ സാധിക്കാത്തതു കൊണ്ട് വേനൽക്കാലങ്ങളിൽ രൂക്ഷമായ ജലക്ഷാമത്തിന് വിധേയമാകുന്നു. കേരളവാട്ടർ അതോറിറ്റിയുടെ ഒരു ജല വിതണ പദ്ധതി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കി ലും പഞ്ചായത്തിന്റെ നാമ മാത്രഭാഗങ്ങളിൽ ഇത് ഒതുങ്ങി നിൽക്കുന്നു. 18 പൊതുടാപ്പുകൾ പഞ്ചായത്ത് അതിർ ത്തിക്കുള്ളിൽ ഉണ്ട്. എന്നാൽ ഇവയിൽ പലതും ഉപ യോഗശൂന്യമാണ്. അറുപതിൽ താഴെ വീടുകളിൽ മാത്ര മാണ് പൈപ്പുവെള്ള കണക്ഷൻ ഉള്ളത്. വിവിധ വാർഡു കളിലായി 6 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവ വേണ്ട വിധം പ്രയോജനപ്പെടുന്നില്ല. ശുദ്ധജല ത്തിന്റെ അഭാവം മൂലം 250 ഓളം ആളുകൾക്ക് ജലജ ന്യരോഗങ്ങൾ ഉണ്ടാകുന്നു. കിലോമീറ്ററോളം സഞ്ചരിച്ച് മലയുടെ താഴ്വരയിൽ വന്നുവേണം വേനൽക്കാലങ്ങ ളിൽ കുടി വെള്ളം സംഭരിക്കേണ്ടത്. വിശേഷാൽ ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും താഴെ ചേർത്തിരിക്കുന്നു.

ഒന്നാം വാർഡ്

ആനക്കുഴി അയ്യപ്പകോവിൽ എന്നീ ഭാഗങ്ങളിലെ കുടി വെള്ളക്ഷാമം കുളങ്ങൾ നിർമ്മിക്കുന്നതു വഴിയും മാട്ടുക്കട്ട വികലാംഗ കോളനി എന്നിവിടങ്ങളിൽ പൈപ്പു ലൈനിന്റെ നീളം കൂട്ടുന്നതുവഴിയും പരിഹരിക്കാം.

രണ്ടാം വാർഡ്

നിരപ്പേൽക്കടയ്ക്ക് മുകൾഭാഗം നാടാരുകുന്ന് മേരി കുളം കുന്ന് ആറേക്കർ പൂവന്നിക്കുടി, ഇടപ്പൂക്കുളം എന്നീ ജല പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്ന തിന് ചെന്നിനായ്ക്കൻ കുടിയിൽ വാട്ടർ അതോറിറ്റിയുടെ ടാങ്കിൽ നിന്നും വെള്ളം എത്തിച്ചു നൽകുക. ഇതു കൂടാതെ ചെകുത്താൻമലയിൽ വലിയബണ്ട് (ടാങ്ക്) നിർമ്മിച്ച് ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരി ക്കാവുന്നതാണ്.

മൂന്നാം വാർഡ്

സുൽത്താനിയ, കല്ലുമേട്, ചിന്നസുൽത്താനിയ, പുല്ലുമേട്, കന്നിമല എന്നിവിടങ്ങളിലെ ജലക്ഷാമം പരി ഹരിക്കുന്നതിന് പുല്ലുമേടിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കുളത്തിൻ സമീപം ടാങ്ക് സ്ഥാപിച്ച് പമ്പുസെറ്റും പൈപ്പും ഉപയോഗിച്ച് ജലവിതരണം നടത്തേണ്ടതാണ്.

ഇടപ്പൂക്കളം ആറേക്കർഭാഗത്തേയ്ക്കു വെള്ളം കൊണ്ടുപോകുന്ന ഉപയോഗശൂന്യമായ പൈപ്പുമാറ്റി പുതി യതു സ്ഥാപിക്കണം.

നാലാം വാർഡ്

ഹെവൻവാലി, മൂങ്കലാർ, പച്ചക്കാട്, കണിക്കല്ല് ശങ്കരഗിരി എന്നീ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരി ക്കുന്നതിന് പെരിയാറ്റിൽ നിന്നും വാട്ടർ അതോറിറ്റി യുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കേണ്ടതാണ്. കരിങ്കുളം ഗവ: സ്ക്കൂളിന്റെ പരിസരത്തുള്ള പഞ്ചാ യത്തു കിണറിന്റെ പണി പൂർത്തീകരിച്ച് സ്ക്കൂളിലും പരിസരത്തും ആവശ്യമായ വെള്ളം ലഭ്യമാക്കാം. കൂടാതെ ചപ്പാത്ത്പള്ളിയുടെ സമീപത്തുള്ള കുഴൽകിണർ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

അഞ്ചാം വാർഡ്

ചപ്പാത്ത്, പൂക്കുളംപുതുവൽ, കന്നിക്കല്ല്, പൂക്കളം തുടങ്ങിയ പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ചപ്പാ ത്തിലുള്ള കുഴൽകിണറിൽ നിന്നും പൈപ്പുലൈനിലൂടെ കുടിവെള്ളം വിതരണം ചെയ്താൽ ചപ്പാത്തു പ്രദേശ ത്തെ ജലക്ഷാമം പരിഹരിക്കാം. പൂക്കുളത്തുള്ള ബ്ലോക്കു കിണറിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. പന്ത്രണ്ടുപുതുവൽ, കന്നികല്ല് തുടങ്ങിയ പ്രദേശത്തെ കുടിവെള്ളക്ഷാമം പരി ഹരിക്കാൻ പന്ത്രണ്ടുപുതുവലിൽ പണിതീർത്തിട്ടുള്ള കുള ത്തിന്റെ ശേഷി വർദ്ധിപ്പിച്ച് ഉപയോഗപ്പെടുത്താം.

ആറാം വാർഡ്

ആറാം വാർഡിൽ പാലം- ജംഗ്ഷൻ, ആലടികുന്ന്, താളിയാനികുന്ന്, പൂവന്നികുടി, പൂമല ഇടപൂക്കുളം എന്നി വിടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. പുല്ലുമേടിൽ പണിതുകൊണ്ടിരിക്കുന്ന കുളത്തിൽ നിന്നും പൈപ്പ് ഉപ യോഗിച്ച് ഇടപൂക്കളം, സുൽത്താനിയ എന്നിവിടങ്ങളിൽ എത്തിയ്ക്കാം. പാലം-ജംഗ്ഷനിൽ ഒരു കുഴൽ കിണർ

സ്ഥാപിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം. പൂവന്നികുടിയിലെ കുളത്തിലെ വെള്ളം ഉപയോഗയോഗ്യമാക്കി പൈപ്പുവഴി പൂമലയിൽ എത്തിച്ചാൽ പൂമല, പന്ത്രണ്ടുപുതുവൽ കോളനി, ചപ്പാത്ത് എന്നിവിടങ്ങളിൽ വെള്ളം എത്തിയ്ക്കാം. ആലടികുന്ന്, താളിയാനികുന്ന് എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ചെന്നിനായ്ക്കൻകുടി ജല പദ്ധതിയിൽ നിന്നും ഈ പ്രദേശത്തേയ്ക്കു വെള്ളം കൊണ്ടു പോകുന്ന പൈപ്പ് 500 മീറ്ററോളം നീട്ടിയാൽ മതി. പൂവന്നികുടിയിൽ പുതിയ ഒരു കുളം നിർമ്മിച്ച് അവിടെനിന്നും ആലടി കുന്നിലേയ്ക്ക് പമ്പുചെയ്ത് വിതരണം ചെയ്താൽ ആറേക്കർ, ആലടികുന്ന് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

ഏഴാം വാർഡ്

പരപ്പ്തോണിത്തടി വാട്ടർ സപ്ലൈസ്കീമിന്റെ പൈപ്പുകൾ നീട്ടി വാർഡിന്റെ എല്ലാ ഭാഗത്തും വെള്ളം എത്തിയ്ക്കണം. മേരികുളത്തുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ തോണിത്തടി വരെ എത്തിച്ചാൽ ആ ഭാഗങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. ആലടിഭാഗത്ത് ചേലക്കൽപടി ഭാഗത്ത് കുഴൽകിണർ കുഴിച്ച് ആലടി ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

എട്ടാം വാർഡ്

എട്ടാം വാർഡിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പുലൈൻ വട്ടക്കുന്നേൽപടി മുതൽ അയ്യപ്പൻകോവിൽവരെ ദീർഘിപ്പിച്ച് കുടി വെള്ളക്ഷാമം പരിഹരിക്കണം. പനയക്കുപടിഭാഗത്തെ കുടി വെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആ ഭാഗത്ത് കുളം നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് മറ്റുസ്ഥലങ്ങളിലേയ്ക്കും വെള്ളം എത്തിക്കുന്നതിനുവേണ്ട സംവിധാനം ചെയ്യുക. അക്കരക്കടുപ്പിൽ ജംഗ്ഷനിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുക. മാട്ടുക്കട്ട, അയ്യപ്പൻകോവിൽ, അച്ചുതൻപടി, ഗാന്ധി നഗർപടി (തുരുത്ത്) എന്നീ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പൈപ്പുലൈൻ ദീർഘിപ്പിച്ച് ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കണം. കള്ളിക്കാട്ടുപടിയ്ക്കൽ കുഴൽ കിണർ നിർമ്മിക്കുക.

പഞ്ചായത്തുതല പദ്ധതികൾ

ചെകുത്താൻമലയിൽ സുലഭമായ ശുദ്ധജലം കുളം നിർമ്മിച്ച് പൈപ്പുവഴി താഴോട്ടുകൊണ്ടുവന്നും കുരിശുമലയിൽ പെരിയാറ്റിൽ നിന്നും പമ്പുസെറ്റ് ഉപയോഗിച്ച് ജലം എത്തിച്ച് പൈപ്പുവഴി വിതരണം ചെയ്തും അയ്യപ്പൻ കോവിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

തോടുകളിൽ ബണ്ടുകൾ നിർമ്മിച്ച് വേനൽക്കാല ത്തേയ്ക്ക് ജലം സംഭരിക്കുക. കിണറുകൾ കുഴിയ്ക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം നൽകുക. മഴവെള്ളം ഒഴുകിനഷ്ടപ്പെടുന്നത് തടയാൻ 'നീർമറി' പദ്ധതി നടപ്പിലാക്കുക. മഴ വെള്ളം ടാങ്കുകളിൽ ശേഖരിക്കുന്നതിനും ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനും ആവശ്യമായ വൈജ്ഞാനിക സാമ്പത്തിക സഹായങ്ങൾ ചെയ്യുക.

ആരോഗ്യം

ആധുനികശാസ്ത്രവും ചികിത്സാരീതികളും വളരെയേറെ പുരോഗമിച്ച ഈ കാലഘട്ടത്തിൽ അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ പൊതുജനാരോഗ്യകേന്ദ്രങ്ങൾ ശൈശവാവസ്ഥയിലാണ്. ഇവിടെ ഒരു ഗവ: ഡിസ്പെൻസറിയും ഒരു പ്രൈമറി ഹെൽത്ത്സെൻററും പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമേ സ്വകാര്യമേഖലയിൽ ഒരു ആയുർവേദ ആശുപത്രിയും രണ്ട് ക്ലിനിക്കുകളും രണ്ട് ഹോമിയോ ആശുപത്രികളും ചില പാരമ്പര്യ വൈദ്യൻമാരുടെ വൈദ്യശാലകളും ചികിത്സാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നു. ഇവ ഒന്നും തന്നെ പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതിയിൽ ഗുണപരമായ മുന്നേറ്റം ഉണ്ടാക്കിയിട്ടില്ല. പഞ്ചായത്തിലെ ജനനനിരക്ക് 2%വും മരണ നിരക്ക് 1 % വും ആണ്. ഈ പഞ്ചായത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യങ്ങളുള്ള ആശുപത്രികൾ ഇല്ല. വിദഗദ്ധ ചികിത്സയ്ക്കായി കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടതുണ്ട്. ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സമഗ്ര ആരോഗ്യപരിപാടി നടപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും

അയ്യപ്പൻകോവിൽ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

ഡിസ്പെൻസറി - 1

പ്രൈമറി ഹെൽത്ത് സെൻറർ - 1

ഇവയിൽ എല്ലാം കൂടി 18 ജീവനക്കാർ ആണ് ഉള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. ഈ അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യസംരക്ഷണ കാര്യത്തിൽ വളരെയധികം പ്രാധാന്യം ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗത്തിലും കാണുന്ന നിഷ്ക്രിയത്വമനോഭാവം ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

പൊതുവാരോഗ്യസ്ഥാപനങ്ങൾ രൂപപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തു പറയേണ്ടതാണ്.

കക്കൂസ്

പൊതുജനാരോഗ്യത്തെ കുറിച്ച് പ്രതിപാദിപ്പിക്കുമ്പോൾ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുന്നതിൽ ആവശ്യം വേണ്ട ഒന്നാണ് കക്കൂസ്. ഈ പഞ്ചായത്തിൽ പകുതിയിലധികം വീടുകളിലും കക്കൂസില്ല. ഇതിനാൽ വിരശല്ല്യം വയറിളക്കരോഗങ്ങൾ എന്നിവ കൂടുതലായി കണ്ടുവരുന്നു. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ്നിർമ്മാണത്തിന് അനുഭവപ്പെടുന്ന പ്രശ്നങ്ങളും അവയുടെ നിർദ്ദേശങ്ങളും ചുവെട ചേർക്കുന്നു.

1) സാമ്പത്തിക പരാധീനത

2) സ്ഥല പരിമിതി

3) ബോധവത്ക്കരണത്തിന്റെ അപര്യാപ്തത.

പരിഹാരമാർഗ്ഗങ്ങൾ

1) സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി 2000 കക്കൂസുകൾ നിർമ്മിക്കുക.

2) പൊതുവായി സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ച് സ്ഥലപരിമിതി പരിഹരിക്കാവുന്നതാണ്.

3) ആരോഗ്യ ബോധവത്ക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക.

പരിസര ശുചിത്വം

പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും ശുചിത്വത്തിന്റെ അഭാവത്തെ കുറിച്ചുള്ള പരാതികൾ ഗ്രാമ സഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഈ വിഷയത്തിലുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ ക്കൊടുക്കുന്നു.

ഒന്നാം വാർഡിൽ മാട്ടുക്കട്ട റോഡരുകിലെ മത്സ്യ കച്ചവടം നിരോധിക്കുക. മാട്ടുക്കട്ട മാർക്കറ്റിൽ നിന്നും ഉണ്ടാകുന്ന ദുർഗന്ധം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുക. മാട്ടുക്കട്ട, മേരികുളം, ചപ്പാത്ത് എന്നിവിടങ്ങളിൽ മത്സ്യ-മാർക്കറ്റുകൾ ആരംഭിക്കുക. പഞ്ചായത്തിൽ വിൽപന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുക. പഞ്ചായത്തിലെ അറവുശാലകളിൽ പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ഭക്ഷണപദാർത്ഥങ്ങൾ യഥാസമയം പരിശോധനാവിധേയമാക്കണം. ഇതിനായി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഉറപ്പു വരുത്തുക.

കിണറുകളുടെ ക്ലോറിനേഷൻ, കൊതുകുനശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുക. ആരോഗ്യ ബോധവത്ക്കരണ സെമിനാറുകൾ നടത്തുക. ചപ്പു ചവറുകൾ ജൈവവളനിർമ്മാണത്തിനായി ഉപയോഗിക്കുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുന്നതിലൂടെ പരിസരശുചിത്വം ഉറപ്പുവരുത്തണം.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ.

1) പഞ്ചായത്തിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക.

2) പഞ്ചായത്തിൽ ഒരു വയോജനാരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

3) ആലടി ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

4) പുല്ലുമേട്, ചപ്പാത്ത് എന്നിവിടങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുക.

5) പുകയില്ലാത്ത അടുപ്പുകളുടെ നിർമ്മാണത്തിന് സാമ്പത്തികസഹായം കൊടുത്ത് വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കുക.

6) പുകവലി, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കു എതിരെ പ്രചരണപരിപാടികൾ സംഘടിപ്പിക്കുക.

7) അംഗൻവാടിയിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

8) ഈ പഞ്ചായത്തിൽ ഒരു കുടുംബക്ഷേമകേന്ദ്രം ആരംഭിക്കുക.

9) രോഗികളെ താമസിപ്പിച്ച് ചികിത്സിക്കാൻ സൗകര്യമുള്ള ഗവ: ആയുർവേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.

10) പഞ്ചായത്തിന്റെ വകയായി പൊതു കക്കൂസുകളും യൂറിൻഷെഡുകളും നിർമ്മിക്കുക.

❋❋❋❋❋❋❋❋❋

5.6

വിദ്യാഭ്യാസം

ഹൈറേഞ്ചിന്റെ തലസ്ഥാനമായ കട്ടപ്പനയിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ തെക്കുമാറി പെരിയാറിനെ ഉരുമ്മിക്കിടക്കുന്ന മാട്ടുക്കട്ട മേരികുളം, പരപ്പ്, ചപ്പാത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അയ്യപ്പൻ കോവിൽ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലാണ് പഞ്ചായത്തിന്റെ വിദ്യാഭ്യാസ കേന്ദ്രമായ മേരികുളം സ്ഥിതി ചെയ്യുന്നത്. സമീപജില്ലയായ കോട്ടയവും ജില്ല ആസ്ഥാനങ്ങളായ കട്ടപ്പന ഇടുക്കി പ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിന് സഹായിക്കുന്ന പ്രധാന റോഡുമാർഗ്ഗം ഈ പ്രദേശത്തുകൂടി കടന്നു പോകുന്നു. ഇതര ജില്ലകളുമായോ സംസ്ഥാനത്തിന്റെ ഇതര പ്രദേശങ്ങളുമായോ ബന്ധപ്പെടുന്നതിന് റയിൽപാത ഈ പ്രദേശത്ത് ഇല്ല എന്നുള്ളത് ഒരു ന്യൂനത തന്നെയാണ്. വളരെ മുൻപേ ബ്രിട്ടീഷുകാർ ഈ പ്രദേശത്ത് കടന്നു വന്നു തോട്ടങ്ങളും കൃഷിരീതികളും ആധുനികജീവിത രീതികളും ഇവിടുത്തെ ജനങ്ങളെ പഠിപ്പിച്ചിരുന്നു എങ്കിലും അവ ഉപയോഗപ്പെടുത്തി നമ്മുടെ ഗ്രാമത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പോത്സാഹിപ്പിക്കുന്നതിന് ആരും താൽപര്യം കാണിച്ചിരുന്നില്ല.

ഏകദേശം അര നൂറ്റാണ്ട് മുൻപ് ആലിമാത്യു കല്ലുപ്പറമ്പലിന്റെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ട ഒരു L.P. സ്ക്കൂൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടെങ്കിലും അതിന്റെ ശോചനീയാവസ്ഥ ഇന്നും നിലനിൽക്കുന്നു. വർത്തമാനകാലത്ത് തിരുവിതാംകൂറിലെ ഉന്നത പഠന കേന്ദ്രമായ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സാമീപ്യവും ഈ പ്രദേശത്ത് വിദ്യാഭ്യാസപരമായ ഉണർവ്വ് സൃഷ്ടിച്ചിരുന്നില്ല. എന്നിരുന്നാലും പിന്നോക്ക ജില്ലയായ ഇടുക്കിയിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് സാക്ഷരതയിലും വിദ്യാ സമ്പന്നരുടെ എണ്ണത്തിലും വളരെ മുന്നിലാണ് അയ്യപ്പൻ കോവിൽ എന്നുള്ളത് ശ്രദ്ധേയമാണ്.

വിദ്യാഭ്യാസത്തിന്റെ അഭാവമാണ് ഈ നാടിന്റെ വികസനത്തിനും ഐശ്വര്യത്തിനും തടസ്സമായി നിൽക്കുന്നതെന്ന് നമ്മുടെ നാട്ടിലെ ഉൽപ്പതിഷ്ണുക്കൾ സിദ്ധാന്തിച്ചു. ഈ നാട്ടിലെ അന്ധ വിശ്വാസത്തിനും അനാചാരങ്ങൾക്കും കാരണം യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിന്റെ അഭാവമായിരുന്നു. കാർഷിക വിപ്ലവവും ക്ഷീര വിപ്ലവവും ഗ്രോമോർഫുഡ് പ്രകാരമുള്ള കുടിയേറ്റ പ്രസ്ഥാനങ്ങളും ഈ പഞ്ചായത്തിലൂടെ കടന്നു പോയപ്പോൾ വിദ്യാഭ്യാസ തൽപരരായ കുറേ ചെറുപ്പക്കാർ തനതായ വിദ്യാഭ്യാസ സംരംഭങ്ങളുമായി മുന്നോട്ടുവന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസപരമായി പ്രത്യേക ചലനങ്ങളൊന്നും ഉണ്ടായില്ലെങ്കിലും 1956-ൽ സ്ഥാപിതമായ L.P സ്ക്കൂൾ മേരികുളമാണ് ഇവിടുത്തെ പ്രഥമ ഔപചാരിക വിദ്യാലയം. തുടർന്നു പൂക്കുളത്ത് കരിംകുളം L.P സ്ക്കൂളും (ഗവൺമെൻറ് L.P.S. കരികുളം) ഗവൺമെൻറ് L.P.S പുല്ലുമേട്, ഗവൺമെൻറ് L.P.S മാട്ടുക്കട്ട, സെൻറ് ജോർജ് U.P.S. ആനവിലാസം, സെൻറ് മേരീസ് U.P.S മേരികുളം തുടങ്ങിയ പ്രൈമറി അപ്പർ പ്രൈമറി വിദ്യാലയങ്ങളും ഘട്ടം ഘട്ടമായി നിലവിൽ വന്നു. എന്നാൽ സ്വാതന്ത്ര്യത്തിനു ശേഷം 32 വർഷങ്ങൾ പിന്നിട്ടതിന് ശേഷമാണ് 1979-ൽ ഈ പഞ്ചായത്തിലെ മേരികുളത്ത് ആദ്യമായി ഒരു ഹൈസ്ക്കൂൾ സ്ഥാപിതമായത്.

ഈ പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ നിലവിൽ വന്ന ആരാധനാ കേന്ദ്രങ്ങളായ സെൻറ് ജോർജ് ചർച്ച് മേരികുളം, സെൻറ് മേരീസ് യാക്കോബായ ചർച്ച് മാട്ടുക്കട്ട, ഓർത്തഡോക്സ് ചർച്ച് ചപ്പാത്ത്, S.N.D.P ശാഖ ആലടി,മലനാട് S.N.D.P യൂണിയൻ, N.S.S. കരയോഗങ്ങൾ എന്നിവയുടെ ശ്രമങ്ങളും പ്രോത്സാഹനങ്ങളും ഈ പ്രദേശത്തെ വിദ്യാസമ്പന്നമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ഹൈറേഞ്ചിന് പരിചയമല്ലാത്ത സമര മാർഗ്ഗങ്ങൾ കുടിയിറക്കിനെതിരേ സ്വീകരിക്കുവാൻ ഇവിടുത്തെ ജനങ്ങളെ പ്രാപ്തരാക്കിയത് വിദ്യാഭ്യാസപരമായ മുന്നേറ്റം കൊണ്ടാണ്. ഗവൺമെൻറിന്റെ നയങ്ങൾക്കെതിരെ കക്ഷിരാഷ്ട്രീയ ജാതി മത ഭേദമന്യെ ജനങ്ങളെ സംഘടിപ്പിക്കുകയും നാടിന്റെ സാമൂഹ്യസാംസ്ക്കാരിക പശ്ചാതലത്തിൽ അനുസൃതമായി ജന വിഭാഗങ്ങളെ ഒന്നിച്ചു നിർത്തുവാൻ സാധിച്ചതും ഇവിടുത്തെ സാക്ഷരതയുടെ പ്രത്യേകത കൊണ്ടാണ്.

കുടിയിറക്കോ, കൃഷിനാശമോ പകർച്ച വ്യാധികളോ ഒന്നും ഇവിടുത്തെ ജനങ്ങളിൽ ലഹളകളോ സമാധാന ഭജനങ്ങളോ മറ്റു നിയമ ലംഘന പ്രവണതകളോ സൃഷ്ടിക്കാൻ പര്യാപ്തമായില്ല എന്നത് ഈ പഞ്ചായത്തിന് അഭിമാനിക്കാവുന്നതാണ്. വ്യാജ മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ തിന്മകൾ ഹൈറേഞ്ചിന്റെ ഇതര പഞ്ചാത്തുകളെ ഗ്രസിച്ചപ്പോൾ ഈ ഗ്രാമ പഞ്ചായത്തിന് അവയിൽ നിന്ന് ഒരു പരിധി വരെ ഒഴിഞ്ഞു നിൽക്കുവാൻ സാധിച്ചത് ഇവിടുത്തെ ജനങ്ങളുടെ ഉയർന്ന പൗര

ബോധത്തെ സൂചിപ്പിക്കുന്നു.

ഏഴ് പതിറ്റാണ്ടിൽ അധികം ദൈർഘ്യമുള്ള അയ്യപ്പൻ കോവിലിന്റെ വിദ്യാഭ്യാസ ചരിത്രത്തിന്റെ സ്രഷ്ടാക്കളും ആദ്യകാല പതാകാവാഹകരിൽ പ്രധാനികളായ സെൻറ്ജോർജ് കത്തോലിക്ക ദേവാലയത്തിന്റെ ആദ്യ കാല വികാരി ആയിരുന്ന ഫാദർ ജയിംസ് വെട്ടിക്കാട്ടിൽ, ഫാ: മാത്യു വയലുംങ്കൽ എന്നിവരുടെ സേവനം മുതിർന്ന തലമുറ ആദരവോടെ ഇന്നും സ്മരിക്കുന്നു. ഇന്ന് 6 L.P സ്ക്കൂളുകളും 2 U.P സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും 11 അംഗനവാടികളും 6 നേഴ്സറി സ്ക്കൂളുകളും ഒരു പാരൽ കോളജും ഉയർന്നിരിക്കുന്നു. ഇന്ന് 23000-ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും വലുതുമായ 8 വിദ്യാലയങ്ങളിലായി 5000-ത്തോളം വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു.

അദ്ധ്യാപകരുടെ എണ്ണം 147 ആകുന്നു. സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കു വച്ച് പഠനം നിർത്തുന്നുണ്ട്. 1995-96 വർഷത്തിൽ കൊഴിഞ്ഞുപോയിട്ടുള്ളവരുടെ വിവരപട്ടിക താഴെ കൊടുക്കുന്നു.

SC/ST			മറ്റുള്ളവർ		ആകെ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
6	3	9	27	13	40
				ആകെ	49

അവലംബം - പെതുവിതരണ ശേഖരം സർവ്വേ

ആകെയുള്ള സ്ക്കൂളുകളിൽ 3 എണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത്. മൊത്തം അദ്ധ്യാപകരിൽ 15% വും വിദ്യാർത്ഥികളിൽ 11 ശതമാനവും ഗവൺമെൻറ് സ്ക്കൂളുകളിലാണ് പഠിക്കുന്നത്. ഈ പഞ്ചായത്തിൽ ഭൂരിഭാഗം ആളുകളും മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാണ്. ഇവിടെ നിന്ന് 5 km അകലെയുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ 250-തോളം കുട്ടികൾ പഠിക്കുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിൽ ഇല്ല. MES കോളജിലും, കട്ടപ്പനയിലുള്ള ഗവ:കോളജിലും, കുട്ടിക്കാനം, കാഞ്ഞിരപ്പള്ളി, പാല, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ഉള്ള എയിഡഡ് കോളജിലേക്കുമാണ്. ഉന്നത വിദ്യാഭ്യാസത്തിനും ബിരുദസാങ്കേതിക പഠനങ്ങൾക്കുമായി ഈ പഞ്ചായത്തിലുള്ളവർ ശ്രമിക്കുന്നത്.

ഈ പഞ്ചായത്തിൽ നടന്ന ഒരു സർവ്വേ പ്രകാരം അഭ്യസ്ഥവിദ്യരായ ദമ്പതികളുടെ വിദ്യാഭ്യാസയോഗ്യത താഴെ പട്ടികയായി കൊടുത്തിരിക്കുന്നു.

Sl.No.	വിദ്യാഭ്യാസയോഗ്യത	എണ്ണം
1.	നിരക്ഷരർ	58
2.	പ്രൈമറി വിദ്യാഭ്യാസം ഉള്ളവർ	849
3.	ഹൈസ്ക്കൂൾ വിദ്യാഭ്യാസം	814
4.	ബിരുദധാരികൾ	137
5.	ബിരുദാനന്തര ബിരുദധാരികൾ	42
6	മറ്റുള്ളവർ	39
ആകെ		1934

അവലംബം - സാമൂഹ്യസാമ്പത്തിക സർവ്വേ

പഞ്ചായത്തിലെ ഹൈസ്ക്കൂളിൽ വിജയ ശതമാനം 50% ആണ്. വിജയിക്കുന്നവരുടെ മാർക്കും അഫിലിയേറ്റസ് കോളജിൽ അഡ്മിഷൻ കിട്ടുന്നവരുടെ എണ്ണവും താരതമ്യേന കുറവാണ്. ഓരോ വർഷവും100-നും 180-നും ഇടയിൽ കുട്ടികൾ വിവിധ സ്ഥലങ്ങളിലെ പാരൽ കോളജുകളെ ശരണം പ്രാപിക്കുന്നു. വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന കോളജുകൾ ഈ പഞ്ചായത്തിൽ നന്നേ കുറവാണ്. 3 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിലായി 100-ൽ പരം ആളുകൾ പരിശീലനം നടത്തുന്നു. സിറോക്സിന്റെ കടന്നു കയറ്റത്തോടെ ഈ സ്ഥാപന ങ്ങളുടേയും പരിശീലനം നേടുന്നവരുടേയും പ്രതീക്ഷകൾ പൊലിയുകയും ചെയ്യുന്നു.

കംപ്യൂട്ടർ ട്രയിനിംഗ് അടക്കമുള്ള സാങ്കേതിക പരിശീലന കേന്ദ്രങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി വിവിധ തലങ്ങളിൽ പരിശീലനം നടക്കുന്നുണ്ടെങ്കിലും ഫലപ്രാപ്തിയിലെത്തുവാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

11 അംഗനവാടികളും 6 നേഴ്സറി സ്ക്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നതിൽ 3 വയസിനും 5 വയസിനും ഇടയിലുള്ള കുട്ടികളാണ് അധികവും പഠിക്കുന്നത്. 23000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 11 അംഗനവാടികളേ ഉള്ളു എന്നത് ദൗർഭാഗ്യകരമാണ്.

ആയിരം പേർക്ക് 1 എന്നുള്ള അനുപാതം പാലിക്കപ്പെടണമെങ്കിൽ എത്രയും വേഗം 12 എണ്ണം കൂടി അനുവദിച്ചു കിട്ടേണ്ടതുണ്ട്. ബുദ്ധിമാന്ദ്യമുള്ളവർക്കായി പ്രത്യേക വിദ്യാലയങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

ഈ പഞ്ചായത്തിൽ 2 മുസ്ലീം മദ്രസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ അറബി പഠനത്തിന് പര്യാപ്തമല്ല.

ഈ പഞ്ചായത്തിൽ ജോലിചെയ്യുന്നവരിൽ 50% മാത്രമേ തദ്ദേശീയരുള്ളു. ബാക്കിയുള്ളവർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരാണ്. പഞ്ചായത്തിന് വെളിയിൽ അദ്ധ്യാപകരായി ജോലിചെയ്യുന്നവർ 25 പേരോളം ഉണ്ട്. വിവിധ കോളജുകളിലും യൂണിവേഴ്സിറ്റികളിലും ഗവേഷണ സ്ഥാപനങ്ങളിലുമായി അദ്ധ്യാപകരായി ജോലി നോക്കി വരുന്ന 15 പേരോളം ഉണ്ട്.

മഹാത്മാ ഗാന്ധിയൂണിവേഴ്സിറ്റിയുടെ സാമീപ്യം ഇവിടുത്തെ ബഹുപൂരിപക്ഷത്തിനും അനുഭവവേദ്യമായിട്ടില്ല. ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ഈ പഞ്ചായത്തിൽ നിന്നും കോട്ടയത്ത് എത്തുന്നവരുടെ എണ്ണം വളരെ കുറവാണ്.

നമ്മുടെ വിദ്യാഭ്യാസ ഘടനയുടെ ദൗർലഭ്യമാണ് ഇത്തരം ഉന്നത വിദ്യാപീഠങ്ങൾ ഗ്രാമങ്ങളിൽ നിന്നും അന്യം നിൽക്കുന്നതിന് കാരണമായിരിക്കുന്നത്. മറ്റ് എവിടെയും എന്നതുപോലെ മിടുക്കൻമാരും മിടുക്കികളുമായ ചെറുപ്പക്കാർ പെട്ടെന്ന് ജോലി കിട്ടുന്നതിനുവേണ്ടി I. T. I, പോളിടെക്നിക്ക് ബി. എഡ് നേഴ്സിംഗ്, കംപ്യൂട്ടർ കോഴ്സ് എന്നിവയിൽ ആകൃഷ്ടരാകുന്നു. വളരെ അപൂർവ്വമായി ഹോട്ടൽ മാനേജ്മെൻറ്, ജേർണലിസം, ബിസിനസ് മാനേജ്മെൻറ്, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയ അപൂർവ്വ കോഴ്സുകൾക്കും പോകാറുണ്ട്.

പ്രായപൂർത്തിയായാൽ ഒരു ജോലികിട്ടാൻ വ്രതം എടുക്കുന്ന ഓരോവിദ്യാർത്ഥിയും പഠന പ്രവർത്തനത്തിൽ നിന്നും അകന്നു പോകുന്നു.

1990-ൽ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ നിരക്ഷരർ ആയി എന്നുള്ളതാണ് സത്യം. പഞ്ചായത്തിൽ മൊത്തം 12% ത്തോളം നിരക്ഷരർ ഉണ്ട്. വിദ്യാഭ്യാസരംഗത്ത് ഗ്രാമ പഞ്ചായത്ത് ഇടപെടാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മുതൽ ഒരു വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം തുടങ്ങിയ അദ്ധ്യാപകരും രക്ഷിതാക്കളും അതിനോട് സഹകരിച്ചു വരുന്നു. മിടുക്കരായ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും വിവിധ അവാർഡുകൾ ഏർപ്പെടുത്തുന്നതിനും അദ്ധ്യാപകനും രക്ഷിതാവും മാനേജരും ബഹുജനങ്ങളും എല്ലാമടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കണം.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടേയും ഗ്രാമസഭയിലെ ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഇത്തരം ഒരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. നമ്മുടെ പഞ്ചായത്തിൽ ഭൂരിപക്ഷം സ്ക്കൂളുകളിലും അക്കാഡമിക് സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഈ പഞ്ചായത്തിലെ ഗവൺമെൻറ് L.P.S കരിംകുളത്തിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയായി കൊടുത്തിരിക്കുന്നു.

അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് 9.3 സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

		കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം												ഇനി ആവശ്യമായവയുടെ എണ്ണം				
സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം, മുറികൾ നിർമ്മിക്കാനുള്ള ഭൂമി	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര പേർക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗ ശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം	വൈദ്യുതീകരണം	പാചകമുറി	സ്റ്റാഫ്റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകാമോ	ഡസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
കരിക്കുളം ഗവ: എൽ. പി. സ്ക്കൂൾ	7 (ഏഴ്)	രണ്ട്			7			ഉണ്ട്		1	25 കുട്ടികൾ	ഒരെണ്ണം കൂടി (1)	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10		7	30	2 അലമാര, 1 മേശ, 1 കസേര

ലൈബ്രറി, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങളില്ലാത്ത സ്ക്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ന്യായമായ അവകാശമാണ് നിഷേധിക്കപ്പെടുന്നത്. 9-ാം പഞ്ചവത്സര പദ്ധതിയിൽ സ്ക്കൂളുകളിലെ മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തുടങ്ങേണ്ടതാണ്.

വിദ്യാർത്ഥികളുടെ പണ നിലവാരം ആശാവഹമല്ല. കഴിഞ്ഞവർഷത്തിലെ S.S.L.C വിജയ ശതമാനവും മാർക്കിന്റെ ശതമാനവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ക്ലാസ്	ആകെ	കുട്ടികളുടെ പൊതുനിലവാരം						S.S.L.C. വിജയശതമാനം			
		30നു താഴെ കുട്ടികൾ	30-40 മാർക്കുകൾ	40-50% മാർക്കുകൾ	50-60% മാർക്കുകൾ	60% മാർക്കുകൾ	91-92ൽ കൂടുതൽ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3											
4											
5	5										
6	5										
7	6										
8	8	204	57	42	26	31					
9	8	175	62	40	22	23					
10 S.S.L.C പരീക്ഷ എഴുതിയവർ	6	116	51	23	23	22		51%	59.5%	47.1%	50%

ഇടക്കാല പരീക്ഷകളുടേയോ ഒന്നാം ടേമിലെ പരീക്ഷയുടേയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.

ഓരോ സ്ക്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡികരണത്തിന് ഇതുപോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.

ഗ്രാമസഭ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 വർഷത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ കോളജ്, പോളിടെക്നിക്ക്, J.D.C എന്നിവയിൽ അനുയോജ്യമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം.

2. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന ട്യൂഷൻ നൽകണം.

3. ഹൈസ്ക്കൂൾ സ്റ്റേഡിയത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമയ നടപടികൾ സ്വീകരിക്കണം.

4. എല്ലാ വാർഡിലും സ്വന്തമായ കെട്ടിടങ്ങളും പഠനോപകരണങ്ങളും ഉള്ള അംഗനവാടികൾ തുടങ്ങണം.

5. കുട്ടികളുടെ യാത്രാപ്രശ്നം കുടിവെള്ള പ്രശ്നം എന്നിവ ശാശ്വതമായി പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം

6. ഈ പഞ്ചായത്തിലെ ഗവൺമെൻറ് സ്ക്കൂളുകളുടെ വസ്തുവകകളും സ്ക്കൂളുപകരണങ്ങളും സംരക്ഷിക്കുന്നതിന് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുക.

7. നിർദ്ധനരായ കുട്ടികൾക്ക് ഉച്ചഭക്ഷണവും പഠനോപകരണങ്ങളും സൗജന്യമായി നൽകുക.

8. കുട്ടികളുടെ ആരോഗ്യ കാര്യങ്ങൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ആരോഗ്യവകുപ്പിന്റെ സേവനം ഉറപ്പുവരുത്തുക.

9. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വായനശാലകൾ ആരംഭിക്കുക.

10. അംഗൻവാടി പ്രവർത്തകർക്ക് ന്യായമായ വേതന വർദ്ധനം ഉറപ്പുവരുത്തുക.

11. ഗവൺമെൻറിന്റെ ഉടമയിലുള്ള സ്ക്കൂളുകളിൽ അദ്ധ്യാപകരുടെ സ്ഥിര നിയമനവും ഹാജർ നിലവാരം കുട്ടികളുടെ ഹാജർ നിലവാരവും മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

12. പ്രൈമറി തലം മുതൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങണം.

13. പഞ്ചായത്തിന്റെ വിദൂര സ്ഥലങ്ങളായ ചപ്പാത്ത് പൂല്ലുമേട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം.

14. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം.

15. സ്ക്കൂളുകളുടെ ടെക്സ്റ്റ് ബുക്ക് വിതരണം ഉച്ചകഞ്ഞി വിതരണം സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ സജീവമാക്കുന്നതിന് P_T.A കളും മറ്റു സന്നദ്ധസംഘടനകളുടേയും നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.

16. ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ താക്കളിൽ 25 കുടുംബത്തിന് ഒന്ന് എന്ന തോതിൽ താക്കളുടെ കൂട്ടായ്മ സംഘടിപ്പിച്ച് പഠന നിലവാരം പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കുക.

5.7 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

അയ്യപ്പൻകോവിൽ വില്ലേജും ആനവിലാസം വില്ലേജും ഉൾപ്പെടുന്ന വിസ്തൃമായ അയ്യപ്പൻകോവിൽ പഞ്ചായത്തിൽ ഏകദേശം 4267 വീടുകൾ ഉൾപ്പെടുന്നു. ഇതിൽ 22 ബഹുനില കെട്ടിടങ്ങളും 223 കോൺക്രീറ്റ് കെട്ടിടങ്ങളും 1207 ഓടിട്ട വീടുകളുമുണ്ട്. കൂടാതെ പുല്ല്, ഓല, ഷീറ്റ്, കോറഷീറ്റ്, എന്നിവകൊണ്ട് നിർമ്മിച്ച യഥാക്രമം 616, 547, 922, 696 വീടുകളും ഉൾപ്പെടുന്നു. ഇത്രയും വിസ്തൃതമായ പഞ്ചായത്തിൽ പകുതിയിലധികം വീടുകളും പുല്ല്, ഓല, ഷീറ്റ് എന്നിവ കൊണ്ട് നിർമ്മിച്ച കുടിലുകളാണ്. തന്മൂലം ഭവന നിർമ്മാണ പദ്ധതി വഴി വീടുകൾ നിർമ്മിക്കുന്നതിനും വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ മുൻതൂക്കം കൊടുക്കേണ്ടതാണ്. ഭവനരഹിതരായ ആളുകളും താമസയോഗ്യമല്ലാത്ത 10 % വീടുകളും കക്കൂസ് ഇല്ലാത്ത ഏതാണ്ട് 60 % വീടുകളുമാണ് ഉള്ളത്. പഞ്ചായത്തിലെ 3, 4, 5 വാർഡുകളിലെ ഭൂരിപക്ഷം സ്ഥലങ്ങളും എസ്റ്റേറ്റ് മേഖലയിൽ ഉൾപ്പെടുന്നതിനാൽ അവിടെയുള്ള തൊഴിലാളികൾ ലയങ്ങളിലാണ് താമസിക്കുന്നത്. ഒരു കെട്ടിടത്തിൽ തന്നെ പല കുടുംബങ്ങൾ താമസിക്കുന്നതുമൂലം ആരോഗ്യപരമായ ഒരു നല്ല ജീവിതം നടത്തുവാൻ കഴിയുന്നില്ല.

തൊഴിലാളികൾ കൂടുതലായുള്ള ഈ പഞ്ചായത്തിൽ സ്വന്തമായ നല്ല ഭവനങ്ങൾ നിർമ്മിക്കുന്നതിനോ, ഉള്ളവീടുകൾ താമസയോഗ്യമാക്കി തീർക്കുന്നതിനോ, വീടുകൾക്കു ഏറ്റവും അത്യാവശ്യമായ കക്കൂസുകൾ ഉണ്ടാക്കുന്നതിനോ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. ഭവന നിർമ്മാണത്തിനുപയുക്തമായ ഓട്, ചുടുകട്ട, സിമിന്റ്, ഇഷ്ടിക എന്നിവ നിർമ്മിക്കുന്നതിനുള്ള വ്യവസായ ശാലകൾ പഞ്ചായത്തിൽ സർക്കാർ തലത്തിൽ ആരംഭിക്കുകയാണെങ്കിൽ ഭവന രഹിതരായ ആളുകൾക്കും ഭവനം നിർമ്മിക്കുന്നതിനും താമസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയുന്നതിനു ചെലവ് കുറയ്ക്കാൻ സാധിക്കും. ചെലവ് കുറഞ്ഞ കക്കൂസുകൾ പുകയില്ലാത്ത അടുപ്പുകൾ എന്നിവയും പാചക ആവശ്യത്തിനുള്ള വിറക് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണവും പഞ്ചായത്തിൽ കൂടുതലായി ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെകാണിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്തിലുള്ള ആളുകളുടെ പുരോഗതിയ്ക്കും ഭവനരഹിതരായ ആളുകൾക്കും ഉപകാരപ്രദമാണ്.

1.14 (a) കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ (1995-96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം							
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ						
			കോൺക്രീറ്റ്	ഓട്	പുല്ല്	ഓല	മറ്റുള്ളവ		വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
							A.C	കോറഷീറ്റ്	
i	772	12	91	199	103	67	202	98	
ii	609	-	15	359	-	71	63	100	1
iii	741	3	12	67	66	151	291	151	
iv	702	3	10	225	142	151	143	182	
v	348	4	23	114	49	1	75	52	
vi	345	2	15	83	25	154	33	33	
vii	392	2	38	113	99	4	83	52	1
viii	358	1	19	47	132	99	32	28	
ആകെ	4267	22	223	1207	616	547	922	696	2

1. പഞ്ചായത്ത് തലത്തിൽ ഭവന വിർമ്മാണ സഹ കരണ സംഘങ്ങൾ നിർമ്മിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം പഞ്ചായത്ത് തലത്തിൽ ഉറപ്പു വരുത്തുക.

3. സർക്കാർ ലഭ്യമാക്കുന്ന വായ്പയുടെ സാങ്കേതി കവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

4. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നല്കുക.

5. സർക്കാർ നല്കുന്ന ഭവന നിർമ്മാണ വായ്പക ളുടെ സംഖ്യ വർദ്ധിപ്പിക്കുക.

6. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയുടെ തുക വർദ്ധിപ്പിക്കുകയും യഥാസമയം തുക നല്കുകയും ചെയ്യു ക. ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് സ്വന്തമായി ഭൂമി ലഭിക്കേണ്ടതുകൊണ്ട് പഞ്ചാ യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും സർക്കാർ പുറമ്പോക്കും പ്രയോജനപ്പെടുത്തുക.

7. ഭവന നിർമ്മാണ രംഗത്തുള്ള സാമ്പത്തിക വായ്പ നല്കുന്ന ഹൗസിംഗ് ബോർഡ്, ജില്ലാ ബാങ്കുകൾ, ഭൂപ ണയ ബാങ്കുകൾ എന്നിവയുടെ സേവനങ്ങൾ സാധാ രണ ജനങ്ങൾക്ക് ഉപകാരപ്രദമായി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്.

8. പഞ്ചായത്തിലുള്ള ഹരിജൻ ഗിരിജൻ കോളനി കളിലെ താമസയോഗ്യമല്ലാത്ത വീടുകൾ താമസയോഗ്യ മാക്കി തീർക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തല ത്തിൽ ആരംഭിക്കുക.

വളരെ വിസ്തൃതവും വിശാലവുമായ അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമപ്രവർത്തന ങ്ങൾ പരിമിതമാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥ ലങ്ങളായ മാട്ടുക്കട്ട, മേരികുളം, പരപ്പ്, ചപ്പാത്ത്, ആല ടി, മുതലായ സ്ഥലങ്ങളിൽ പൊതുജനക്ഷേമത്തിനു ഉത കത്തക്ക രീതിയിൽ മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മി ക്കാനുള്ള നടപടികളും പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡികളിലൊന്നായ P.D. റോഡ് കടന്നു പോകുന്നു. വെയിറ്റിംഗ് ഷെഡ് ഇല്ലാത്ത പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുകയും പൊതുസ്ഥലങ്ങ ളിൽ ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള ടാങ്കുകൾ നിർമ്മി ക്കുകയും ചെയ്താൽ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

പഞ്ചായത്ത് തലത്തിൽ വനിതാവേദികളുടെ പ്രവർത്തനം ഏകോപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുക യുമാണെങ്കിൽ ജനപങ്കാളിത്തത്തോടെ മാതൃശിശു ക്ഷേമ പരിപാടികളും ആരോഗ്യപ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജിതമാക്കാൻ സാധിക്കും. ആരോഗ്യാരക്ഷാകേന്ദ്ര ങ്ങളിൽ ആവശ്യത്തിനു വേണ്ട മരുന്നും, സേവനതല്പ രരായ ഉദ്യോഗസ്ഥരുടെ സേവനവും യഥാസമയം ലഭി ക്കത്തക്കവിധമുള്ള നടപടികൾക്കും എല്ലാവിധ ആധു നിക സൗകര്യങ്ങളും ലഭിക്കത്തക്കവണ്ണം ആരോഗ്യകേ ന്ദ്രങ്ങൾ സ്ഥാപിക്കണം. അർഹരായവർക്കു വിധവാ പ്പെൻഷൻ, വികലാംഗപ്പെൻഷൻ എന്നിവയും കൂടുതലായി നൽകുകയും യഥാസമയം അർഹരായവർക്ക് ലഭിക്കത്ത ക്കവണ്ണം നടപടികൾ ഉണ്ടാകുകയും ചെയ്യണം. പഞ്ചാ യത്തിലുള്ള മത്സ്യം, മാംസം, പച്ചക്കറി ഉല്പ്പന്നങ്ങൾ നിശ്ചിത സ്ഥലത്തു വില്പന നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

ഗതാഗത കാര്യങ്ങളിൽ വളരെ പിന്നോക്കം നില്ക്കുന്ന അയ്യപ്പൻകോവിൽ പഞ്ചായത്തിൽ ഗതാഗത, വൈദ്യുതി, ജലവിതരണത്തിലുള്ള അപാകതകൾ പരി ഹരിക്കുക.

പഞ്ചായത്തിൽ നിലവിലുള്ള ക്ഷേമപദ്ധതികളുടെ അപര്യാപ്തത പ്രകടമാണ്. പദ്ധതികളെക്കുറിച്ചുള്ള അറി വില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ഉദ്യോഗസ്ഥ തല ത്തിലുള്ള ബോധവൽക്കരണക്കുറവ്, യഥാസമയം കിട്ടാ യ്മ, സാങ്കേതിക തടസ്സങ്ങൾ എന്നിവ പല സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളും പഞ്ചായത്തിൽ വളരെ അപര്യാ പ്തമാണ്. തൊഴിലാളി - തൊഴിലുടമ സഹകരണത്തോ ടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർ ത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മത്സ്യ തൊഴി ലാളികൾ എന്നിവർ ഉണ്ടെങ്കിലും എല്ലാ തൊഴിലാളി കൾക്കും ക്ഷേമനിധിയുടെ പ്രയോജനം ലഭ്യമല്ല. സാമൂ ഹ്യക്ഷേമ രംഗത്തുള്ള അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ പഞ്ചായത്തിൽ 11 എണ്ണം മാത്രമേയുള്ളൂ. ഇത്രയും വലിയ ഒരു പഞ്ചായ ത്തിൽ ഈ എണ്ണം വളരെ പരിമിതമാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളി ലും അസുന്തുഷ്ടിയും ഉണ്ടാക്കുന്നു. ഉള്ള അംഗനവാടി കൾ പ്രവർത്തിക്കുന്നതു തന്നെ കൂടുതലായും വാടക കെട്ടിടത്തിലാണ്. തന്മൂലം വേണ്ടത്ര ഉകരണങ്ങളോ, കളി പ്പാട്ടങ്ങളോ, കളിസ്ഥലങ്ങളോ ഇല്ല. ശുദ്ധജലം ലഭിക്കു വാനുള്ള സൗകര്യവും അംഗനവാടികളിൽ ഇല്ല. സാമൂ ഹ്യക്ഷേമപ്രവർത്തനത്തിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന അംഗനവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കു താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. സാമ്പത്തിക ഏജൻസികളെകൊണ്ടോ J.R.Y ഫണ്ടോ ഉപയോഗിച്ചു അംഗനവാടികൾക്കു സ്വന്തമായി കൊട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുക.

2. പഞ്ചായത്തു വക സ്ഥലമോ മിച്ചഭൂമിയോ പ്രയോജനപ്പെടുത്തി അംഗനവാടികൾക്കു സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

3. DWCRA യൂണിറ്റുകൾ നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം അംഗനവാടികളിൽ കളിപ്പാട്ടങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങാൻ പ്രയോജനപ്പെടുത്തുക.

4. അംഗനവാടികളിലൂടെ കുട്ടികൾക്ക് നല്കുന്ന പോഷകാഹാരത്തിന്റെ ഗുണനിലവാരവും ലഭ്യതയും ഉറപ്പുവരുത്തുക.

5. അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

പൊതുവിതരണം

പഞ്ചായത്തിലാകെ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നു. ഇത്രയും വിസ്തൃതമായ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ വില കുറച്ചു ലഭിക്കുന്നതിലേയ്ക്ക്വേണ്ടി മാവേലിസ്റ്റോറുകൾ സ്ഥാപിച്ചാൽ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ജനങ്ങൾക്ക് വളരെ നല്ലതാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും പരാതികളും പഞ്ചായത്തുതലത്തിൽ സ്വീകരിക്കുകയും പരിഹാരം കാണുവാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്യണം. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണസമിതിയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുക.

5.8

വനിത

ഇന്ന് സ്ത്രീകളുടെ മൊത്തത്തിലുള്ള പുരോഗതി സമൂഹത്തിൽ എമ്പാടും കാണുവാനുണ്ട്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പുരുഷന്മാരോട് ഒപ്പം സ്ത്രീകൾ അവരുടെ മികവ് പ്രകടമാക്കികഴിഞ്ഞു.

പുരുഷന്മാരേക്കാൾ ജനസംഖ്യയിൽ ഒരുപടി കൂടി മുന്നിൽ നിൽക്കുന്നവരാണല്ലോ സ്ത്രീകൾ

അയ്യപ്പൻകോവിൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാമൂഹ്യപ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ സജീവമായി കാണുവാൻ കഴിയും.

1991-ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകൾ ആണ്. സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സ്ത്രീകൾക്ക് സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരോട് ഒപ്പം ആണ്. സ്ക്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിലും മറ്റ് പഠന പരിശീലന രംഗങ്ങളിലും ആൺകുട്ടികളുടെ ഒപ്പം പെൺകുട്ടികൾ നിൽക്കുന്നു. ഉന്നത വിദ്യാഭ്യാസ സൗകര്യം ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ മറ്റ് സ്ഥലങ്ങളിൽ പോയി ഉന്നത വിദ്യാഭ്യാസം നടത്തുന്ന പെൺകുട്ടികളുടെ എണ്ണം വളരെ കൂടുതൽ ആണ്.

ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം ലഭിച്ച അദ്ധ്യാപികമാർ, എൻജിനിയർ, ഡോക്ടർ, നേഴ്സുമാർ, വനിതാ പോലീസുകാർ എന്നിവരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

സ്ത്രീകളുടെ സാക്ഷരത: സാക്ഷരത പ്രവർത്തനത്തിലൂടെ കുടുംബങ്ങളിൽ ജീവിതനിലവാരം ഉയർത്തുന്നതിനും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സ്ത്രീകളെ കൊണ്ടുവരുന്നതിനും, ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

തോട്ടം മേഖലയിൽ പണിയെടുക്കുന്ന തോട്ടം തൊഴിലാളികൾ, കർഷകതൊഴിലാളികൾ, അദ്ധ്യാപകർ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്ത് പണിയെടുക്കുന്ന ചുരുക്കം ചിലർ ഒഴിച്ചാൽ പഞ്ചായത്തിലെ പകുതിയിലധികം സ്ത്രീകൾ സ്വന്തം വീടിനുള്ളിൽ ഒതുങ്ങി കഴിയുന്നവരാണ്.

തൊഴിൽ പങ്കാളിത്തം

തൊഴിൽമേഖല	പുരുഷൻ എണ്ണം	സ്ത്രീകളുടെ എണ്ണം
കർഷകർ		
കർഷകതൊഴിലാളി		
മൃഗസംരക്ഷണം		
മത്സ്യബന്ധനം		
കുടിൽ വ്യവസായം		
കെട്ടിട നിർമ്മാണം.		
വ്യാപാരം		
ഗതാഗതം, വാർത്താ വിനിമയം		
മറ്റുള്ളവ.		

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായി അവഗണന നിലനിൽക്കുന്നു. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവൾക്കെതിരായി നിൽക്കുന്ന സാമൂഹ്യ പ്രതി ശക്തികളെ നടുക്കാൻ ആവില്ല.

ചെറുകിട വ്യവസായങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ (കോഴിവളർത്തൽ, അടുക്കളത്തോട്ടം) എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്നം ആവശ്യമാണ്.

പഞ്ചായത്തു തലത്തിൽ വനിതകളുടേതായി ഒരു സ്ഥാപനം പോലും ഇല്ല. 2. D. W. C. R.A യൂണിറ്റ് നിലവിൽ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.....ഓളം വീടുകളിൽ പഞ്ചായത്തിൽ സ്ത്രീകൾ ആണ് കുടുംബ നാഥകൾ. സ്ത്രീകൾക്കു നേരെയുള്ള ആക്രമങ്ങൾ പൊതുവേ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ ഈ കാലയളവിൽ വളരെ കുറച്ചു സ്ത്രീപീഠനകേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിൽ ഇല്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നം ആണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനം നില നിൽക്കുന്നു.

പട്ടിക ശ്രദ്ധിക്കുക.

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി		
നിർമ്മാണതൊഴിലാളി		

സാമൂഹ്യരംഗത്ത് വളരെകാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കുവാൻ കഴിയുകയുള്ളു. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും ചെയ്യുവാൻ സ്ത്രീകൾക്ക് കഴിയും എങ്കിലും, പൊതുവേ ജോലികൾ ഏറ്റെടുക്കുവാൻ ഉള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തര വാദിത്വം ഏല്പിക്കുവാനുള്ള താൽപര്യകുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്.

സ്ത്രീകൾക്ക് ലഭിച്ചിട്ടുള്ള അവകാശങ്ങളും, അധികാരങ്ങളും, മനസ്സിലാക്കി അവ ഉൾകൊണ്ട് പ്രവർത്തിക്കുവാൻ സ്ത്രീകൾ സന്നദ്ധരാകേണ്ടിയിരിക്കുന്നു.

തോട്ടം മേഖലയിലുള്ള സ്ത്രീകൾ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ വളരെ പിന്നിൽ ആണ്. 16 വയസുകഴിയുമ്പോൾ മുതൽ പെൺകുട്ടികളെ നിർബന്ധപൂർവ്വം തൊഴിൽ ചെയ്യിക്കുവാൻ പറഞ്ഞ് അയയ്ക്കുന്നു. ഇതിന് ഒരു അറുതി വരുത്തുവാൻ ആ മേഖലയിൽ പ്രത്യേകമായി ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കണം.

പ്രശ്നങ്ങൾ

1 കുടുംബം പുലർത്തുന്നതിന് സ്ത്രീകൾ പുരുഷന്മാരേക്കാൾ അദ്ധ്വാനിക്കേണ്ടി വരുന്നു.

2. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.

3. തോട്ടം മേഖലയിൽ നിയമാനുസൃതം ഉള്ള ആനുകൂല്യങ്ങളും വേതനങ്ങളും സ്ത്രീക്ക് ലഭിക്കുന്നില്ല.

4. സാമൂഹ്യ സേവന രംഗത്ത് വിമർശനത്തെ ഭയന്ന് സ്ത്രീകൾ ധീരമായി ഇറങ്ങി വരുന്നില്ല.

5. വിദ്യാഭ്യാസകാര്യങ്ങളിൽ പുരുഷന്മാരോട് ഒപ്പം പരിഗണന കുടുംബങ്ങളിൽ സ്ത്രീകൾക്കു കിട്ടാറില്ല.

6. തൊഴിലാളി കുടുംബങ്ങളിൽ അനന്തരാവകാശികൾക്കു ജോലി ലഭിക്കുന്നതുമൂലം, വിദ്യാഭ്യാസം പൂർത്തിയാകാതെ 16 വയസു മുതൽ പെൺകുട്ടികൾക്ക് നിർബന്ധമായി ജോലിക്കുപോകേണ്ടി വരുന്നു.

7. സർക്കാരിന്റെ വിവിധ സഹായ പദ്ധതികളെപ്പറ്റി ശരിയായ അറിവുകൾ സ്ത്രീകൾക്കു ലഭിക്കുന്നില്ല.

8. ദിവസവും പത്രം വായിക്കുന്ന സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ ആകെ 15% മാത്രമേ വരുന്നുള്ളു.

9. അംഗൻവാടികളിൽ പണിയെടുക്കുന്ന വർക്കർ, ഹെൽപ്പർ ഇവർക്ക് ന്യായമായ ശമ്പളം ലഭിക്കുന്നില്ല. ഭൂരിഭാഗം അംഗൻവാടിക്കും സ്വന്തമായി കെട്ടിടം ഇല്ല. ഉള്ളവയിൽ പോലും പരിമിതമായ സൗകര്യങ്ങളേ ഉള്ളു.

10. സാമാന്യ വിദ്യാഭ്യാസംമുണ്ടെങ്കിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്ക് ഇടയിൽ ധാരാളമുണ്ട്.

11. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ പങ്കാളികൾ ആകുന്നില്ല.

12. സ്വന്തമായി വരുമാനം ഉള്ള സ്ത്രീകൾ എല്ലാ കാര്യങ്ങളിലും കുടുംബത്തിന്റേയും ഭർത്താവിന്റേയും നിയന്ത്രണത്തിൽ ആണ്.

പ്രശ്ന പരിഹാരം

1. കുടുംബം പുലർത്തുവാൻ ഉള്ള ഉത്തരവാദിത്വം പുരുഷന്മാർ ഏറ്റെടുക്കുക.

2. സ്ത്രീകൾക്ക് തുല്യ വേതനം ഉറപ്പാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുക.

3. മാനേജ്മെൻറും ട്രേഡ് യൂണിയനുകളും, സ്ത്രീകൾക്കു നിഷേധിക്കപ്പെടുന്ന ആനുകൂല്യങ്ങളും, വേതനങ്ങളും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും, ഇത്തരം പരാതികൾ ഗൗരവപൂർവ്വം പരിഗണിക്കുകയും ചെയ്യുക.

4. സ്ത്രീകൾക്ക് സാമൂഹ്യസേവന രംഗത്ത് ആവശ്യമായ ബോധവൽക്കരണം കൊടുത്ത് സ്ത്രീകളെ പ്രവർത്തന സന്നദ്ധരാക്കുക

5. വിദ്യാർത്ഥികളായ പെൺകുട്ടികൾക്ക് പഠിക്കുവാൻ ആവശ്യമായ സമയവും സൗകര്യവും നൽകുക.

6. സ്ക്കൂൾ പഠനം നിർത്തിയാണോ പെൺകുട്ടികൾ ജോലിക്കു വരുന്നത് എന്ന് ട്രേഡ് യൂണിയൻകളും, മാനേജ്മെൻറും പരിശോധിക്കുക. ഇങ്ങനെ ഉള്ള പെൺകുട്ടികൾക്ക് ആവശ്യമായ പഠന സൗകര്യം കൊടുക്കുവാൻ ശ്രദ്ധിക്കുക.

7. സർക്കാരിന്റെ പദ്ധതികളെപ്പറ്റി സ്ത്രീകൾക്ക് അവബോധം കിട്ടുന്നതിന് ആവശ്യമായ ചർച്ചാക്ലാസുകൾ, സെമിനാറുകൾ ഇവ പഞ്ചായത്തു തലത്തിൽ സംഘടിപ്പിച്ച് സ്ത്രീകൾക്കു അറിവ് കൊടുക്കുക.

8. സ്ത്രീകളുടെ ഇടയിൽ വായനശീലം വളർത്തിയെടുക്കുക. അംഗൻവാടികളോട് അനുബന്ധിച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും, ലഭ്യമാക്കാൻ ഉള്ള സൗകര്യം ചെയ്ത് കൊടുക്കുക.

9. പഞ്ചായത്തു തലത്തിൽ അംഗൻവാടികളിൽ ജോലിചെയ്യുന്നവർക്ക് ന്യായമായ ശമ്പളം നൽകുന്നതിന് ഗവൺമെൻറ് ഉചിതമായ തീരുമാനം കൈക്കൊള്ളുക.

10. അംഗൻവാടികൾക്ക് കെട്ടിടം പണിത് സൗകര്യം ഉണ്ടാക്കി കൊടുക്കുക.

11. അന്ധവിശ്വാസങ്ങൾക്കും. അനാചാരങ്ങൾക്കും എതിരെ സ്ത്രീകൾക്ക് ശരിയായ ബോധവൽക്കരണം നടത്തുക.

12. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനു സ്ത്രീകൾക്ക് ആവശ്യമായ പരിശീലനം നൽകുകയും ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും ചെയ്യുക.

13. സ്ത്രീകൾക്ക് വീട്ടിൽ ഇരുന്ന് ചെയ്യാവുന്ന സ്വയം തൊഴിലുകളെ പഞ്ചായത്തു തലത്തിൽ പ്രോത്സാഹിപ്പിക്കുക.



5.9

സഹകരണം

ധന ബാദ്ധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്.

അയ്യപ്പൻകോവിൽ പഞ്ചായത്തിൽ അയ്യപ്പൻകോവിൽ വില്ലേജിൽ 1955-ൽ ജേക്കബ് ഡോമിനിക് കിഴക്കേമുറിയുടെ നേതൃത്വത്തിൽ 70 അംഗങ്ങളോടെ മാട്ടുക്കട്ടയിൽ വച്ച് രൂപീകൃതമായ അയ്യപ്പൻകോവിൽ സർവ്വീസ്സ് സഹകരണ ബാങ്ക് എന്ന വായ്പാ സംഘമാണ് ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ഇപ്പോൾ ഈ സംഘത്തിൽ 5146 അംഗങ്ങളും 13 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവും ഉണ്ട്.

വിവിധ മേഖലകളിലായി 5 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കാർഷിക മേഖലയിൽ അയ്യപ്പൻകോവിൽ സഹകരണബാങ്കും ക്ഷീരോത്പാദക മേഖലയിൽ കെ. ചപ്പാത്ത് കേന്ദ്രമാക്കി ക്ഷീരോത്പാദക സഹകരണ സംഘവും മാട്ടുക്കട്ട കേന്ദ്രമാക്കി ആപ്കോസിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര സംഘവും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ വനിതാ സംരംഭകരുടെ ആഭിമുഖ്യത്തിൽ വനിതാ സഹകരണ സംഘം മാട്ടുക്കട്ടയിൽ പ്രവർത്തിക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ:

കാർഷിക മേഖലയിൽ അയ്യപ്പൻകോവിൽ സർവ്വീസ് സഹകരണ ബാങ്ക് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു.

സ്ക്കൂൾ സഹകരണ സംഘങ്ങൾ 2 എണ്ണം പഞ്ചായത്തിന്റെ പരിധിയിൽ പുസ്തക വിതരണം മാത്രം നടത്തിവരുന്നു. നിലവിലുള്ള ക്ഷീരോത്പാദക സംഘങ്ങൾ സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം നാമമാത്രമാണ്.

അയ്യപ്പൻകോവിൽ സർവ്വീസ് സഹകരണ സംഘത്തിന്റെ വായ്പാ പദ്ധതികൾ:

ഈ ബാങ്ക് നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളെ ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ എന്നിങ്ങനെ മൂന്നായി തരം തിരിക്കാം.

1. ഹ്രസ്വകാല വായ്പകൾ

ഇത്തരം വായ്പകളുടെ കാലാവധി 12 മാസമാണ്. ഇവയെ രണ്ടായി തിരിക്കാം.

(a) കാർഷികവായ്പ (ക്രോപ്ലോൺ) :-

ജില്ലാ സഹകരണ ബാങ്ക് വഴി ലഭിക്കുന്ന വായ്പയാണിത്. കാർഷികാവശ്യങ്ങൾക്കായി കുറഞ്ഞ പലിശ നിരക്കിൽ പരമാവധി 10,000/-രൂപ വരെ നല്കി വരുന്നു.65,00000/- രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള അംഗങ്ങൾക്കായി കാർഷിക വായ്പ നൽകുന്നതിന് 358 ലക്ഷം രൂപ വേണം. എന്നാൽ അനുവദിച്ചിട്ടുള്ള വായ്പാ പരിധി 70 ലക്ഷം രൂപ മാത്രമാണ്. ആവശ്യമുള്ള എല്ലാവർക്കും കാർഷിക വായ്പ നൽകണമെങ്കിൽ വായ്പാ പരിധി വർദ്ധിപ്പിച്ചു കിട്ടണം. നബാർഡും സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുമാണ് ഇക്കാര്യത്തിൽ സഹായിക്കേണ്ടത്.

b) കാർഷികേതര വായ്പ:-

അംഗങ്ങളുടെ കാർഷികേതര ആവശ്യങ്ങൾക്കായി പരമാവധി 10,000/- രൂപ വരെ നൽകി വരുന്നു. ഈ ഇനത്തിൽ 32 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ സ്വർണ്ണ പണയ വായ്പകളും, ബിസിനസ്സ് വായ്പകളും കൊടുക്കുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം ആവശ്യക്കാർക്കെല്ലാം വായ്പ നൽകാൻ കഴിയുന്നില്ല.

c) മദ്ധ്യകാല വായ്പകൾ:-

ഐ. ആർ. ഡി. പി പോലെയുള്ള പ്രത്യേക പദ്ധതികൾക്കായി പരമാവധി 36 മാസം വരെ കാലാവധിയുള്ള വായ്പയാണിത്. ഇതും ജില്ലാ സഹകരണ ബാങ്ക് വഴി ലഭിക്കുന്നതാണ്. ജില്ലാ ബാങ്കിൽ നിന്നും ലഭിക്കാത്തത് മൂലം 1995-96 വർഷത്തിൽ ഐ. ആർ. ഡി. പി വായ്പകൾ നൽകാൻ കഴിഞ്ഞിട്ടില്ല.

d) ദീർഘകാല വായ്പകൾ:-

ജില്ലാ ബാങ്കിൽ നിന്നുള്ള വായ്പയാണിത്. ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുക, കിണറു കുഴിക്കുക, പമ്പുസെറ്റു സ്ഥാപിക്കുക, കയ്യാല വയ്ക്കുക എന്നിവയ്ക്കും തൊഴുത്ത് നിർമ്മാണം, കന്നുകാലി വളർത്തൽ എന്നിവയ്ക്കും, കാപ്പി, കുരുമുളക് ഇവ കൃഷി ചെയ്യുന്നതിനും, നേഴ്സറി നടത്തുന്നതിനും ദീർഘ കാല വായ്പകൾ നൽകിയിട്ടുണ്ട്. വസ്തു ഈടിന്മേൽ മാത്രം നൽകുന്ന ഇത്തരം വായ്പകൾമേൽ ബാങ്കിൽ നിന്നും ലഭിക്കുക ബുദ്ധി മുട്ടാണ്.

അയ്യപ്പൻകോവിൽ സഹകരണ ബാങ്ക്

പ്രവർത്തനം ആരംഭിച്ച തീയ്യതി	പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരി മൂലധനം	നിക്ഷേപം	നിൽപ് വായ്പ	പ്രവർത്തന മൂലധനം	ലാഭം	നഷ്ടം	ജീവനക്കാർ
30-5-1955	അയ്യപ്പൻകോവിൽ പഞ്ചായത്ത്	5146	13 ലക്ഷം	83ലക്ഷം	143 ലക്ഷം	192ലക്ഷം		17ലക്ഷം/95	8

വിലയിരുത്തൽ

മേൽ വിവരിച്ച വായ്പാപദ്ധതികളുടെ നടത്തിപ്പ് സുഗമമല്ല. ഫണ്ടിൻെറ അപര്യാപ്തതയാണ് പ്രധാനം. ആവശ്യമുള്ള തുക വായ്പയായി നൽകാൻ നിലവിലുള്ള വ്യവസ്ഥിതി ജില്ലാ ബാങ്കിനെ അനുവദിക്കുന്നില്ല. നിക്ഷേപസമാഹരണം വഴി വിഭവശേഷി വർദ്ധിപ്പിക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും നമ്മുടെ പ്രദേശത്തിൻെറ സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം ഇത് പൂർണമായി വിജയിച്ചിട്ടില്ല. രണ്ടാമതായി കുടിശ്ശിക. ആകെ നൽകിയിരിക്കുന്ന വായ്പയുടെ 19% കുടിശ്ശികയാണ്. ജില്ലാ ബാങ്കിൽ നിന്നും ആവശ്യത്തിന് വായ്പ ലഭിക്കാതിരിക്കാനുള്ള പ്രധാന കാരണങ്ങളിലൊന്നാണ് കുടിശ്ശിക. ചുരുക്കത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പൂർണമായി നിറവേറ്റുവാൻ കഴിഞ്ഞിട്ടില്ല.

പരിഹാരമാർഗ്ഗങ്ങൾ

1) ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുവാൻ വേണ്ടത്ര വായ്പ മേൽബാങ്കുകളിൽ നിന്നും ലഭിക്കണം.

2) നിക്ഷേപ സമാഹരണത്തിലൂടെ വിഭവശ്ശേഷി വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കണം. ഇതിനായി കൂട്ടായ പരിശ്രമം വേണം.

3) കുടിശ്ശിക ഇല്ലാതെ ആക്കണം. ബോധവത്ക്കരണവും പ്രേരണയും ഇക്കാര്യത്തിൽ അനി വാര്യമാണ്.

4) യോഗ്യരായ എല്ലാവരേയും അംഗങ്ങളാക്കി ചേർത്ത് ജനകീയ അടിത്തറ ശക്തമാക്കണം.

മാട്ടുക്കട്ട ക്ഷീരോത്പാദക സഹകരണസംഘം

മാട്ടുക്കട്ട ക്ഷീരോത്പാദക സഹകരണസംഘം പ്രവർത്തനമാരംഭിച്ചത് 1986-ൽ ആണ്. ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ അയ്യപ്പൻകോവിൽ പഞ്ചായത്തിലെ 1, 2, 8 വാർഡുകൾ ഉൾപ്പെടുന്നു. പ്രസ്തുത സംഘത്തിൽ 559 അംഗങ്ങളും 6220 രൂപ മൂലധനവുമുണ്ട്. ഈ സംഘത്തിൽ സ്ഥിരമായി 3 ജീവനക്കാർ ജോലി ചെയ്ത് വരുന്നു. ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു.

മാതൃകാ ഡയറി യൂണിറ്റ്

2 പശുക്കൾ, തൊഴുത്ത്, പുൽകൃഷി എന്നിവ ഉള്ളവർക്ക് 7000 രൂപ ധനസഹായം നൽകുന്നു. ഓരോ വർഷവും ഒരു പഞ്ചായത്തിൽ ഒരാൾക്ക് വീതം ഈ സഹായം നൽകി വരുന്നു. പുതിയ പദ്ധതിയനുസരിച്ച് 5 പേർക്കെങ്കിലും സഹായം നൽകുന്നത് നന്നായിരിക്കും.

പുൽകൃഷി

25-സെന്റ് സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് 100 രൂപ ധനസഹായം നൽകി വരുന്നു. ഇപ്പോൾ 7 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് സഹായം നൽകുന്നു. ഇത് 15 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് നൽകുന്നത് കർഷകർക്ക് ഗുണകരമാണ്.

കാലിത്തൊഴുത്ത് നിർമ്മാണം

മുൻവർഷങ്ങളിൽ ഈ സംഘം പരിധിയിൽ നിന്നും മാത്രമായി 1250 രൂപ ധനസഹായത്തോടുകൂടി 7 തൊഴുത്തുകൾ വീതം നൽകി വന്നിരുന്നു. ചുരുങ്ങിയത് 2000 രൂപയെങ്കിലും ധനസഹായം നൽകി പുതിയ തൊഴുത്തുകൾ പണിയുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നത് നന്നായിരിക്കും. കൂടാതെ വർഷം തോറും 15 കർഷകർക്കെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധം ധനസഹായം നൽകേണ്ടതാണ്.

സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ വിതരണം കന്നുകുട്ടിപരിപാലന പദ്ധതി

കർഷകരുടെ 3 മാസത്തിനും 9 മാസത്തിനും ഇടയിൽ പ്രായമുള്ള കന്നുകുട്ടികൾക്ക് 32 മാസം പ്രായമാകുന്നത് വരെയോ കന്നുകുട്ടികൾ പ്രസവിക്കുന്നത് വരെയോ 50% സബ്സിഡി നിരക്കിൽ മാസംതോറും നിശ്ചിത അളവിൽ കാലിത്തീറ്റ നൽകുന്ന പദ്ധതി-75 കർഷകർക്ക് ഇപ്പോൾ ഇതിന്റെ പ്രയോജനം ലഭിക്കുന്നു. വർഷം തോറും 100 ആളുകൾക്കെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധം പദ്ധതി ക്രമീകരിക്കേണം ഇപ്പോൾ മൃഗസംരക്ഷണ വകുപ്പാണ് ടി പദ്ധതി സംഘം വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

പുതിയ പദ്ധതി നിർദ്ദേശങ്ങൾ

1. കാലിത്തീറ്റ ഫാക്ടറി

2. കന്നുകാലി ഇൻഷ്വറൻസ്

3.കർഷകർക്ക് ബാങ്കുകൾ വഴി കന്നുകാലികളെ വാങ്ങുന്നതിന് വായ്പ നൽകുക

4.കർഷകർക്ക് തക്കസമയത്ത് സേവനം ലഭ്യമാകുന്ന തരത്തിലുള്ള അടിയന്തിര മൃഗചികിത്സാ സൗകര്യം

5.പഞ്ചായത്ത് തലത്തിലും ധനകാര്യ സ്ഥാപനങ്ങൾ വഴിയും ക്ഷീരവികസനരംഗത്ത് നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളും ക്ഷീരസഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുക.

6. കന്നുകാലി പ്രദർശനം, സെമിനാറുകൾ എന്നിവ വർഷം തോറും നടത്തി കർഷകരെ പ്രോത്സാഹിപ്പിക്കുക.

7.മുഴുവൻ സമയത്തും ഉപഭോക്താക്കൾക്ക് സംഘം വഴി പാൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം.

8. മാതൃകാ ക്ഷീര കർഷകരെ വർഷം തോറും തെരഞ്ഞെടുത്ത് അവരെ ആദരിക്കുക.

9. സാമ്പത്തിക പരാധീനതകൾ കൊണ്ട് അടഞ്ഞു കിടക്കുന്ന ക്ഷീരോൽപന്ന യൂണിറ്റുകൾ ജനപങ്കാളിത്തത്തോടെ പുന: സ്ഥാപിക്കുക.

10. കാലികർഷകർക്ക് ക്ഷീര സഹകരണ സംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ, വൈയ്ക്കോൽ മുതലായവ വിതരണം നടത്തുക.

പുതുതായി രൂപീകരിക്കേണ്ട സഹകരണ സംഘങ്ങൾ

1. മാർക്കറ്റിംഗ് സൊസൈറ്റി:-

അയ്യപ്പൻകോവിൽ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങളുടെ സംഭരണത്തിനും വിപണനത്തിനും മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കേണ്ടത് കാലഘട്ടത്തിന്റെ അനുപേക്ഷണീയതയാണ്.

2. ഖാദിഗ്രാമ വ്യവസായ സംഘങ്ങൾ

ഈ പഞ്ചായത്തിൽ വളരെയേറെ വിജയ സാദ്ധ്യതകളുള്ള ഖാദിഗ്രാമവ്യവസായ യൂണിറ്റുകൾ സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്യേണ്ടതാണ് ഉദാ:- മെഴുകുതിരി, സോപ്പ്, തീപ്പെട്ടി, പപ്പടം, കക്കാചൂള മുതലായവ. ഈ സംഘം സ്ഥാപിക്കുക വഴി ഏകദേശം 500 പേർക്കെങ്കിലും തൊഴിൽ സാധ്യത ലഭിക്കും.

3. കൺസ്യൂമർ സഹകരണ സംഘം

വിലക്കയറ്റം മൂലം നട്ടം തിരിയുന്ന സാധാരണ ജനങ്ങൾക്ക് ആശ്വാസം ലഭിക്കുവാൻ ഉതകുന്ന വിധത്തിൽ നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലക്ക് ലഭിക്കുന്നതിന് ഒരു കൺസ്യൂമർ സഹകരണ സംഘം ആവശ്യമാണ്.

4. ഹരിജൻ സഹകരണം

പട്ടികജാതി പട്ടിക വർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിനും തൊഴിൽ നൽകുന്നതിനും വേണ്ടി ഹരിജൻ സഹകരണ സംഘം രൂപികരിക്കേണ്ടത് ആവിശ്യമാണ്.

5. കോഴിവളർത്തൽ സഹകരണസംഘം

കേരളത്തിലെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഒരു കോഴി വളർത്തൽ സഹകരണസംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ സംഘം മുഖേന പഞ്ചായത്തിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴി വളർത്തലും അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതാണ്.

6. ലേബർ കോൺട്രാക്ട് സഹകരണ സംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ അയ്യപ്പൻകോവിൽ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കേണ്ടതും പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതുമാണ്.

സഹകരണരംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണസംഘങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

സഹകരണരംഗത്തെ വിവിധ മേഖലകളിലെ വളർച്ചയ്ക്ക് ആവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം 150 ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നുണ്ട് ഇത്രയും തുക മുതൽ മുടക്കുക വഴി 400-ഓളം പേർക്ക് പ്രത്യക്ഷമായും അനവധിപേർക്ക് പരോക്ഷമായും ജോലിയും ഏതാണ്ട്1500-ഓളം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും ഉണ്ടാകുന്നതുമാണ്. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നതാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി അയ്യപ്പൻകോവിൽ 8 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് കോർഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്.

സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി അയ്യപ്പൻകോവിൽ പഞ്ചായത്തിലെ കാർഷികരംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തികമേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്. ഗ്രാമങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്ക്കാരിക വികസനത്തിന് നിർണ്ണായകമായി പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ സഹകരണരംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചു കൊള്ളുന്നു.

5.10

പട്ടിക ജാതി പട്ടിക വർഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 10.2% ത്തോളം പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരും അതിൽ 1058 പേർ പട്ടികജാതിയിൽപ്പെട്ടവരും 337 പേർ പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുമാണ്.

അയ്യപ്പൻകോവിൽപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ തനതായ സംസ്ക്കാരവും ജീവിത ശൈലിയും സ്വീകരിച്ചിട്ടുള്ളവരാണ്. ഇവരുടെ സേവനങ്ങൾ കാർഷിക വൃത്തിയിലും പാരമ്പര്യ ജീവിത രീതികളിലും കനത്ത സംഭാവന ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്തു വേണ്ട പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്തു നിരവധി കാലം ചൂഷണത്തിനു വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടി കിടപ്പവകാശവും മിച്ചഭൂമി ലഭ്യതയും ഒരു പരിധി വരെ സാമൂഹിക പുരോഗതി കൈവരിക്കുന്നതിൽ സഹായകമായിട്ടുണ്ട്. ഉച്ചനീചത്വങ്ങളും അന്ധവിശ്വാസങ്ങളും മറ്റ് അനാചാരങ്ങളും ഒരു പരിധി വരെ ഒഴിവാക്കുന്നതിന് വിവിധ ജാതി മതസ്ഥരുടെയും എല്ലാതരം പൊതുചടങ്ങുകളുടെയും സാന്നിദ്ധ്യം സഹായിച്ചിട്ടുണ്ട്. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നിരവധി സൗജന്യങ്ങൾ വിവിധ വിഭാഗത്തിന് സഹായകമായിട്ടുണ്ടെങ്കിലും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിൽക്കുന്നു. ഈ പഞ്ചായത്തിൽപ്പെട്ട പട്ടിക വർഗ്ഗ കോളനികളും ഒരു പട്ടിക ജാതി കോളനിയും നിലവിലുണ്ട്. അവയിൽ ഹെവൻവാലി കോളനി പട്ടിക ജാതി കോളനിയും, മാട്ടുക്കട്ടകുടി, ചെന്നിനായ്ക്കൻ കുടി, പൂവന്തിക്കുടി എന്നിവ പട്ടികവർഗ്ഗ കോളനിയുമാണ്. ചപ്പാത്ത് പന്ത്രണ്ട് പൂതുവൽകോളനി പുതിയ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്.

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. S.S.L.C. ക്ക് ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വേണ്ടത്ര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടണ്ടതുണ്ട്. S.S.L.C ക്ക് പരാജയപ്പെട്ടാൽ തുടർന്ന് പഠിക്കാൻ കുട്ടികൾ തയ്യാറാവുന്നില്ല. 95-96 വർഷങ്ങളിൽ പരാജയപ്പെട്ട കുട്ടികളിൽ 46 പേർ മാത്രമാണ് തുടർമ്മ് പഠിക്കാൻ തയ്യാറായത്. പൊതുവേ S.S.L.C. കഴിഞ്ഞ് വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്.

തൊഴിൽ

ഭൂരിപക്ഷം കുടുംബങ്ങളും കാർഷികമേഖലയിൽപ്പെട്ടതാണ്. എന്നാൽ കാർഷികമേഖലയിലെ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനു വേണ്ടി മറ്റു മേഖലകളിലേയ്ക്കു പോകുവാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ മേഖലകളിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിൽ സ്ത്രീകൾക്ക് 80 രൂപയും പുരുഷൻമാർക്ക് 110/- രൂപയും വേതനം കിട്ടുന്ന അവസ്ഥയിലേയ്ക്ക് തൊഴിൽ മേഖല ഉയർന്നിട്ടുണ്ട്. എങ്കിലും പരമ്പരാഗതമായി തേൻ, കൂവപ്പൊടി, ഈറ്റ തുടങ്ങിയവ ശേഖരിക്കുന്ന തൊഴിലാളികളെയും കാണാവുന്നതാണ്.

തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയതലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന ചില കാർഷിക വൃത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ പ്രയാസമായിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗം

തൊഴിലെന്നതിനുപരി ഭക്ഷ്യധാന ഉല്പാദന വർദ്ധനവിന്റെ ആവശ്യകത മനസ്സിലാക്കി കൂടുതൽ തൊഴിലാളികളെ ആകർഷിക്കേണ്ടതുണ്ട്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല. P.D.S., M.D.S., വികാസ് യോജന, വിൻസന്റെ ഡിപ്പോൾ സൊസൈറ്റി തുടങ്ങിയ സോക്ഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ ശ്രമഫലമായി ഒരു പരിധിവരെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മിക്കഹരിജൻ കോളനികളും ചെറ്റക്കുടിലിൽ നിന്നും മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങളെ ഒഴിച്ചാൽ വൈദ്യുതിയും കുടിവെള്ളവും പൊതുജനാ രോഗ്യ ക്ഷേമ പദ്ധതികളും ഹരിജൻകോളനികളിൽ എത്തിച്ചേർന്നിട്ടുണ്ട്.

വായ്പ എടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയെങ്കിലും വീടുനിർമ്മാണത്തിനനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പണി തീരാതെ കിടപ്പുണ്ട്. ഒന്നിൽക്കൂടുതൽ കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ലക്ഷം വീട് കോളനിയിൽ ഒരു കക്കൂസ് എന്ന രീതി മാറ്റി ഒരു വീടിന് ഒരു കക്കൂസ് എന്ന രീതി അവലംഭിക്കേണ്ടതാണ്. കോള നികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളുടെ വിവരങ്ങൾ കൃത്യമായി ലഭ്യമല്ലാത്തതിനാൽ അത് ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. എങ്കിലും ഗ്രാമസഭ റിപ്പോർട്ട് പ്രകാരം 300 - ഓളം വീടുകളും 450 - ഓളം കക്കൂസും അനുവദിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.

2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു പോകുന്നു.

3. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമല്ല.

4. എല്ലാവർക്കും സ്വന്തമായി വീടില്ല.

5. പൊതു ശ്മശാനം ഇല്ല.

6. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

7. ആരോഗ്യസംരക്ഷണ പദ്ധതി മെച്ചപ്പെട്ടതല്ല.

9. ഐ. ആർ. ഡി. പി പട്ടികജാതി വികസന കോർപ്പ റേഷൻ, ഹരിജനക്ഷേമ വകുപ്പ് എന്നിവയുടെ പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.

10. കടക്കെണിയിൽപ്പെട്ട് പോകുന്നു.

നിർദേശങ്ങൾ

1. പരമ്പരാഗത തൊഴിൽ മേഖലകളായിരുന്ന ഈറ്റവെട്ട്, വനോൽപ്പന്നശേഖരണം, അപൂർവ്വ മരുന്നു കളുടെ ശേഖരണം, പ്രകൃതിചികിത്സ എന്നിവ സംരക്ഷി ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

2. വൈദ്യുതികരിക്കാത്ത കോളനികളും ഹരിജൻ വീടുകളും സൗജന്യ പരിധിയിൽപ്പെടുത്തി എത്രയും പെട്ടെന്ന് വൈദ്യുതീകരിക്കുക.

3. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ വഴി കിണറു കളും, കുളങ്ങളും, കുഴൽക്കിണറുകളും സ്ഥാപിച്ച് എത്രയും വേഗം ഭവനങ്ങൾ തോറും ജലം എത്തിക്കുക.

4. രണ്ട്, മൂന്ന്, നാല്, അഞ്ച്, വാർഡുകളെ ഏകോപിപ്പിച്ച് പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തെ മുൻ നിർത്തിയുള്ള സത്വരമായ പദ്ധതികൾ ആവിഷ്ക്ക രിക്കണം.

5. കാർഷികമേഖലയിലെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

6. ലക്ഷം വീടുകളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടുകളാക്കുക.

7. പട്ടികജാതി സർവ്വീസ് സഹകരണ സംഘം അനുവദിക്കുക.

8. സഹകരണ മേഖലയിൽ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

9. ഹരിജൻ സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും, വ്യവസായിക വായ്പയും ലഭ്യമാക്കുക.

10. വീടു നിർമ്മാണത്തിന് ധനസഹായം വർദ്ധി പ്പിക്കുക.

****

5.11

വിഭവ സമാഹരണം

നമ്മുടെ അയ്യപ്പൻകോവിൽ പഞ്ചായത്ത് ഇന്ന് അത്യപൂർവ്വമായ ഒരു പ്രതിസന്ധിയെ നേരിടുകയാണ്. വികസനം എന്നത് ഏത് മേഖലയിലായാലും നമ്മുടെ പഞ്ചായത്തിന് അന്യമായിരിക്കുകയാണ്. അത് കൊണ്ടു തന്നെ വിഭവസമാഹരണത്തിന് കൂടുതലായി ഊന്നൽ നൽകേണ്ടതുണ്ട്.

വ്യാവസായികമായി നാം പിന്നോക്കാവസ്ഥയിലാണ്. വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല എന്ന് പറയാം. ലോണുകൾ ലഭ്യമാക്കാനുള്ള അസൗകര്യങ്ങളും വൈദ്യുത മേഖലയിലെ അനിശ്ചിതത്വവും ഗതാഗത മാർഗ്ഗങ്ങളുടെ പോരായ്മകളും വ്യവസായികളെ ഈ പഞ്ചായത്തിൽ നിന്നും അകറ്റി നിർത്തുന്ന ഘടകങ്ങളാണ്. ഇവ പരിഹരിക്കാതെ ഈ രംഗത്ത് വിഭവ സമാഹരണത്തിന് സാദ്ധ്യത തന്നെയില്ല.

ഇടിയുന്ന ഉത്പാദക ക്ഷമത കാർഷിക മേഖലയുടെ ശാപമായി മാറിയിരിക്കുന്നു. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കാതെ ഈ രംഗത്ത് വിഭവ സമാഹരണം ഫലം ചെയ്യുകയില്ല.

ഈ രണ്ടു മണ്ഡലങ്ങളിലും ഗ്രാമ പഞ്ചായത്തുകൾക്ക് ഫലപ്രദമായി ഇടപെടുവാനുള്ള അധികാരം നൽകിയാൽ ഗുണഫലങ്ങൾ താമസിയാതെ നേടുന്നതിന് സാധിക്കും.

ഗവൺമെൻറിൽ നിന്നുമുള്ള ഗ്രാൻറുകൾ ഇന്ന് പഞ്ചായത്തുകൾക്ക് ലഭ്യമാവണമെങ്കിൽ ഭരണപരമായ സ്വാധീനം ആവശ്യമായിരിക്കുകയാണ്. പലപ്പോഴും പഞ്ചായത്ത് അതിർത്തിയിൽ നിന്നു പിരിക്കുന്ന നികുതികളിൽ നിന്ന് പഞ്ചായത്തുകൾക്ക് ലഭ്യമാവേണ്ട ഗ്രാൻറുകൾ ലഭിക്കുന്നതിന് വളരെ കാലതാമസം നേരിടുന്നു. ഈ ഗ്രാൻറുകൾ പിരിക്കുന്ന അവസരത്തിൽ തന്നെ പഞ്ചായത്തുകൾക്ക് നൽകുവാൻ നടപടികൾ ഉണ്ടായാൽ അത് പഞ്ചായത്തുകളെ ദൈനംദിന വികസന പരിപാടികൾക്ക് ഒരു മുതൽ കൂട്ടായിരിക്കും.

അയ്യപ്പൻകോവിൽ പഞ്ചായത്തിൽ തോട്ടം മേഖലയിൽ പണിയെടുക്കുന്നവരാണ് ജനങ്ങളിൽ ഏറിയ ഭാഗവും. ഈ പഞ്ചായത്തിൽ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ വളരെ കുറവാണ്.

നിലവിലുള്ള നികുതികൾ യുക്തിസഹജമാക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ സംഭാവനയാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടാൻ കഴിയും. വരുമാനത്തിൻെറ ഒരു ചെറിയ ശതമാനമേ നികുതിയായി പിരിക്കാൻ പാടുള്ളൂ. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം ഉണ്ടാക്കണം.

1.കെട്ടിടനികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ ആഡംബരത്വവും, വിലക്കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. നികുതി അസ്സെസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനേയും ബോധ്യപ്പെടുത്താൻ തയ്യാറാകണം. കുടിശ്ശികയില്ലാതെ നികുതി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണം.

2. തൊഴിൽ നികുതി

അയ്യപ്പൻകോവിൽ പഞ്ചായത്തിൽ തൊഴിലുള്ളവരിൽ നിന്ന് നികുതി പിരിക്കാനുള്ള സമഗ്ര നടപടി സ്വീകരിക്കണം.

3. വിനോദ നികുതി

ഈ പഞ്ചായത്തിലെ സിനിമാ തിയേറ്ററിൽ നിന്നു മാത്രമേ നികുതി ലഭിക്കുന്നുള്ളൂ.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുഴ, റോഡ്, തോട് പുറംപോക്കായി ധാരാളം സ്ഥലം ഇവ ഉണ്ട്. ഇത് കൃത്യമായി അളന്നു തിട്ടപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കണം. ഇത് വർഷാവർഷങ്ങളിൽ ലേലം ചെയ്ത് ആവശ്യക്കാർക്ക് കൊടുക്കേണ്ടതാണ്. റോഡ്, പുഴ, തോട്, പുറംപോക്കു ഭൂമി ഇവയിൽ വ്യാപകമായ തോതിൽ കൈയ്യേറ്റം നടത്തുന്നുണ്ട്. ഇതിനെതിരെ ഉടൻ നടപടി സ്വീകരിക്കണം.

ഖനനം

നമ്മുടെ പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്തു കൊണ്ടിരിക്കുന്നു. യാതൊരു തത്വദിക്ഷയുമില്ലാതെ പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് മണൽ വാരു

ന്നത്. എടുക്കുന്ന മണലിന്റെ അളവിനെ സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ല. പല വഴിക്ക് മണൽ കടത്തുന്നതുകൊണ്ട് ഇതിന്റെ അളവ് നിയന്ത്രിക്കാൻ സാധ്യമല്ല. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി ഇതിന് നിയന്ത്രണം കൊണ്ടു വരാം. ഇതുപോലെത്തന്നെ ചൂഷണം ചെയ്യുന്ന മേഖലയാണ് പാറമട. പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയന്ത്രണ രഹിതമായ ചൂഷണം അവസാനിപ്പിച്ച് ഇതിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കണം.

ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്കും, യൂണിയൻ ബാങ്കിന്റെ ശാഖയുമുണ്ട്. രണ്ടു സ്വകാര്യ ബാങ്കുകളും പ്രവർത്തിക്കുന്നു. നിക്ഷേപങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്ന് സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90 ശതമാനവും വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തോ, ഗ്രാമസഭകളോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാകുന്ന നിയമം ഈ രംഗത്തുണ്ടാക്കണം.

ചെലവുകൾ

നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചിലവഴിക്കുന്നത് ഇതുവരെ പ്രത്യുൽപാദനപരമല്ലാത്ത രീതിയിലായിരുന്നു.

പൊതുമരാമത്തിന് 10 % വും ഭരണചിലവുകൾക്ക് 14 % വും വിദ്യാഭ്യാസത്തിന് 1.2 % വുമാണ് പഞ്ചായത്തു ഫണ്ട് ചിലവഴിച്ചത്. പൊതുമരാമത്തിന് ചിലവഴിച്ചത് റോഡുകളുടെ നിർമ്മാണജോലികൾക്കായിരുന്നു. പഴയ റോഡിനിട്ട മണ്ണു മുഴുവൻ മഴക്കാലത്ത് ഒലിച്ചുപോയി. റോഡുകൾ വീണ്ടും തകരാറിലാകുന്നു. ഇത്തരത്തിലുള്ള താല്ക്കാലിക റിപ്പയർ വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ലെന്നു മാത്രമല്ല പഞ്ചായത്തിന്റെ ഫണ്ട് പാഴായിപ്പോവുകയും ചെയ്യുന്നു. അതുകൊണ്ട് പഞ്ചായത്തിലെ മൺറോഡുകൾ സംരക്ഷിക്കുന്നതിനായി മഴക്കാലം തുടങ്ങുന്നതിനു മുൻപ് റോഡുകൾക്കിരുവശമുള്ള ഓടകൾ നന്നാക്കുവാനും അതു നില നിർത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ റോഡുകളുടെ നശീകരണം തടയുവാൽ സാധിയ്ക്കും. അതുവഴി പഞ്ചായത്തിന്റെ പൊതുമരാമത്തുചിലവുകൾ വളരെയധികം കുറയ്ക്കുവാനാകും. ആ ഫണ്ട് മറ്റ് ജനക്ഷേമക്കാര്യങ്ങൾക്കായി വിനിയോഗിക്കാനും കഴിയും.

ഭൂനികുതി

ഈ പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കുന്ന ഭൂനികുതി ഈ പഞ്ചായത്തിന് അവകാശപ്പെട്ടതാണ്. അതുകൊണ്ട് ഭൂനികുതി നിർണ്ണയിക്കുന്നതിനും അതു പിരിച്ചെടുക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണ്. ഭൂമിയുടെ തരമനുസരിച്ച് ഭൂനികുതിയിൽ വ്യത്യാസം വരുത്തേണ്ടതുണ്ട്. നാണ്യവിളകൾ കൃഷിചെയ്യുന്ന ഭൂമിയ്ക്ക് പരമാവധി നികുതിയും, ഭക്ഷ്യവിളകൾ കൃഷിചെയ്യുന്ന ഭൂമിയ്ക്ക് കുറവ് നികുതിയും ചുമത്തേണ്ടതാണ്. നികുതി പിരിവ് ഒരു വർഷത്തിൽത്തന്നെ വ്യത്യസ്ഥ സമയങ്ങളിൽ പിരിക്കേണ്ടതാണ്. സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുവാൻ ഇത് സാധിയ്ക്കും.

ഷോപ്പിംഗ് കോപ്ലംക്സ്

നിർദ്ദിഷ്ട കട്ടപ്പന - കുട്ടിക്കാനം- സ്റ്റേറ്റ് ഹൈവേ പൂർത്തിയാകുമ്പോൾ മാട്ടുകട്ട, മേരികുളം, ചപ്പാത്ത്, പരപ്പ്, എന്നീ സ്ഥലങ്ങളും വികസന സാധ്യതകൾ ഏറെ വർദ്ധിക്കും. പ്രസ്തുത സ്ഥലങ്ങളിൽ ഒന്നിൽ ഒരു ഷോപ്പിംഗ് കോപ്ലംക്സ് നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന് അതൊരു നല്ല വരുമാനമാകുകയും പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കുകയും ചെയ്യും.

മാട്ടുകട്ട, മേരികുളം, ചപ്പാത്ത് എന്നീ സ്ഥലങ്ങളിൽ ധാരാളം ടാക്സി ജീപ്പുകൾ ഓടുന്നുണ്ട്. ഈ വാഹനങ്ങൾ ഇപ്പോൾ റോഡ്സൈഡിൽ പാർക്കുചെയ്യുന്നതുമൂലം പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പഞ്ചായത്തിന് ഒരു അധിക വരുമാനം ലഭിക്കുന്നതിനും ഇവിടങ്ങളിൽ ടാക്സി സ്റ്റാൻഡുകൾ നിർമ്മിക്കുക വഴി സാധിയ്ക്കും.

ലൈസൻസ്

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് വഴി നമ്മുടെ പഞ്ചായത്തിൽ ശരിയായവിധത്തിൽ പിരിച്ചെടുക്കുന്നില്ല. ഇതു കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാകേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെടാത്ത അനേകം ചിട്ടികൾ ഈ പഞ്ചായത്തിൽ നടത്തപ്പെടുന്നുണ്ട്. ഈ ചിട്ടികൾക്ക് പഞ്ചായത്തുതലത്തിൽ രജിസ്ട്രേഷൻ നൽകുവാനുള്ള സംവിധാനം നടപ്പിൽവരുത്തണം.

മനുഷ്യാദ്ധ്വാനം

ഏതൊരുപഞ്ചായത്തിന്റേയും ഏറ്റവും പ്രധാനപ്പെട്ട വിഭവം, മനുഷ്യവിഭവം തന്നെയാണ്. നമ്മുടെ പഞ്ചായത്തിലും മനുഷ്യവിഭവം ശരിയാംവണ്ണം പ്രയോജനപ്പെടുത്തുകയാണെങ്കിൽ ധാരാളം വികസന പദ്ധതികൾ മടപ്പിലാക്കുവാൻ സാധിയ്ക്കും.

ഓരോ വാർഡിലേയും, റോഡുകളുടെ പുനരുദ്ധാരണവും, പുതിയ റോഡുകളുടെ നിർമ്മാണവും ആ നാട്ടിലെ ജനങ്ങളുടെ സഹകരണത്തോടെ നടത്തുവാൻ സാധിയ്ക്കും. തൻമൂലം പഞ്ചായത്തിന്റെ പൊതുമരാമത്തു ചെലവുകൾ വളരെയധികമായി കുറയ്ക്കുവാൻ കഴിയും.

ഈ പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനങ്ങൾ, വിദ്യാലയങ്ങളുടെ വികസന പ്രവർത്തനങ്ങൾ, പൊതുജനപങ്കാളിത്തത്തോടെ നടത്തുകയാണെങ്കിൽ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കഴിയുമെന്നു മാത്രമല്ല ഇതിനുള്ള ചിലവുകൾ കുറയ്ക്കുവാനും കഴിയും. ഇതിനായി ഗ്രാമസഭകളുടെ നേതൃത്വത്തിൽ വിദ്യാ സമ്പന്നരെയുൾപ്പെടുത്തി വിദ്യാഭ്യാസ സമിതികൾ രൂപികരിക്കാവുന്നതാണ്. വിവിധ ബഹുജനസംഘടനകൾക്ക് സ്വാധീനമുള്ള മേഖലയാണ് നമ്മുടെ പഞ്ചായത്ത്. അതുകൊണ്ടുതന്നെ എല്ലാവിധ നിർമ്മാണ വികസനപ്രവർത്തനങ്ങളിലും ഈ സംഘടനകളുടെ പങ്കാളിത്തം വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും ചെയ്യും.

ടൂറിസം

ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ ജലനിരപ്പിൽ കിടക്കുന്ന അയ്യപ്പൻകോവിലിൽ നിന്നും, ഇടുക്കി ഡാം സൈറ്റിലേയ്ക്ക് ബോട്ടുകളിലും, വള്ളങ്ങളിലും, വിനോദ സഞ്ചാരം നടത്താൻ സാധിയ്ക്കും. ഇത് ടൂറിസ്റ്റുകളെ ആകർഷിപ്പിക്കുവാൻ പര്യാപ്തമാണ്. കൂടാതെ ഈ ജല മാർഗ്ഗത്തിന്റെ ഇരുവശങ്ങളിലുമായുള്ള നിബിഡ വനത്തിൽ കാണപ്പെടുന്ന അപൂർവ്വങ്ങളായ വന്യമൃഗങ്ങൾ, പക്ഷികൾ, മുതലായവ ടൂറിസ്റ്റുകൾക്ക് ഒരസുലഭക്കാഴ്ചയായിരിക്കും.

ഈ പഞ്ചായത്തിലെ സമുദ്രനിരപ്പിൽ നിന്നും 4800 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഏലമലയിൽ ട്രക്കിംഗിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ ടൂറിസ്റ്റുകളെ വൻതോതിൽ ആകർഷിപ്പിക്കുവാനും, അതുവഴി ഈ പ്രദേശത്തിന്റെ സാമ്പത്തികമായ വികസനം നേടുവാനും കഴിയും.

5.12

സംസ്ക്കാരം

അയ്യപ്പൻ കോവിൽ പഞ്ചായത്തിന് ദീർഘമായ ഒരു സാംസ്ക്കാരിക പൈതൃകം അവകാശപ്പെടുവാനില്ല എന്നു തന്നെ പറയാം, എങ്കിലും നൂറ്റാണ്ടുകൾ പഴക്കമുണ്ടെന്ന് അവകാശപ്പെടുന്ന ഒരു ശാസ്താ ക്ഷേത്രം ഈ പ്രദേശത്തുണ്ട്. അയ്യപ്പൻ കോവിൽ എന്ന സ്ഥലനാമം തന്നെ ഈ ക്ഷേത്രത്തോടനുബന്ധിച്ച് ലഭിച്ചതാണെന്ന് കരുതുന്നു.

മീനിച്ചിൽ താലൂക്ക്. ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ നിന്നും വന്ന ചെറുകിട കൃഷിക്കാരാണ് കാടിനേയും കാട്ടാനയേയും അതിജീവിച്ച് ഈ പ്രദേശം കീഴടക്കിയവർ. അവർക്കു മുമ്പേ ആദിവാസികളുടെ ഒരു ശേഖരം തന്നെ ഈ പ്രദേശത്തുണ്ടായിരുന്നു. ഇന്നും പഞ്ചായത്തിന്റെ അവിടവിടെങ്ങളിലായി ഇവർ സമൂഹമായി ജീവിക്കുന്നു.

കുടിയേറ്റക്കാരോടൊപ്പം അതാതു പ്രദേശങ്ങളിലെ സംസ്ക്കാരിക പാരമ്പര്യങ്ങളും ആചാര മര്യാദകളും അല്പ സ്വല്പം വ്യത്യാസത്തോടുകൂടി, അതേരീതിയിൽ തന്നെ ഈ പ്രദേശത്ത് നിലനിൽക്കുന്നു. ഈ സാംസ്ക്കാരിക പശ്ചാത്തലം ജനങ്ങളുടെ ചിന്തയേയും ജീവിതരീതികളെയും കുടുംബാന്തരീക്ഷത്തെയും നല്ലൊരളവ് സ്വാധീനിച്ചിട്ടുണ്ട്.

ക്രൈസ്തവ, ഹിന്ദു, മുസ്ലീം, വിഭാഗക്കാർ ഒന്നായി പരസ്പരം ഏകോദരസഹോദരങ്ങളെപ്പോലെ കഴിയുന്നതിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ് ഒരേ കോമ്പൗണ്ടിനുള്ളിലായി കാണപ്പെടുന്ന പള്ളികളും അമ്പലങ്ങളും

ക്രൈസ്തവ മതത്തോടനുബന്ധിച്ചുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ആദ്യമായി ഈ പ്രദേശത്ത് നിലവിൽ വന്നത്. ഇന്ന് ഗ്രാമ പഞ്ചായത്തിൽ നേഴ്സറി മുതൽ ഹൈസ്ക്കൂൾ തലം വരെ ഒമ്പതോളം വിദ്യാലയങ്ങളുണ്ട്.

ജനങ്ങളുടെ ഇടയിലെ ഭിന്നതകളും അന്ധവിശ്വാസങ്ങളും ഒരു പരിധിവരെ മാറ്റിയെടുക്കുന്നതിന് ഇളംതലമുറയ്ക്കു നൽകിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസം സഹായകമാകുന്നുണ്ട്.

മറ്റു സാംസ്ക്കാരിക മേഖലകളായ വായനശാല, T.V സെന്റർ , മുതലായവ എല്ലാ വാർഡുകളിലും ഇല്ല. അഞ്ച് വായനശാലകളും മൂന്നു ലൈബ്രറികളും മൂന്നു T.V കളും ജനങ്ങളുടെ മാനസികോല്ലാസത്തിനും നിലവാരവളർച്ചയ്ക്കുമായി സഹായിക്കുന്നുണ്ട്.

മൂന്ന് ദശാബ്ദങ്ങൾക്കു മുമ്പ് അയ്യപ്പൻകോവിലെ പ്രബുദ്ധരും പ്രഗത്ഭരുമായ കാലാകാരന്മാർ ഒത്തുചേർന്ന് രൂപംകൊടുത്ത മലനാടു പീപ്പിൾസ് ആർട്ട്സ് ക്ലബ് (M.P.A.C) പഞ്ചായത്തതിർത്തിയ്ക്കപ്പുറത്ത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തങ്ങളുടെ കഴിവും, മിഴിവും പ്രകടമാക്കിക്കൊണ്ട് ആയിരങ്ങളുടെ അംഗീകാരം ഏറ്റു വാങ്ങിയിരുന്ന ഈ നാടകഗ്രൂപ്പ് ഇവിടെ പ്രവർത്തിച്ചുവെന്നത് വിസ്മരിച്ചാൽ ഇവിടുത്തെ സ്സ്ക്കാരം ചരിത്രം പൂർത്തിയാവുകയില്ല. ആ സാംസ്കാരിക നായകൻമാരിന്നും ഇവിടെയുണ്ട്. അവരുടെ സേവനം ഈ ഇളം തലമുറയ്ക്ക് ലഭിയ്ക്കുകയാണെങ്കിൽ സമൂഹമദ്ധ്യത്തിൽ അന്നവർ ചോദ്യംചെയ്തതും വീണ്ടെടുത്തതുമായ പല നല്ല മൂല്യങ്ങളും ഇന്നിന്റേതായ രീതിയിൽ വെളിച്ചം കാണുകയില്ലെന്നാരറിഞ്ഞു.

പഞ്ചായത്തിൽ ആറ് ആർട്ട്സ്& സ്പോർട്ട്സ് സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എടുത്തുപറയാവുന്ന നേട്ടങ്ങൾ ഈ സമിതികൾ കൈവരിച്ചിട്ടില്ല. ഇവരുടെ പ്രവർത്തനങ്ങൾ ഏകീകരിച്ച് വിജയത്തിലെത്തിയ്ക്കുന്നതിന് പഞ്ചായത്തധികൃതർ തല്പരരാണ്.

യുവതലമുറയുടെ കായികവളർച്ചയെ ഉന്നം വെച്ച് ഏകദേശം 12 ലക്ഷം രൂപാ മുടക്കി ഒരു സ്റ്റേഡിയം ഹൈസ്ക്കൂളിനോടനുബന്ധിച്ച് രൂപപ്പെട്ടുക്കൊണ്ടിരിക്കുന്നു. കൂടാതെ വാർഡുകളിൽ അവിടവിടങ്ങളിലായി ചെറിയ കളിസ്ഥലങ്ങളുമുണ്ട്.

വികാസ്യോജന, മലനാട് ഡെവലപ്മെന്റ് സൊസൈറ്റി P.D.S മാതൃദീപ്തി, യുവദീപ്തി, S.N.D.P യൂത്ത്മൂവ്മെന്റ്, സുന്നി യുവജനസംഘം, H.Y.M.A വിൻസെന്റ് ഡിപോൾ, വനിതാവേദി, മുതലായ നിരവധി സംഘടനകൾ സാംസ്ക്കാരിക നവോത്ഥാനത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

സാംസ്ക്കാരിക രംഗത്ത് മുൻപന്തിയിൽ പ്രവർത്തിക്കുന്ന 2 സിനിമാ തീയേറ്ററുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്നുള്ളത് അഭിമാനാർഹമായ സംഗതിയാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആവിശ്യത്തിനുവേണ്ട സാംസ്ക്കാരിക കേന്ദ്രങ്ങളോ, വായനശാലകളോ ഇല്ല.

2. വനിതകൾക്കു മാത്രമായി ഗ്രന്ഥശാലകളോ, സാംസ്ക്കാരിക കേന്ദ്രങ്ങളോ ഇല്ലാത്തതിനാൽ സാംസ്ക്കാരികവും കലാപരവും, കായികവുമായ കഴിവുകൾ വികസിപ്പിക്കുവാൻ വനിതകൾക്ക് കഴിയുന്നില്ല.

3. നവസാക്ഷരരും, നിരക്ഷരരുമായ ആളുകൾക്കു വേണ്ടിയുള്ള വിദ്യാകേന്ദ്രങ്ങൾ ഇല്ല.

4.സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ പഞ്ചായത്തിന് കഴിയാതെ പോകുന്നു.

5. പുതിയ തലമുറയെ കലാകായികരംഗത്തേയ്ക്ക് ആകർഷിക്കുവാൻ കഴിയുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളും പരിഹാരങ്ങളും പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ജനങ്ങൾക്ക് കലാപരമായും കായികമായും വളരെയധികം പ്രയോജനം ലഭിക്കും

നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. പഞ്ചായത്തിലുള്ള അംഗനവാടികളോടനുബന്ധിച്ച് ആനുകാലിക പ്രസിദ്ദീകരണങ്ങളും, പുസ്തകങ്ങളും വനിതകൾക്കു മാത്രമായി വിനിയോഗിക്കുവാനുള്ള അവസരം ഉണ്ടാക്കുക.

2. കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുക.

3. പഞ്ചായത്തിലുള്ള സാമുദായിക, സാമൂഹിക സന്നദ്ധ സംഘടനകളുടെ സേവനം കലാകായികരംഗങ്ങളിൽ പരാമാവധി വിനിയോഗിക്കുവാനുള്ള നടപടി കൈകൊള്ളുക.

പഞ്ചായത്ത് തലത്തിൽ നടത്തപ്പെടുന്ന കേരളോത്സവം മുതലായ പരിപാടികളിൽ ആളുകളുടെ പങ്കാളിത്വം കൂടുതൽ ഉറപ്പുവരുത്തുകയും അവർക്കു വേണ്ട പ്രോത്സാഹനം നല്കുകയും ആയതിലേയ്ക്കു വരുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുകയും ചെയ്യുക.

വളരെ വിസ്തൃതവും വിശാലവുമായ അയ്യപ്പൻകോവിൽ പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയിലേയ്ക്കുള്ള കുതിച്ചു ചാട്ടം അഞ്ചുവർഷം കൊണ്ട് കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കുവാൻ നമുക്കു സാധിക്കും. സാംസ്ക്കാരിക വളർച്ചയ്ക്ക് വിഘാതം നില്ക്കുന്ന ശക്തിഘടകങ്ങളെ ചെറുത്തു തോല്പിക്കാനും, ജനപങ്കാളിത്തം ഉറപ്പു വരുത്തുവാനും കഴിഞ്ഞതിൽ സാംസ്ക്കാരിക കേരളത്തിന് ഒരു പൊൻതൂവൽ അർപ്പിക്കുവാൻ അയ്യപ്പൻകോവിൽ പഞ്ചായത്തിനു സാധിക്കും.

5.13

ടൂറിസം

മലകളും താഴ്വരകളും കൊണ്ട് പ്രകൃതിരമണീയമായ ഈ പഞ്ചായത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുമെന്നതിൽ സംശയിക്കേണ്ടതില്ല. എല്ലാവിധ പുഷ്പലതാദികളും സമൃദ്ധമായി വളരുന്ന ഈ പഞ്ചായത്തിൽ പൂന്തോട്ട നിർമ്മാണത്തിന് വളരെയേറെ സാധ്യതകളാണുള്ളത്. 10 കിലോമീറ്ററോളം നീളം വരുന്ന പ്രകൃതിരമണീയമായ പെരിയാറിന്റെ തീരപ്രദേശങ്ങളിൽ പാർക്കുകൾ നിർമ്മിക്കാവുന്നതാണ്.

ചരിത്രപ്രാധാന്യമർഹിക്കുന്ന 1300 -ൽ അധികം വർഷം പഴക്കമുള്ള അഞ്ചു ശാസ്താക്കളിൽ ഒരാളായ അയ്യപ്പൻകോവിൽ ശാസ്താവിന്റെ ക്ഷേത്രം ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രത്തിൽ അനേകം തുരങ്കങ്ങളും ഉള്ളതാണ് ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ജലനിരപ്പിൽക്കിടക്കുന്ന ഇവിടെനിന്നും ഇടുക്കി ഡാം സൈറ്റിലേയ്ക്ക് ബോട്ടുകളിലും വള്ളങ്ങളിലും വിനോദസഞ്ചാരം നടത്താം. 12 കിലോ മീറ്ററോളം ഇരുവശങ്ങളും നിബിഡ വനങ്ങളാണ്. വന്യമൃഗങ്ങളായ ആന, കടുവ, പുലി, മ്ലാവ്, കാട്ടുപോത്ത്, മാൻ വർഗ്ഗത്തിൽപ്പെട്ട കൂരൻ, വെരിക്, കേഴ വിവിധയിനം പക്ഷികൾ എന്നിവയുടെ വിഹാരകേന്ദ്രമായ ഈ നിബിഡ വനങ്ങൾ ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ വൃഷ്ടിപ്രദേശമായ അയ്യപ്പൻകോവിൽ മുതൽ ഇടുക്കി വരെ നീണ്ടുക്കിടക്കുന്നു. ചരിത്രപ്രാധാന്യമർഹിക്കുന്ന ഏലമലകളുടെ ഏറ്റവും ഉയർന്ന ഭാഗം സ്ഥിതിചെയ്യുന്നത് അയ്യപ്പൻകോവിൽ പഞ്ചായത്തിലാണ്. സമുദ്രനിരപ്പിൽ നിന്നും 4300 അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം കേരളത്തിലെ രണ്ടാമത്തെ ഏറ്റവും ഉയർന്ന സ്ഥലമാണ്. ഈ മലയിലേയ്ക്ക് പുല്ലുമേട്ടിൽ നിന്നും ട്രക്കിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ ടൂറിസ്റ്റുകളെ സംബന്ധിച്ച് ഏറ്റവും നല്ല സാഹസോൻമഹമായ അനുഭൂതിയായിരിക്കും ഏലമലയിലെ ഉദ്യാനാശ്രമവും പാർക്ക്ലാൻറ് എസ്റ്റേറ്റും നയനാനന്ദകരമായ പ്രദേശങ്ങളാണ്. പച്ചപ്പുൽമേടുകളും, മൊട്ടക്കുന്നുകളും ഹരിതാഭയമാർന്ന താഴ്വരകളും ഈ സംഘത്തിന്റെ പ്രത്യേകതകളാണ്. 1500 ഏക്കറോളം വരുന്ന തേയിലത്തോട്ടങ്ങളും 3000 - ത്തിലധികം ഏക്കറിൽ കാപ്പിത്തോട്ടവും, ഏലക്കാടുകളും വിനോദ സഞ്ചാരികളെ ഹഠാദാകർഷിക്കുന്ന ദൃശ്യങ്ങളാണ്.

അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്തിനെ ഒരു സമഗ്ര ടൂറിസ്റ്റു മേഖലയാക്കി തിർക്കാൻ വേണ്ട ചില നിർദ്ദേശങ്ങൾ:

1. ടൂറിസം മാപ്പിൽ അയ്യപ്പൻകോവിൽ പഞ്ചായത്തിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തുക.

2. അയ്യപ്പൻകോവിലിൽ നിന്നും ഇടുക്കി ജലാശയത്തിലൂടെ ടൂറിസ്റ്റുകൾക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുക.

3. കാലുകൊണ്ട് പ്രവർത്തിക്കുന്നതും രണ്ടോ, നാലോ ആളുകൾക്ക് സഞ്ചരിക്കാവുന്നതുമായ ഉല്ലാസ നൗകകൾ അയ്യപ്പൻകോവിൽ പഞ്ചായത്തിൽ പെട്ട ഇടുക്കി ജലാശയത്തിലേർപ്പെടുത്തുക.

4. എറണാകുളത്തുനിന്നും തേക്കടിയിലേയ്ക്ക് എളുപ്പമാർഗ്ഗമായി ഉപയോഗിക്കാവുന്ന പുല്ലുമേട്ടിലൂടെ കടന്നു പോകുന്ന മേരികുളം ആനവിലാസം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

5. ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനു വേണ്ടി ടൂറിസം വകുപ്പിന്റെ റിസോർട്ടുകൾ, ഹാട്ടലുകൾ, ബിയർപാർലറുകൾ എന്നിവ അയ്യപ്പൻ കോവിൽ പഞ്ചായത്തിൽ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു വേണ്ടി ജലാശയത്തിൽ ഒറ്റപ്പെട്ടു നിൽക്കുന്ന തുരുത്തുകളിൽ വിശ്രമ സങ്കേതങ്ങളും പൂന്തോട്ടങ്ങളും നിർമ്മിക്കുക.

7.ചിലവു കുറഞ്ഞതും വരുമാനം കൂടുതലുള്ളതുമായ ഒരു വ്യവസായമാണ് ടൂറിസം. നാടിന്റെ പുരോഗതിയ്ക്ക് ഉതകുന്ന രീതിയിൽ ഗ്രാമസഭയിൽ ഉയ2ന്നു വന്ന ആശയങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ വിനോദസഞ്ചാര സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയാണെങ്കിൽ അതുവഴി സാമ്പത്തിക പുരോഗതിയും കേരളത്തിന്റെ വിനോദ സഞ്ചാര ടൂറിസം മാപ്പിൽ അയ്യപ്പൻകോവിലിന് സമുന്നതസ്ഥാനം കിട്ടുമെന്നതിന് യാതൊരു സംശയവുമില്ല

ഉപസംഹാരം


സ്വാതന്ത്ര്യ പ്രാപ്തിയുടെ 500-ാം വാർഷികം ആഘോഷിക്കുമ്പോൾ ജനങ്ങളുടെ പദ്ധതികൾ ജനങ്ങൾത്തന്നെ രൂപികരിച്ച് നടപ്പാക്കുന്ന ഗ്രാമീണ ആസൂത്രണത്തിലേയ്ക്ക് നാം കടന്നു വരികയാണ്. ജനകീയ ആസൂത്രണവുമായി സഹകരിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇനി പദ്ധതികൾ രൂപപ്പെടുത്തുന്നതിലും തുടർന്ന് പദ്ധതികൾ നടപ്പാക്കുന്നതിലും എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. പലകാര്യങ്ങളും ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സമയബന്ധിതമായിരുന്നതിനാൽ പെട്ടെന്ന് ഈ വികസന രേഖകൾ തയ്യാറാക്കേണ്ടി വന്നു. വന്നിട്ടുള്ള കുറവുകൾ ക്ഷമിയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിട്ടുപോയിട്ടുള്ള കാര്യങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ വികസന സെമിനാറിൽ ചർച്ചചെയ്ത് ഇതിന്റെ അനുബന്ധത്തിൽ ചേർക്കാം. ഈ വികസന രേഖ നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര പുരോഗതിയ്ക്ക് കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇൻഡ്യയുടെ വികസനം ഗ്രാമങ്ങളുടെ വികസനത്തിലൂടെ സാദ്ധ്യമാകുയെന്ന് കണ്ടെത്തിയ രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്മരണയ്ക്കു മുമ്പിൽ ആദരാജ്ഞലികളർപ്പിച്ചു കൊണ്ട് ഈ വികസന രേഖ നിങ്ങളുടെ സജീവ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

K.J. കുട്ടിയച്ചൻ

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത്



Yamuna Press, Kottayam. Phone : 578410, 572632